പുസ്തകം 73
ലക്കം 8
ആഗസ്റ്റ് 2004
സുഹൂർ 1383
ജ. ആഖിർ - റജബ് 1425

**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 2721609**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** ***റസൂൽ തിരുമേനി (സ) യെപ്പറ്റി വാഗ്ദത്ത മസീഹ് (അ)***

**8** ***ഈസാ നബി (അ) യുടെ പിതൃരഹിത ജനനം: ഖുർആൻ നൽകുന്ന ശാസ്ത്രീയ സൂചന***
മൂസാ ഖുറൈശി

**13** ***അതിജയിച്ചു നിൽക്കുന്ന ദൈവ കാരുണ്യം***
മഹ്മൂദ്, കൽക്കുളം

**15** ***വ്യാപാരവും ബാങ്കിങ്ങും***
ഏ. എം. മുഹമ്മദ് സലീം

**19** ***ദൈവവിധി***
ഖാലിദ് ശഫീയുല്ലാഹ്

**22** ***കോഡക്സ് സിനായിറ്റിക്കസ്***
നവിദാ ശാഹിദ്

**26** ***ക്രിസ്തുമതത്തിന്റെ പരിണാമം***
മിർസാ ത്വാഹിർ അഹ്മദ്

**28** ***ബർണബാസിന്റെ സുവിശേഷം***
സൈഫുദ്ദീൻ എം. ഭഗത്

**34** ***അവരുടെ ഉറക്കം ആയിരം കൊല്ലമായിരുന്നു***
ഏ. പി. കുഞ്ഞാമു

പ്രതികരണം

**30** ***അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും കാന്തപുരം സുന്നികളും***
കെ. എം. അഹ്മദ് കോയ

കുറിപ്പുകൾ
വാർത്തകൾ, അനുസ്മരണം,


**മുഖചിത്രം : സെൽജുക്ക് തുർക്കികൾ പണിത ഒരു മതപാഠശാലയുടെ മിനാരം**

**ഹിജ്റ 670/ ഏ. ഡി. 1271**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്

പറയുക, അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു സർവ്വാധിനാഥനാണ്. അവൻ സന്താനോല്പാദനം നടത്തിയിട്ടില്ല. അവൻ ഉത്പാദിപ്പിക്കപ്പെട്ടിട്ടുമില്ല. അവനു സമനായി ആരും തന്നെയില്ല. (112:1-5)

## നബിവചനം

തിരുനബി (സ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. 'അല്ലാഹുവേ, നീയല്ലാതെ ഒരു ദൈവവുമില്ലതന്നെ. നിന്റെ പ്രതാപത്തെ ഞാനിതാ അഭയം പ്രാപിച്ചുകൊള്ളുന്നു. നീ മരണമടയുകയില്ല. ജിന്നും ഇൻസുമെല്ലാം മരണമടയുക തന്നെ ചെയ്യും.

(ബുഖാരി)



# ദൈവത്തെ മാത്രം ആരാധിക്കുക

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ദൈവത്തെ ഭയപ്പെട്ടു ധർമ്മത്തെ ആചരിക്കുവിൻ. സൃഷ്ടികളെ പൂജിക്കാതെ ഭൗമികമായുള്ള ബന്ധങ്ങളെയെല്ലാം അകറ്റി പൂർണ്ണമായും നിങ്ങൾ ദൈവ ഭക്തിയിൽ ലയിക്കുവിൻ. നിങ്ങളുടെ ആനന്ദം ഈ ലോകത്തിൽ ആയിരിക്കരുത്. ദൈവത്തെ മാത്രം സേവിക്കുവിൻ. നിങ്ങളുടെ ജീവിതത്തെ അവന്റെ സേവനത്തിനായി വിനിയോഗിക്കുവിൻ . ദൈവത്തിനു വേണ്ടി എല്ലാത്തരം അശുദ്ധതയേയും അകറ്റുവിൻ. കാരണം നിങ്ങളുടെ ദൈവം പരിശുദ്ധനാകുന്നു. രാത്രി മുഴുവൻ ധാർമ്മികാവസ്ഥയിൽ കഴിഞ്ഞുകൂടി എന്നു ഓരോ പ്രഭാതവും നിങ്ങൾക്ക് സാക്ഷ്യം വഹിക്കട്ടെ, പകൽ മുഴുവൻ നിങ്ങൾ ദൈവഭയത്തിൽ കഴിച്ചുകൂട്ടി എന്നു ഓരോ സായാഹ്നവും നിങ്ങൾക്ക് സാക്ഷി പറയട്ടെ.

*(കിശ്തീനൂഹ്)*

മുഖക്കുറിപ്പ്

# യേശുക്രിസ്തുവിന്റെ ജനനപ്രശ്നം

യേശു ക്രിസ്തുവിന്റെ അഥവാ ഈസാനബി (അ) യുടെ പിതൃരഹിത ജനനം ക്രിസ്ത്യാനികളെയും മുസ്‌ലിംകളെയും ഒരുപോലെ അത്ഭുത സ്തബ്ധരാക്കുന്നു. അതിശയത്തിന്റെ ഈ ആധിയിലാണ് അവരുടെ പല അന്ധവിശ്വാസങ്ങളും പടുത്തുയർത്തിയിരിക്കുന്നത്. ക്രിസ്ത്യാനികൾ കന്യാമറിയത്തിൽ നടന്ന ഈ 'അമലോൽഭവ'ത്തിന്റെ പിതൃത്വം ബ്രഹ്മാണ്ഡ കടാഹം മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവം തമ്പുരാനിൽ ആരോപിക്കുന്നു. മുസ്‌ലിംകളാവട്ടെ, ഈസാ നബി (അ) യുടെ ആകാശവാസം തൊട്ട് അദ്ദേഹം നിർവ്വഹിച്ച അനേകം അത്ഭുത കൃത്യങ്ങൾക്ക് ന്യായീകരണമായി ഈ അത്ഭുത ജനനത്തെ കാണുന്നു. വാസ്തവത്തിൽ അങ്ങേയറ്റം പരിശുദ്ധയും ചാരിത്രവതിയുമായ കന്യാമറിയത്തിൽ നടന്ന പ്രതിഭാസമെന്താണ്? പാശ്ചാത്യ ക്രൈസ്തവ രാജ്യങ്ങൾ മനുഷ്യനെ വരെ ക്ലോണിങ്ങിലൂടെ സൃഷ്ടിക്കുമെന്ന് അവകാശപ്പെടുന്ന ഇക്കാലത്ത് എന്തുകൊണ്ട് രണ്ടായിരം വർഷം മുമ്പ് കന്യാമറിയം യേശുവിനെ ഗർഭം ധരിച്ചതിനെക്കുറിച്ച് ഒരു ശാസ്ത്രീയന്വേഷണത്തിന് മുതിരുന്നില്ല. യേശുവിന്റെ മിത്തുകളിൽ പടുത്തുയർത്തിയ ക്രിസ്തുസഭ എന്ന എസ്റ്റാബ്ലിഷ്മെന്റിന്റെ അടിത്തറ തകർന്നുപോകും എന്ന ഭയമല്ലാതെ മറ്റൊരു തടസ്സവും ഇക്കാര്യത്തിലില്ല . ഇൻക്വിസിഷന്റെയും മതവിചാരണ കോടതികളുടെയും ഭീതിയില്ലാത്ത ഇക്കാലത്ത് ഇത്തരം സമസ്യകളുടെ നിർദ്ധാരണം ശാസ്ത്രമാണ് നിർവ്വഹിക്കേണ്ടത്. അന്ധവിശ്വാസം കൊണ്ട് അതിനെ പൂരിപ്പിക്കാൻ ശ്രമിക്കുന്നത് സത്യവിരുദ്ധമാണ്.

ഗർഭധാരണ വൈചിത്ര്യങ്ങളെപ്പറ്റി പല അത്ഭുത സംഭവങ്ങളും നാം വായിക്കുന്നു. സ്ത്രീയുടെ അണ്ഡവും പുരുഷന്റെ ബീജവും ഒരേ ശരീരത്തിൽ തന്നെ ഉത്പാദിപ്പിക്കപ്പെടുന്ന അസാധാരണ ജൈവശാസ്ത്ര പ്രതിഭാസങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായും ശാസ്ത്രലോകം അതു ശരിവെച്ചതായുമുള്ള പല വാർത്തകളും നാം കേൾക്കുന്നു. ഉഭയലിംഗത്വം (Hermaphroditism) പാർഥെനോജെനസിസ് (Parthenogenesis) എന്നീ പ്രതിഭാസങ്ങൾ ഉയർന്ന സസ്തനിയായ മനുഷ്യനിലും അസാധാരണ പരിത:സ്ഥിതിയിൽ സംഭവിക്കുന്നതിനെ ശാസ്ത്രം നിഷേധിക്കുന്നില്ല. അങ്ങനെയും ചില സംഭവങ്ങൾ വൈദ്യശാസ്ത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പല സസ്തനികളിലും അത്തരം ഗർഭധാരണം ശാസ്ത്രീയമായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

ഇത്തരത്തിൽ ഒരു സ്ത്രീ, പുരുഷ സംസർഗ്ഗമില്ലാതെ സ്വയം ഗർഭം ധരിച്ചാൽ അവൾ വിവാഹിതയാണെങ്കിൽ അത് പ്രസ്തുത ജൈവ പ്രതിഭാസമാണോ എന്ന കാര്യം ശ്രദ്ധിക്കപ്പെടാതെ പോവുന്നു. ശ്രദ്ധിക്കപ്പെട്ടാൽ തന്നെ അപവാദം ഭയന്ന് ഒരു സ്ത്രീയും അത് പുറത്തറിയിക്കാനും പോകുന്നില്ല. അങ്ങനെ രഹസ്യത്തിന്റെ മറയ്ക്കുള്ളിൽ ഈയൊരു പ്രതിഭാസം സംഭവിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല എന്നു ചില ശാസ്ത്ര വിശാരദന്മാർ തന്നെ വിലയിരുത്തുന്നു. പ്രകൃതി നിയമമനുസരിച്ചു തന്നെയുള്ള ഇത്തരം ഒരു പ്രതിഭാസമായിരിക്കില്ലേ കന്യാമറിയത്തിലും സംഭവിച്ചിരിക്കുക?! അത്ഭുതകരമെന്നു പറയട്ടെ, വിശുദ്ധഖുർആൻ ഈയൊരു സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

■

ലേഖനം

# റസൂൽ തിരുമേനി(സ) യെപ്പറ്റി വാഗ്ദത്ത മസീഹ് (അ)

**മാനുഷതയുടെയും അദ്ധ്യാത്മികതയുടെയും പാരമ്യം കണ്ട റസൂൽതിരുമേനി (സ) യാണ് മനുഷ്യകുലത്തിന്റെ മാതൃകാ പുരുഷൻ. അവിടുത്തെപ്പറ്റി വിനീത ശിഷ്യനായ വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ് (അ)**

“ഹസ്റത്ത് മുഹമ്മദു മുസ്തഫാ (സ) തിരുമേനി തന്റെ ആത്മ ശുദ്ധിയും കുലീനതയും വിശാലമനസ്കതയും ചാരിത്ര്യവും സത്യസന്ധതയും അർപ്പണമനോഭാവവും ദൈവാനുരക്തിയും കാരണം ഏറ്റവും ശ്രേഷ്ഠവും ഉന്നതവും പരിപൂർണവും പരിശുദ്ധവും പ്രകാശിതവും ആയ മഹൽസ്ഥാനം അലങ്കരിച്ചിരുന്നു. തന്മൂലം അല്ലാഹു അദ്ദേഹത്തെ പരിപൂർണതയുടെ അതുല്യപരിമളം കൊണ്ടനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തെയും മനസ്സിനെയും തന്റെ മുൻഗാമികളെയും പിൻഗാമികളെയും അപേക്ഷിച്ച് വളരെ വിശാലവും പരിശുദ്ധവും നിഷ്കളങ്കവും സ്നേഹസമ്പൂർണവും ആക്കിത്തീർത്തു. തൽഫലമായി മറ്റാർക്കും ലഭ്യമാകാത്ത പരിപൂർണവും സുശക്തവുമായ ദൈവിക ഭാഷണം കൊണ്ടദ്ദേഹം ധന്യനായി. ദൈവികഗുണങ്ങൾ വളരെ സ്ഫുടമായും സ്പഷ്ടമായും തെളിഞ്ഞു കാണത്തക്കരീതിയിൽ സ്ഫടികസമാനമായ ഒരു ഹൃദയം അദ്ദേഹത്തിന്നു നൽകപ്പെട്ടു. അങ്ങനെ വിശുദ്ധ ഖുർആനിൽ കാണപ്പെടുന്ന ദൈവികപ്രഭയുടെ സുശക്തമായ കിരണങ്ങൾ മൂലം എല്ലാ പൂർവിക ഗ്രന്ഥങ്ങൾക്കും മങ്ങലേല്ക്കുകയുണ്ടായി.”

(സുർമ ചശ്മയെ ആര്യ പേജ് 23)

### മുഹമ്മദുനബിയും പരിശുദ്ധാത്മാവും

“ഈ മൗലവിമാർ ആവർത്തിച്ചാവർത്തിച്ച് ഹസ്റത്ത് ഈസാനബിക്ക് മഹത്വം കല്പിക്കുകയും സയ്യിദുനാ വ മൗലാനാ ഹസ്റത്ത് മുഹമ്മദുനബിയെ അവമതിച്ചുകൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. പരിതാപകരമെന്നുപറയട്ടെ, ഹസ്റത്ത് മസീഹി നാസിരിയെ പരിശുദ്ധാത്മാവ് (റൂഹുൽ ഖുദ്സ്) ഒരിക്കലും വിട്ടുപിരിഞ്ഞിട്ടില്ലെന്നും അദ്ദേഹം സാത്താന്റെ തീണ്ടലിൽ നിന്നും സുരക്ഷിതനായിരുന്നെന്നും ഈ രണ്ടു സവിശേഷതകളും അദ്ദേഹത്തിനുമാത്രം സ്വന്തമായിരുന്നെന്നും ഇവർ പറയുന്നു. അതോടൊപ്പം റസൂൽ തിരുമേനിയോടൊപ്പം പരിശുദ്ധാത്മാവ് എപ്പോഴും കൂടെയുണ്ടായിരുന്നില്ലെന്നും തിരുമേനി ശൈത്താന്റെ തീണ്ടലിൽ നിന്നും രക്ഷപ്പെട്ടിരുന്നില്ലെന്നുകൂടി ഇവർ വിശ്വസിക്കുന്നു. എന്നിട്ടും ഇക്കൂട്ടർ മുസ്ലിംകളാണെന്നു അഭിമാനിക്കുന്നു. ഇവരുടെ ദൃഷ്ടിയിൽ ഹ.റസൂൽ തിരുമേനി (സ) മരിച്ചുപോവുകയും ഈസാനബി (അ) ഇന്നും ജീവിച്ചിരിക്കുകയുമാണ്. ഈസാ നബിയുടെ കൂടെ പരിശുദ്ധാത്മാവ് സന്തതസഹചാരിയായിരുന്നുവത്രെ. എന്നാൽ റസൂൽ തിരുമേനിയുടെ കൂടെ എപ്പോഴും ഉണ്ടായിരുന്നില്ലതാനും. ഈസാനബി ശൈത്താന്റെ തീണ്ടലിൽ നിന്നും സുരക്ഷിതനായിരുന്നെങ്കിലും റസൂൽ തിരുമേനി സുരക്ഷിതനായിരുന്നില്ലപോൽ. ഇത്തരം വിശ്വാസം വെച്ചുപുലർത്തുന്നവരിൽ നിന്നും ഇസ്ലാമിനുണ്ടായ നഷ്ടം സങ്കല്പിക്കാൻ കൂടി സാധിക്കാത്തത്രയാണ്. ഇവരാകുന്നു റസൂൽ തിരുമേനിയുടെ ഗുപ്തശത്രുക്കൾ. ഇവരിൽ നിന്നും വിട്ടുനില്ക്കേണ്ടതു റസൂലുല്ലാഹ്(സ)യെ സത്യഹൃദയത്തോടുകൂടി സ്നേഹിക്കുന്ന ഓരോ മുസൽമാന്റെയും കടമയാണ്. ഇക്കൂട്ടർ മൺമറഞ്ഞ മഹാത്മാക്കളുടെ (സഫലുസ്സാലിഹീങ്ങളുടെ) അഭിപ്രായങ്ങളെ വളച്ചൊടിച്ചു തിരസ്കൃതമായ തങ്ങളുടെ വിശ്വാസങ്ങളോടു താരതമ്യപ്പെടുത്തുവാൻ ശ്രമിക്കുന്നു. ആ പുണ്യവാന്മാരുടെ അഭിപ്രായങ്ങളെ ശരിക്കും ഗ്രഹിക്കുവാനോ നബിവചനങ്ങളുടെ യഥാർഥ തത്വം മനസ്സിലാക്കുവാനോ ഉള്ള അറിവും അവർക്കില്ല. തങ്ങളുടെ വിശ്വാസം പൂർവികരായ മഹാത്മാക്കളുടെ വിശ്വാസം തന്നെയാ

ന്നവൻ എന്നും വിശേഷിപ്പിച്ചിരിക്കെ വിശുദ്ധ ഖുർആനിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന ആർക്കെങ്കിലും തിരുമേനിയുടെ മഹത്വത്തെക്കുറിച്ചാക്ഷേപിക്കാൻ എന്തെങ്കിലും പഴുതുണ്ടോ എന്നു ചിന്തിക്കേണ്ടതാണ്. അല്ലാഹു പ്രസ്തുത വചനങ്ങളിലൂടെ അത്യുന്നതവും മഹത്വമാർന്നതുമായ അതുല്യപദവി നല്കി ഇസ്ലാമിനെ അനുഗ്രഹിച്ചിരിക്കുകയാണ്.

തുടർന്നുള്ള ആയത്തുകളുടെ തർജമ ഇതാണ്:

(അല്ലാഹു തന്റെ റസൂലിനോട് ഇപ്രകാരം കല്പിക്കുന്നു): എന്റെ പാത നേരായ പാതയാണ്. പ്രസ്തുത പാത പിന്തുടരുക. മറ്റു പാതകൾ പിൻപറ്റരുത്. അവ നിങ്ങളെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും ദൂരപ്പെടുത്തും. (6:154)

നീ അവരോടു പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. അതായത് എന്റെ വഴിയിൽ ചരിച്ചുകൊണ്ടു ഇസ്ലാമിന്റെ യാഥാർഥ്യം സ്വായത്തമാക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കുകയും നിങ്ങളുടെ പാപം പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു പൊറുത്തുതരുന്നവനും കാരുണ്യവാരിധിയും ആണ്. (3:32).

നീ പറയുക: എന്റെ അസ്തിത്വവും നിലനിൽപ്പും അല്ലാഹുവിന്നു പരിപൂർണമായും അർപ്പണം ചെയ്യുവാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു. (3:21)

"റബ്ബുൽ ആലമീനായ അല്ലാഹുവിൽ അർപ്പണം ചെയ്തുകൊണ്ട് സ്വയം ഖാദിമുൽ ആലമീൻ ആയിത്തീരാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ എന്നെത്തന്നെയും എന്റെ സ്വന്തമായിട്ടുള്ളതെല്ലാം തന്നെയും അല്ലാഹുവിൽ – അവന്റെ വഴിയിൽ ഭരമേല്പിച്ചിരിക്കുന്നു. ഇപ്പോൾ എന്റേതായിട്ടൊന്നും തന്നെ ഇല്ല. എന്റെതെല്ലാം അവന്റെതായിത്തീർന്നിരിക്കുന്നു".

(ആയിനയെ കമാലാത്തെ ഇസ്ലാം

*(ശേഷം 12 -ാം പേജിൽ)*

താണ്, അവന്റെ വഴിയിൽ ഉള്ളതാണ്. അവന്നു ഒരു പങ്കാളിയും ഇല്ലതന്നെ. ഞാൻ അവ്വലുൽ മുസ്ലിമീൻ ആകേണമെന്ന് കല്പിക്കപ്പെട്ടിരിക്കുകയാണ്.' അതായത് ലോകാരംഭം മുതൽ ലോകാവസാനം വരെ അല്ലാഹുവിൽ പരിപൂർണ്ണമായും അർപ്പണം ചെയ്തുകൊണ്ടുള്ള ഏറ്റവും മഹോന്നതമായ സ്ഥാനം അലങ്കരിക്കുന്ന എന്നെപ്പോലുള്ള ഒരി പരിപൂർണ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും അവനെ തിരിച്ചേല്പിക്കുന്നവൻ ആയിട്ടു മറ്റാരും ഉണ്ടാകാൻ പാടില്ല.

നബിതിരുമേനിക്കു മറ്റു പ്രവാചകന്മാരെ അപേക്ഷിച്ച് ഒരു ശ്രേഷ്ഠതയും സ്ഥാപിതമല്ല എന്നു വാദിക്കുന്ന അറിവില്ലാത്ത ഏകത്വവാദികൾക്ക് ഈ ദൈവവചനം ഒരു മറുപടിയാണ്. തനിക്ക് യുനുസ്ബിനു മത്തായിയേക്കാൾ ഒരു ശ്രേഷ്ഠതയും കല്പിക്കരുതെന്ന് റസൂ ൽ തിരുമേനി (സ) വിലക്കിയിരുന്നു എന്ന ദുർബലമായ ചില ഹദീസുകൾ കാണിച്ചുകൊണ്ടാണ് ഇക്കൂട്ടർ അതു പറയുന്നത്. പ്രസ്തുത ഹദീസ് സഹീഹായതാണെങ്കിൽത്തന്നെ ഇത് റസൂൽ തിരുമേനി എന്നെന്നും അനുവർത്തിച്ചുവന്നിരുന്ന വിനയം, എളിമ എന്നീ ഗുണങ്ങളുടെ ഒരു ബഹിർപ്രകടനം മാത്രമാണെന്ന് ഈ മൂഢന്മാർ മനസ്സിലാക്കുന്നില്ല. ഓരോന്നിനും ഓരോ സന്ദർഭവും അവസരവും ഉണ്ട്. സാത്വികനായ ഒരാൾ വിനയപുരസ്സരം താനെഴുതിയ ഒരു ലിഖിതത്തിന്നടിയിൽ ദൈവത്തിന്റെ ഏറ്റവും എളിയ ദാസൻ എന്നെഴുതുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അടിയാറുകളിൽ വെച്ച് – അവർ നാസ്തികരോ ദുർന്നടപ്പുകാരോ ആകട്ടെ – ഏറ്റവും താഴേക്കിടയിലുള്ള ആളാണെന്നു പറയുന്നത് എത്രമാത്രം മണ്ടത്തരവും ഭോഷത്തവും ആണ്. ഈ കാര്യം കൂലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. അല്ലാഹു പരമപരിശുദ്ധനായ നബി(സ) തിരുമേനിയുടെ തിരുനാമം അവ്വലുൽ മുസ്ലിമീൻ എന്നും തന്റെ അനുസാരികളായ ദാസന്മാരുടെ നായകൻ എന്നും സർവരെക്കാളും പ്രഥമനായി തന്റെ അമാനത്തുകൾ തിരിച്ചേൽപിക്കു

ണെന്നു പറഞ്ഞുകൊണ്ട് ഇവർ വഞ്ചനയുടെ വഴി സ്വായത്തമാക്കിയിരിക്കുകയാണ്."

(ആയിനയെ കമാലാത്തെ ഇസ്ലാം പേജ് 110, 111)

### നിസ്തുല പ്രഭാപൂരം:

"മനുഷ്യരിൽവെച്ച് ഏറ്റവും പരിപൂർണനായ മനുഷ്യന്ന് നല്കപ്പെട്ട അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യചന്ദ്രന്മാരിലോ ഭൂമിയിലുള്ള സമുദ്രങ്ങളിലോ നദികളിലോ മുത്തുമാണിക്യവൈഡൂര്യ മരതകങ്ങളിലോ കണ്ടെത്താവുന്നതല്ല. ചുരുക്കത്തിൽ ഭൗമികമോ ലൗകികമോ ആയ യാതൊന്നിലും അതുണ്ടായിരുന്നില്ല. അതു മനുഷ്യനിൽ അതായത് പരിപൂർണനായ മനുഷ്യനിൽ മാത്രമെയുള്ളൂ. അതിന്റെ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തരവും അത്യുൽകൃഷ്ടവും ആയ പ്രതീകം നമ്മുടെ യജമാനനും നബിമാരുടെ നായകനും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹസ്റത്ത് മുഹമ്മദു മുസ്തഫാ(സ.അ.) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ പ്രദാനം ചെയ്യപ്പെട്ടത്. അപ്രകാരം തന്നെ ഒരളവോളം പലനിലയിലും അവിടുത്തോട് സാമ്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കും തന്നെ അത് ലഭിച്ചിട്ടുണ്ട്. പക്ഷേ, ഈ തേജോവിലാസം അത്യുന്നതവും പരിപൂർണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും സ്നേഹഭാജനവും മാർഗദർശിയും ആയ ആ നിരക്ഷരപ്രവാചകൻ, അതെ സത്യവാനും സത്യസാക്ഷിതനും ആയ മുഹമ്മദ് മുസ്തഫാ (സ.അ.) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്. ഇതു സംബന്ധമായി അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം അരുൾ ചെയ്യുന്നു:

'അതായത് നീ പറയുക, എന്റെ നമസ്കാരവും ഇബാദത്തിന്നായുള്ള എന്റെ എല്ലാ പ്രയത്നങ്ങളും എന്റെ ത്യാഗങ്ങളും എന്റെ ജീവിതവും എന്റെ മരണവും എല്ലാം തന്നെ സർവ ലോകനിയന്താവായ അല്ലാഹുവിന്നുള്ള

ലേഖനം

# ഈസാ നബി (അ)യുടെ പിതൃരഹിത ജനനം : ഖുർആൻ നല്കുന്ന ശാസ്ത്രീയ സൂചന

മൂസാ ഖുറൈശി

**ജനകോടികളുടെ വിശ്വാസത്തെ സ്വാധീനിച്ച ഒരു ജൈവിക പ്രതിഭാസമാണ് യേശുവിന്റെ പിതൃരഹിതജനനം. 'കർത്താവിന്റെ അമലോൽഭവം' എന്ന് ക്രിസ്ത്യാനികൾ വിശേഷിപ്പിക്കുന്ന യേശുവിന്റെ ജനനരഹസ്യങ്ങളിലേക്ക് ഖുർആൻ നൽകുന്ന ശാസ്ത്രീയ സൂചന.**

തന്റെ ചാരിത്ര്യം സംരക്ഷിച്ച ആ സ്ത്രീയെയും സ്മരിക്കുക. അവളിൽ നമ്മുടെ റൂഹിൽ നിന്നും നാം ഊതി. അവളെയും അവളുടെ പുത്രനെയും നാം ലോകത്തിന് ഒരടയാളമാക്കിയിരിക്കുന്നു. (21:92).

കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളായി മനുഷ്യരാശിയെയാകമാനം സമ്മോഹിതമാക്കിയ ഒരു സങ്കൽപത്തെക്കുറിച്ചാണ് ഞാനിവിടെ പ്രതിപാദിക്കുന്നത്. ഈസാ(അ)യുടെ അത്ഭുതകരമായ ഭൗതികോൽപത്തിയും അദ്ദേഹത്തിന് മനുഷ്യരാശി കല്പിക്കുന്ന ആധ്യാത്മിക പ്രാധാന്യവും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അതിനെ ശരിയായ രീതിയിൽ മനസ്സിലാക്കുന്നതിൽ മുസ്ലിംകളും ക്രിസ് ത്യാനികളും ഒരുപോലെ പരാജിതരാണ്. നിർഭാഗ്യത്തിന് അന്ധവിശ്വാസവും ശാസ്ത്രനിരക്ഷരതയും നിലനിന്നിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു ഹസ്റത്ത് ഈസാ(അ) ജനിച്ചുവീണത്. ഈ അത്ഭുതപ്രതിഭാസത്തെക്കുറിച്ചുള്ള കാലാകാലങ്ങളിലെ വ്യാഖ്യാനങ്ങൾ നമ്മുടെ ഗ്രഹണശക്തിയെ അയഥാർഥവർണ്ണങ്ങൾകൊണ്ടു വികലമാക്കുകയും ചെയ്തിട്ടുണ്ട്.

ഖുർആൻ അല്ലാഹുവിന്റെ പരിശുദ്ധ വചനമാണ്. സകലവിധ വൈകല്യങ്ങളിൽ നിന്നും ന്യൂനതകളിൽ നിന്നും അത് മുക്തവുമാണ്. അതിനാൽ ഈസാ (അ) നബിയുടെ ജനനത്തെക്കുറിച്ചുള്ള സത്യാവസ്ഥ തുറന്നു കാട്ടുവാനുള്ള താക്കോലും അത് തന്നെ നൽകുന്നുണ്ട്. ആദ്യകാലങ്ങളിൽ കൂട്ടംകൂട്ടമായി ഇസ് ലാം മതമാശ്ലേഷിച്ച ക്രിസ്ത്യാനികൾ, ഒരുപക്ഷേ, ഈസാ(അ)യുടെ അത്ഭുതോല്പത്തിയെക്കുറിച്ചുള്ള മുസ്ലിം വ്യാഖ്യാനങ്ങൾ നിഗൂഢതയും അജ്ഞതയും കൊണ്ട് ആവരണം ചെയ്യിപ്പിക്കുംവിധം അങ്ങേയറ്റം സ്വാധീനിച്ചിരിക്കുവാനും ഇടയുണ്ട്. അല്ലാഹു ഏകനാണെന്നും അവന് സന്താനങ്ങളില്ലെന്നും ഉറച്ചുവിശ്വസിക്കുന്നവരാണ് മുസ്ലിംകൾ. എന്നിരുന്നിട്ടും ''നമ്മുടെ റൂഹിൽ നിന്നും അവളിൽ ഊതി'' എന്ന സൂക്തം പലപ്പോഴും ഈസാ(അ)യുടെ ഗർഭധാരണസംഭവവുമായി അവർ ബന്ധപ്പെടുത്തുന്നതായും, അതുവഴി വ്യംഗ്യമായി അല്ലാഹുവിൽ പിതൃത്വം ബന്ധിപ്പിക്കുന്നതായും കാണുന്നു. തികച്ചും അബദ്ധജടിലമായൊരു വ്യാഖ്യാനമാണിത്. എന്നാൽ ഗഹനവും വിശകലനാത്മകവുമായ ഖുർആൻ പഠനം ഈസാ(അ)യുടെ ജനനത്തിലെ ഭൗതികവും ആധ്യാത്മികവുമായ സവിശേഷതകൾ തുറന്ന് കാട്ടിത്തരുവാൻ പര്യാപ്തമാണ്.

### അല്ലാഹുവിന്റെ വചനവും ആത്മാവും

വിശുദ്ധ ഖുർആനിലെ സൂറ: അൽ അമ്പിയായിലെ 92–ാം വചനം അല്ലാഹു മറിയമിന് ഈസാ(അ)യെ പ്രദാനം ചെയ്തുകൊണ്ട് പറഞ്ഞതല്ലെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈസാ (അ)യെ മറിയമിന് സമർപ്പണം ചെയ്തതായി പ്രസ്താവിക്കുന്നത് സൂറ: ആലുഇംറാനിലും (3:46) സൂറ അന്നിസാഉലും (4:172)മാണ്. ഈ രണ്ടു സ്ഥലങ്ങളിലും റൂഹ് (ആത്മാവ്)

എന്നല്ല മറിച്ച് 'വചനം' (കലിമ) എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നതെന്ന് കാണാവുന്നതാണ്.

"ഓ മർയം, നിശ്ചയമായും അല്ലാഹു ഒരു വചനം മുഖേന നിനക്ക് ഒരു മകനെക്കുറിച്ചുള്ള സുവിശേഷം അറിയിക്കുന്നു. അവന്റെ പേര് മസീഹ് ഈസബ്നു മറിയം എന്നായിരിക്കും. അദ്ദേഹം ഇഹത്തിലും പരത്തിലും ആദരണീയനും ദൈവസാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും എന്ന് മലക്കുകൾ പറഞ്ഞ അവസരം സ്മരിക്കുക" (3:46).

''ഗ്രന്ഥാനുസാരികളേ, നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെസ്സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയുമരുത്. നിശ്ചയമായും മറിയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മറിയമിന് അവൻ ഇറക്കിക്കൊടുത്ത വചനത്തിന്റെ സാക്ഷാത്കാരവും അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ്." (4:172).

ഈസാ(അ)യുടെ ജനനത്തിൽ അല്ലാഹുവിന്റെ റൂഹ് നിമഗ്നമായതായി ഖുർആനിലൊരിടത്തും സൂചിപ്പിച്ചിട്ടില്ല. അല്ലാഹുവിന്റെ 'വചനം' എന്നത് മറിയമിന് അല്ലാഹു നൽകിയ സുവിശേഷത്തെ സംബന്ധിക്കുന്നതാണ്. അല്ലാതെ അല്ലാഹുവിന്റെ 'വചനം' മറിയമിന്റെ അണ്ഡവുമായുള്ള ഭൗതിക സമ്മിശ്രണത്തെ സൂചിപ്പിക്കുന്നതല്ല തന്നെ.

## സൂറ: അൽ അമ്പിയായുടെ സാന്ദർഭിക പാശ്ചാത്തലം

സൂറ:അൽ അമ്പിയായിലെ "നമ്മുടെ റൂഹിൽ നിന്നും അവളിൽ ഊതി" എന്ന 92-ാം വചനത്തിന്റെ സന്ദർഭം പരിഗണിക്കപ്പെടേണ്ടതാണ്. ഓരോ ഖുർആൻ സൂക്തവും അല്ലാഹു വ്യവസ്ഥ ചെയ്ത ഒരു സയുക്തിക മാതൃകാരൂപത്തിൽ ഇണങ്ങിച്ചേരുന്ന തരത്തിലുള്ളതാണ്. അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച വിവിധ പ്രവാചകന്മാരുടെ പ്രവർത്തനങ്ങൾക്ക് അല്ലാഹു കനിഞ്ഞരുളിയ പ്രതിഫലങ്ങളെക്കുറിച്ചുള്ള പ്രതിപാദനത്തിന്റെ തുടർച്ചയാണ് ഈ 92ാം വചനമെന്ന്, സൂക്ഷ്മപഠനത്തിൽ നിന്നും വ്യക്തമാവുന്നതാണ്. ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഈ കാര്യം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്.

അല്ലാഹു അവന്റെ സൃഷ്ടികളെക്കാളേറെ മഹോന്നതനാണെന്നും, പ്രവാചകന്മാരെല്ലാം മനുഷ്യസൃഷ്ടികൾ മാത്രമാണെന്നും, അല്ലാഹുവും മനുഷ്യനും, സ്വാഭാവികമായും തികച്ചും വ്യത്യസ്ഥങ്ങളായ രണ്ട് അസ്തിത്വങ്ങളാണെന്നുമുള്ള ആശയമാണ് ഈ സൂറയിൽ അങ്ങോളമിങ്ങോളം ആവർത്തിച്ചാവർത്തിച്ച് പ്രതിപാദിച്ചിരിക്കുന്നതെന്ന് പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്.

***ഈസാ(അ)യുടെ ജനനത്തിൽ അല്ലാഹുവിന്റെ റൂഹ് നിമഗ്നമായതായി ഖുർആനിലൊരിടത്തും സൂചിപ്പിച്ചിട്ടില്ല. അല്ലാഹുവിന്റെ 'വചനം' എന്നത് മറിയമിന് അല്ലാഹു നൽകിയ സുവിശേഷത്തെ സംബന്ധിക്കുന്നതാണ്. അല്ലാതെ അല്ലാഹുവിന്റെ 'വചനം' മറിയമിന്റെ അണ്ഡവുമായുള്ള ഭൗതിക സമ്മിശ്രണത്തെ സൂചിപ്പിക്കുന്നതല്ല തന്നെ.***

സൂറ: അൽ അമ്പിയായുടെ ഭൂരിഭാഗവും അല്ലാഹുവും മറിയമും തമ്മിലുള്ള പ്രകൃത്യാതീത സംയോജനത്തിന്റെ അനന്തരഫലമാണ് ഈസാ (അ) എന്ന ക്രിസ്തീയ വിശ്വാസത്തെ ഖണ്ഡിച്ചുകൊണ്ടുള്ളതാണ്. അല്ലാഹുവും മനുഷ്യനും അടിസ്ഥാനപ്രകൃതത്തിൽ സമഗ്രമായും സർവഥാ വിഭിന്നമാണെന്നാണ് ഈ സൂറ ആവർത്തിച്ചു സ്ഥാപിക്കുന്നത്. അല്ലാഹു അവന്റെ റൂഹ് ഊതിക്കൊണ്ട് മനുഷ്യർക്ക് ഭൗതിക ജീവൻ പ്രദാനം ചെയ്യുന്നില്ലെന്ന് ഈ സൂറഃ വ്യക്തമാക്കുന്നു. ഈ സൂറയിലെ 92-ാം വചനത്തിന് നൽകുന്ന അത്തരമൊരു വ്യാഖ്യാനം ഈ സൂറയുടെ പൊതു താൽപര്യത്തിന് കടകവിരുദ്ധവുമാണ്.

## അല്ലാഹു മർയമിൽ അവന്റെ റൂഹ് ഊതിയതെങ്ങനെ?

"തന്റെ ചാരിത്ര്യം സംരക്ഷിച്ച ആ സ്ത്രീയെയും സ്മരിക്കുക. അപ്പോൾ നാം അവളിൽ നമ്മുടെ റൂഹിൽ നിന്നു ഊതി. അവളെയും അവളുടെ പുത്രനെയും നാം ലോകത്തിന് ഒരടയാളമാക്കിയിരിക്കുന്നു." (21:92 സൂറ: അൽഅമ്പിയ)

മറിയം അവളുടെ ചാരിത്ര്യം സൂക്ഷിച്ച കാരണത്താൽ അല്ലാഹു അവന്റെ റൂഹ് ദിവ്യാത്ഭുതകരമാംവിധം അവളിൽ ഊതിക്കൊണ്ട്, പിതാവിന്റെ ആവശ്യകതയില്ലാതെ തന്നെ അവൾക്കൊരു കുഞ്ഞിനെ നൽകി എന്നാണ് ബഹുഭൂരിപക്ഷം മുസ്ലിംകളും ധരിച്ചു വെച്ചിരിക്കുന്നത്. അല്ലാഹു അവന്റെ റൂഹ് ആദം (അ)യിൽ ഊതിയതായി അല്ലാഹുതന്നെ പറയുന്നുണ്ട്. അക്കാരണത്താലാണ് അവർ ഈ സങ്കല്പസിദ്ധാന്തം വെച്ചു പുലർത്തുന്നത്. ഇതിന്റെ ഫലമായാണ് ആദം (അ)ന് മാതാവിന്റെയും പിതാവിന്റെയും സഹായമില്ലാതെ തന്നെ ഭൗതിക ജീവൻ ലഭിച്ചതെന്ന അബദ്ധ നിഗമനം വെച്ചുപുലർത്തുന്നവരാണവർ. എന്നാൽ ഖുർആൻ ഒരിക്കലും അത്തരമൊരു അബദ്ധവിശ്വാസത്തെ പിന്താങ്ങുന്നില്ല. നമ്മുടെ ധാർമിക സദാചാര ബോധവും ഇതിന്നെതിരാണ്. ധാരാളം സ്ത്രീകൾ അവരുടെ ചാരിത്ര്യം സംരക്ഷിച്ചുവരുന്നുണ്ട്. അവർക്കൊക്കെ ദിവ്യസന്താനങ്ങൾ നൽകുവാനുള്ള ഒരു കാരണമല്ല ഇത്. നാം നേരത്തെ സൂചിപ്പിച്ചതുപോലെ അല്ലാഹു മറിയമിൽ ഇറക്കിയ അവന്റെ വചനമായിരുന്നു, ആത്മാവായിരുന്നില്ല, ഈസാ(അ)യുടെ ഗർഭധാരണത്തിന്നിടയാക്കിയത്.

പ്രവാചകന്മാരുടെ ധാർമികപര

മായ ശ്രേഷ്ഠ സ്വഭാവങ്ങളെയും പെരുമാറ്റങ്ങളെയും തുടർന്ന് അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹങ്ങളെക്കുറിച്ചും വിവരിക്കുന്ന ധാരാളം സൂക്തങ്ങൾക്ക് ശേഷമാണ് അല്ലാഹു മറിയമിനെക്കുറിച്ചും തന്റെ സന്താനത്തെക്കുറിച്ചും പറയുന്നത്. ഇബ്രാഹീം നബി(അ) അഗ്നിയിൽ നിന്ന് രക്ഷിക്കപ്പെട്ടു (21:69) ഹസ്റത്ത് ലൂത്തിനെ തന്റെ നീച സമുദായത്തിൽ നിന്നും രക്ഷിച്ചു (21:75) ഹസ്റത്ത് നൂഹിനെ പ്രളയത്തിൽ നിന്നും രക്ഷപ്പെടുത്തി (21:77) ഹസ്റത്ത് സുലൈമാൻ നബിയുടെയും, ദാവൂദ് നബിയുടെയും മേൽ അനുഗ്രഹങ്ങൾ കോരിച്ചൊരിഞ്ഞു (21:79–83) അയ്യൂബ് (അ)നെയും ദുന്നൂനി(യൂനുസ്) (അ)നെയും ദുരിതങ്ങളിൽ നിന്നും പരിഭ്രമത്തിൽ നിന്നും മോചിപ്പിച്ചു (21:85–88) ഹസ്റത്ത് സക്കരിയ (അ)യുടെ ഭാര്യയുടെ വന്ധ്യത നീക്കം ചെയ്തു പുത്രനായി യഹ്‌യായെ പ്രദാനം ചെയ്തു. (21:91) ഇതിനെല്ലാം ശേഷമാണ് അല്ലാഹു മറിയമിൽ അവന്റെ റൂഹ് ഊതിയെന്നും, അവളെയും അവളുടെ സന്താനത്തെയും ലോകത്തിനൊരടയാളമാക്കിയെന്നും പറഞ്ഞുകൊണ്ട് (21:92) സത്യവിശ്വാസിയായിരിക്കെ സൽകർമ്മങ്ങൾ ചെയ്യുന്നവരാരായിരുന്നാലും അവരുടെ പരിശ്രമം തള്ളിക്കളയുകയില്ലെന്ന് വാഗ്ദാനം ചെയ്യുന്നതായും കാണുന്നത്.

“അപ്പോൾ ആരെങ്കിലും സത്യവിശ്വാസിയായിരിക്കെ സൽകർമങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ അയാളുടെ പരിശ്രമം തള്ളിക്കളയുകയില്ല. തീർച്ചയായും നാം അതിനെ എഴുതുന്നവരാണ്” (21:95).

സദ്‌വൃത്തരായവർ ആരായിരുന്നാലും അവരിൽ അല്ലാഹു അവന്റെ റൂഹ് ഊതുന്നതു പോലെ (സജ്ദ 32:8–10), ചാരിത്ര്യം സംരക്ഷിച്ച മറിയമിലും അല്ലാഹു അവന്റെ റൂഹ് ഊതി എന്നതിൽ കവിഞ്ഞ യാതൊരു പ്രാധാന്യവും ഈ സൂക്തത്തിനില്ല. ജൂത സമൂഹത്തിലാകമാനം ധാർമ്മിക നിഷ്ക്രിയത്വം ബാധിച്ചിരുന്ന അവസരത്തിൽ ഉന്നതമായ ആത്മീയോൽകൃഷ്ടത കാരണം മറിയമും അവളുടെ മകനും ലോകത്തിന്നൊരു അടയാളമായിരുന്നു. സൂറഃ അൽ അമ്പിയായുടെ സവിശേഷ ക്രമീകരണവും, അതു നൽകുന്ന പാഠവും അടിസ്ഥാനപരമായി പൊരുത്തപ്പെടുന്ന ഒരു വ്യാഖ്യാനമാണിത്.

**“അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും അറിയുന്നവനാണ്. ആൺകുഞ്ഞ് പെൺകുഞ്ഞിനെ പോലെയല്ലല്ലോ” എന്ന ഖുർആൻ സൂക്തത്തിലൂടെ ഒരു പക്ഷേ അല്ലാഹു ജൈവശാസ്ത്ര പരമായ യഥാർഥ ഉഭയലിംഗാവസ്ഥയെയായിരിക്കാം പരാമർശിച്ചിരിക്കുന്നത്.**

### ഈസാ (അ)യെ ഗർഭം ധരിച്ചതിലുള്ള നിഗൂഢത

ഈസാ(അ)യുടെ അസാധാരണ ജനനത്തെക്കുറിച്ചുള്ള ഒരു ഖുർആനിക വിവരണത്തെക്കുറിച്ച് നാം മുമ്പ് പരമർശിക്കുകയുണ്ടായി. ഈസ (അ)യെ നേരിട്ട് പരാമർശിക്കുന്ന ഒരൊറ്റ സൂക്തത്തിൽപോലും ഈ നിഗൂഢതക്കുള്ള ഒരു സൈദ്ധാന്തിക പ്രശ്നോത്തരം കണ്ടെത്താനാവുകയില്ല.

കന്യാപ്രസവ പ്രതിഭാസത്തിലേക്കുള്ള ഖുർആനിക സൂചന വെളിപ്പെടുത്തുന്നതിന് മുമ്പായി ഈസാ (അ) യെ ഗർഭം ധരിക്കുന്നതിന് മുമ്പ് മറിയം യാതൊരു പുരുഷസ്പർശവും ഏറ്റിരുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

“അവൾ പറഞ്ഞു: എന്റെ നാഥാ, എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ലാതിരിക്കെ എനിക്കെങ്ങനെ ഒരു കുട്ടിയുണ്ടാവും? അവൻ (അല്ലാഹു) പറഞ്ഞു: അത് അങ്ങനെത്തന്നെയാണ്, താൻ ഇച്ഛിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്ന് അതിനോട് പറയുക മാത്രമാണ് അവൻ ചെയ്യുന്നത്. അപ്പോൾ അതുണ്ടാവുന്നു. (3:48).

“അവൾ പറഞ്ഞു: എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. ഞാൻ ഒരു വ്യഭിചാരിണി ആയിട്ടുമില്ല. ആ സ്ഥിതിക്ക് എങ്ങനെയാണ് ഒരു സുതനുണ്ടാവുക? പറഞ്ഞു. അതങ്ങനെത്തന്നെ. പക്ഷെ ഇതെനിക്ക് എളുപ്പമുള്ള കാര്യമാണെന്ന് നിന്റെ നാഥൻ പറയുന്നു. നാം അപ്രകാരം ചെയ്യുന്നത് അവനെ ജനങ്ങൾക്ക് അടയാളമാക്കുന്നതിനും നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യമായിട്ടും ആണ്. ഇത് വിധിക്കപ്പെട്ട ഒരു കാര്യമായിത്തീർന്നിരിക്കുന്നു.” (മർയം 19:21–22).

ഈസാ (അ) യെ അവർ എങ്ങനെ ഗർഭം ധരിച്ചുവെന്ന കാര്യം മറിയമിന് താനും അറിയുമായിരുന്നില്ലെന്നത് വളരെ സ്പഷ്ടമാണ്. അല്ലാഹു അവർക്ക് ഈ പ്രതിഭാസത്തെക്കുറിച്ച് സ്പഷ്ടമാക്കിക്കൊടുക്കുന്നുമില്ല. അത് അല്ലാഹുവിനാൽ വിധിക്കപ്പെട്ടുപോയ ഒരു കാര്യമാണെന്ന് മാത്രമേ പറയുന്നുള്ളൂ.

എങ്കിലും, ഇന്നോളമുള്ള മുസ്‌ലിം പണ്ഡിതന്മാരെ അന്ധാളിപ്പിക്കുന്ന, നിഗൂഢാർത്ഥപ്രധാനമായ മറ്റൊരു സൂക്തത്തിലൂടെ, ഖുർആൻ ഈസാ (അ)യുടെ അസാധാരണ ജനനോത്പത്തിയെക്കുറിച്ചുള്ള സൂചന നൽകുന്നുമുണ്ട്.

“ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം ഓർക്കുക: നാഥാ, എന്റെ വയറ്റിലുള്ള കുട്ടിയെ സ്വതന്ത്രമാക്കിക്കൊണ്ട് നിനക്ക് വേണ്ടി ഞാൻ നേർച്ചയാക്കിയിരിക്കുന്നു. അതുകൊണ്ട് എന്നിൽ നിന്ന് നീ അത് സ്വീകരിക്കേണമേ. എല്ലാം കേൾക്കുന്നുവനും എല്ലാം അറി

യുന്നവനും നീ തന്നെയാണ്. പിന്നീട് അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവർ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും അറിയുന്നവനാണ്. അവൾ ഉദ്ദേശിച്ച ആൺ കുഞ്ഞ് പ്രസവിച്ച പെൺകുഞ്ഞിനെപ്പോലെയല്ലല്ലോ. ഞാൻ അവർക്ക് മറിയം എന്ന് നാമകരണം ചെയ്തിരിക്കുന്നു. അവളെയും അവളുടെ സന്തതികളെയും ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കുവാനായി ഞാൻ നിന്നെ അഭയം പ്രാപിക്കുന്നു. (3:36–37).

ഇംറാന്റെ ഭാര്യ മറിയമിന്ന് ജന്മം നൽകി. എന്നാൽ അത് പെൺകുഞ്ഞായിരുന്നുവെന്ന് അല്ലാഹു സ്ഥിരീകരിക്കുന്നില്ലെന്നത് തികച്ചും ദുർഗ്രഹം തന്നെയാണ്. ആൺകുഞ്ഞ് പെൺകുഞ്ഞിനെപ്പോലെയല്ലല്ലോ എന്ന ഗൂഢാർത്ഥ പ്രയോഗത്തിൽ നിന്നും നാമെന്താണ് മനസ്സിലാക്കേണ്ടത്?

കന്യാപ്രസവം ആധുനിക ശാസ്ത്രത്തിന്റെ ഒരു സുപ്രധാന പഠന വിഷയമാണ്. ദൈവശാസ്ത്രപരമായ രണ്ടുതരം സാധ്യതകളിലാണ് ആധുനിക ഗവേഷണപഠനങ്ങൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

ആദ്യത്തേത് ''പാർത്തിനോജനസിസ്''* എന്ന പ്രക്രിയയാണ്. ഈ രീതിയിലുള്ള പ്രത്യുല്പാദനത്തിൽ സ്ത്രീകോശമായ അണ്ഡം പുരുഷബീജകോശത്തിന്റെ സഹായമില്ലാതെ തന്നെ വികസിച്ച് ഒരു പുതിയ ജീവിയായി വളർന്നു വരുന്നു. ഇത്തരം പ്രജനനരീതി ഷഡ്പദങ്ങളിലും, മത്സ്യങ്ങളിലും സർവസാധാരണമായി കണ്ടുവരുന്നു. സ്വതസർഗ രൂപത്തിലുള്ള അതായത് സ്വപ്രചോദിതമായ പാർത്തിനോജനിസിസ് മനുഷ്യഅണ്ഡാശയത്തിലെ പ്രായപൂർത്തിയാവാത്ത അണ്ഡാണുക്കളിൽ വളരെ വിരളമായി മാത്രം കണ്ടുവരുന്ന ഒരു പ്രതിഭാസമാണ്. മനുഷ്യ അണ്ഡാണുക്കളിൽ കാണുന്ന ഇത്തരം സ്വതസർഗ അലൈംഗിക പ്രജനന പ്രക്രിയ അണ്ഡകോശ വിഭജനവേളയിൽ ബീജാവരണകോഷ്ട രൂപീകരണ ഘട്ടം (Blastocyst stage) വരെ മാത്രമേ എത്താറുള്ളു. പാർത്തിനോജനിസിസിന് വിധേയമാവുന്ന മനുഷ്യഅണ്ഡ കോശത്തിൽ കോശവിഭജനത്തിന് സഹായിക്കുന്ന സെൻട്രോസോം എന്ന സൂക്ഷ്മ ഘടകം ഉണ്ടായിരിക്കയില്ല, എന്നതാണ് ഈ അപൂർണ വളർച്ചക്കുള്ള പ്രധാന കാരണം. അലൈംഗിക പ്രജനനത്തിന് വിധേയമാവുന്ന കോശങ്ങൾക്ക് മാതൃകോശത്തിന്റെ അപ്രകടന സ്വഭാവം കാരണം പാരമ്പര്യലക്ഷണങ്ങൾ അപ്രാപ്യമായിത്തീരുകയും ചെയ്യുന്നു. മാത്രമല്ല സൈദ്ധാന്തികമായി സസ്തനികളിൽ (കുഞ്ഞുങ്ങളെ പ്രസവിച്ച് മുല കൊടുത്ത് വളർത്തുന്ന ജന്തുക്കളിൽ) നടക്കുന്ന പാർഥിനോജനസിസ് വഴി ക്രോമസോമുകളുള്ള പെൺകുഞ്ഞുങ്ങളുമായിരിക്കും ഉൽപാദിപ്പിക്കപ്പെടുന്നത്. അക്കാരണത്താൽ തന്നെ ഈസാ(അ) യുടെ ജനനത്തിന്നിടയാക്കിയത് ഈ പ്രതിഭാസമായിരിക്കാമെന്ന് പരിഗണിക്കപ്പെടാവുന്നതുമല്ല.

യേശുവിന്റെ കന്യാജനനത്തെ കൂടുതൽ വിശ്വാസയോഗ്യമായി വിവരിക്കുന്ന ജൈവശാസ്ത്രപരമായ രണ്ടാമത്തെ മാർഗമാണ് ഉഭയലിംഗത്വം. ബാഹ്യജനനേന്ദ്രിയവും പുരുഷന്റെയും സ്ത്രീയുടെയും സ്വാഭാവിക ആന്തരിക ലൈംഗികവയവങ്ങളോടും കൂടിയ ജന്മനായുള്ള ഒരവസ്ഥയാണിത്. അണ്ഡാശയവും വൃഷണ സംബന്ധിയായ കോശജാലവും കാണപ്പെടുന്നുവെന്നത് ഒരു യഥാർഥ ഉഭയലിംഗ ജീവിയുടെ സവിശേഷതയാണ്. കൂടുതൽ പഠനാർഹമായ ഒരു സവിശേഷതയാണിത്. 1990 ൽ ഒരു ഉഭയലിംഗ മുയൽ പരീക്ഷണശാലയിലെ ഏകാന്തവാസത്തിൽ ഗർഭം ധരിക്കുകയുണ്ടായി. (Veterinary Record 1980) ഉഭയലിംഗത്വമുള്ള മനുഷ്യരിലും സ്വമേധയായുള്ള പ്രത്യുത്പാദന സാധ്യത സ്ഥിരീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

1995 ൽ പ്രസിദ്ധീകരിച്ച Schulman 11 Sherins R. J യുടെ ഉഭയലിംഗ മനുഷ്യരിലെ സ്വമേധയായുള്ള പ്രജനന റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു:

“വൈദ്യശാസ്ത്രപരമായ ഇടപെടൽ കൊണ്ട് ഉഭയലിംഗ മനുഷ്യരിൽ സ്വയം പ്രവർത്തിത പ്രജനന പ്രക്രിയ സാധ്യമാണെന്നത് തികച്ചും യാഥാർഥ്യമാണ്. ഇത്രയും അപൂർവമായ സ്വയം പ്രജനന പ്രതിഭാസം വൈദ്യശാസ്ത്ര ഇടപെടൽ കൂടാതെ സംഭവ്യമാണോ എന്ന് ചോദിക്കപ്പെടാവുന്നതാണ്. വിവിധ സംസ്കാരങ്ങളുടെ പൗരാണിക ശാസ്ത്രങ്ങളിൽ ഉഭയലിംഗ പ്രത്യുത്പാദനം വിവരിക്കപ്പെട്ടിട്ടുണ്ട്. ഒട്ടനവധി സമുദായങ്ങളുടെ ചരിത്ര പ്രമാണങ്ങളിൽ കന്യാ പ്രസവത്തെക്കുറിച്ച് പരാമർശമുള്ളതായും കാണാവുന്നതാണ്.”

''അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും അറിയുന്നവനാണ്. ആൺകുഞ്ഞ് പെൺകുഞ്ഞിനെ പോലെയല്ലല്ലോ” എന്ന ഖുർആൻ സൂക്തത്തിലൂടെ ഒരു പക്ഷേ അല്ലാഹു ജൈവശാസ്ത്രപരമായ യഥാർഥ ഉഭയലിംഗാവസ്ഥയെയായിരിക്കാം പരാമർശിച്ചിരിക്കുന്നത്. ഖുർആനിക വിവരണ ശൈലിയുടെ സവിശേഷതയും ഔചിത്യ ദീക്ഷയും വൈഭവ ചാരുതയും നിലനിർത്തുവാൻ വേണ്ടിയായിരിക്കാം, മറിയമിലെ ഉഭയ ലിംഗ പ്രകൃതമെന്ന ആശയം, ഒരു പക്ഷേ അല്ലാഹു ഇപ്രകാരം വെളിപ്പെടുത്തിയിരിക്കുന്നത്. മറ്റു മത ഗ്രന്ഥങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഇതു തികച്ചും അനന്യസാധാരണം തന്നെ. ഇന്നും പൂർണമായി ഉൾക്കൊള്ളാൻ സാധിച്ചിട്ടില്ലാത്ത ജൈവശാസ്ത്രപരമായ ഇത്തരമൊരു സങ്കീർണ പ്രതിഭാസം, കടുത്ത ശാസ്ത്രീയ അജ്ഞത മുറ്റി നിന്നിരുന്ന 7–ാം നൂറ്റാണ്ടിലെ അറേബ്യയിൽ പരാമർശിക്കപ്പെട്ടുവെന്നതും അതീവ അത്ഭുതാവഹം തന്നെ.

### ഉപസംഹാരം

ഈസാ (അ) യുടെ അമാനുഷിക ജനനവുമായി സാധാരണ മുസ്‌ലിം സമൂഹം തെറ്റായി ബന്ധപ്പെടുത്തിപ്പറയുന്ന ഖുർആനിക സൂക്തത്തിൽ നിന്നും തുടങ്ങി അതിപ്രധാനമായ ഈ

പൗരാണിക ചരിത്ര സംഭവത്തെക്കുറിച്ചുള്ള തെറ്റുധാരണക്ക് അറുതി വരുത്തുന്ന ഖുർആനിക സൂക്തം വരെ അനുക്രമവും യുക്ത്യനുസൃതവുമായ ഒരു യാത്രയാണ് നാം നടത്തിയത്. അല്ലാഹു മനുഷ്യരിൽ അവന്റെ റൂഹ് ഊതിയതിനെക്കുറിച്ചും, ഖുർആനിക സൂക്തങ്ങൾ സന്ദർഭോചിതം ക്രമീകരിച്ചു കൊണ്ട് സൂറ: അൽ അമ്പിയ നൽകുന്ന സന്ദേശത്തെക്കുറിച്ചും ഖുർആന്റെ തെളിയാത്ത വിശദീകരണ ശൈലിയെക്കുറിച്ചും നാം പരാമർശിക്കുകയുണ്ടായി.

ഈ യാത്രയിൽ നിന്നും ഒരു പക്ഷേ നമുക്കേറ്റവും കൂടുതലായി മനസ്സിലാക്കുവാൻ സാധിച്ചത്, ഇസ്‌ലാമിക ദിവ്യാത്ഭുത സങ്കല്പത്തെക്കുറിച്ചാണ്.

"ഇസ്‌ലാമിക വീക്ഷണത്തിൽ ദിവ്യാത്ഭുതങ്ങൾ അപ്രാകൃതിക സംഭവങ്ങളല്ല. മറിച്ച് അന്നുവരെ അല്ലെങ്കിൽ ആ സമയം വരെ മനുഷ്യനിൽ നിന്ന് മറഞ്ഞു കിടന്നിരുന്ന ഒരു പ്രകൃതി പ്രതിഭാസമാണതെന്ന് കാണാവുന്നതാണ്. അല്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ സൂക്ഷ്മജ്ഞാനം പലവിധത്തിലും ചോദ്യം ചെയ്യപ്പെടുമായിരുന്നു. പ്രകൃതി നിയമങ്ങൾ രൂപപ്പെടുത്തിയത് അല്ലാഹുവാണ്. ആ പ്രകൃതി നിയമങ്ങൾ ലംഘിക്കപ്പെടാതെത്തന്നെ, പ്രശ്ന പരിഹാരങ്ങൾക്കുള്ള പ്രത്യേക പോംവഴികളും അവൻ തന്നെ രൂപപ്പെടുത്തിയിട്ടുണ്ട്. മനുഷ്യൻ അറിഞ്ഞിട്ടില്ലാത്ത എത്രയെത്ര നിയമങ്ങൾ ഇനിയുമുണ്ട്!!

ആ സ്ഥിതിക്ക് അത്ഭുതങ്ങൾ ഒരു പ്രത്യേക കാല ഘട്ടത്തിലെ മനുഷ്യ ജ്ഞാനവുമായി ബന്ധപ്പെട്ടു കിടക്കുന്നവയാണ്. അല്ലാഹുവിന്റെ ഒരു പ്രത്യേക ശക്തി പ്രഭാവിതമാകുമ്പോൾ പ്രത്യക്ഷത്തിൽ ഒരു നിയമം ലംഘിക്കപ്പെട്ടതായി തോന്നാവുന്നതാണ്. എന്നാൽ യഥാർഥത്തിൽ അത് സംഭവിക്കുന്നില്ല. പ്രവർത്തനത്തിലുള്ളതും എന്നാൽ മറഞ്ഞു കിടക്കുന്നതുമായ ഒരു തത്വം അല്ലെങ്കിൽ നിയമം അല്ലാഹുവിന്റെ കല്പന പ്രകാരം പ്രാവർത്തികമാകുന്നു വെന്ന് മാത്രമെയുള്ളു. (Christianity: A Journey from Facts to Fiction - By Mirza Tahir Ahmad)

ഈ ബ്രഹ്മാണ്ഡത്തെക്കുറിച്ചും അതിനെ നിയന്ത്രിക്കുന്ന പ്രവർത്തന നിയമങ്ങളെക്കുറിച്ചുമുള്ള നമ്മുടെ ജ്ഞാനം വർധിക്കുന്നതനുസരിച്ച്, അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തെക്കുറിച്ചും ഖുർആനിക മഹത്വത്തെക്കുറിച്ചും നാം കൂടുതൽക്കൂടുതൽ ബോധവാന്മാരായിത്തീരുന്നതാണ്. അല്ലാഹു നമ്മെ ജാഗരൂകരാക്കിത്തീർക്കട്ടെ. എന്നും എപ്പോഴും സത്യത്തിന്റെയും വിജ്ഞാനത്തിന്റെയും പാതയിൽ വഴി നടത്തുമാറാവട്ടെ.

*വിവർത്തന സംഗ്രഹം :*
***ഈസക്കോയ കെ. വി.*** ■

---

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

(പേജ് 160–165)

## പ്രവാചകന്മാർക്ക് ഔദാര്യം

എല്ലാ മനുഷ്യരിലും വെച്ച് പരിപൂർണനും പ്രവാചകന്മാരിൽ വെച്ച് സമ്പൂർണനും ആയ അദ്ദേഹം പരിപൂർണാനുഗ്രഹങ്ങളോടുകൂടിവന്നു. അതുകൊണ്ടുണ്ടായ ആത്മീയവിപ്ലവം മൂലം ഒന്നാമത്തെ ഖിയാമത്തുണ്ടായി. മരിച്ചുകിടക്കുന്ന ഒരു ലോകത്തെ അവിടുന്ന് പുനർജീവിപ്പിച്ചു. ആ അനുഗൃഹീത പ്രവാചകൻ ഖാത്തമുൽ അമ്പിയാ ഇമാമുൽ അസ്ഫിയാ ഖാത്തമുൽമുർസലീൻ ഫഖ്‌റുന്നബിയ്യീൻ ഹസ്റത്ത് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, ഈ പ്രിയങ്കരനായ നബിയിൽ ലോകാരംഭം മുതൽ ആർക്കും നൽകാത്ത രീതിയിലുള്ള അനുഗ്രഹങ്ങളും കാരുണ്യങ്ങളും നീ ചൊരിയേണമേ! ഈ മഹാനായ പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ ലോകത്തു ഇതിന്നുമുമ്പ് അവതീർണരായ യൂനുസ്, അയ്യൂബ്, മസീഹിബ്നു മർയം, മലാക്കി, യഹ്‌യാ, സക്കരിയ്യാ എന്നീ പ്രവാചകന്മാരുടെ സത്യത്തിന്, അവരൊക്കെ ദൈവത്തിന്റെ പ്രിയപ്പെട്ട ദൈവസാമീപ്യം പ്രാപിച്ച പ്രവാചകന്മാരായിരുന്നിട്ടും നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടാകുമായിരുന്നില്ല. ഇവരൊക്കെ സത്യപ്രവാചകന്മാരായി അറിയപ്പെടുന്നത് ഹസ്റത്ത് റസൂൽ തിരുമേനി(സ.അ)യുടെ മഹത്തായ ഔദാര്യം കൊണ്ടായിരുന്നു.

**(ഇത്മാമുൽ ഹുജ്ജത്ത് – 36)**

## എന്നെന്നും ജീവിച്ചിരിക്കുന്ന പ്രവാചകൻ

''നീതിന്യായ ദൃഷ്ടിയോടുകൂടി നാം വീക്ഷിക്കുകയാണെങ്കിൽ എല്ലാ നുബുവ്വത്ത് പ്രസ്ഥാനങ്ങളിലും വെച്ച് മഹോന്നതനായ പ്രവാചകനായി, എന്നെന്നും തേജസ്സും ജീവനും ഉള്ള പ്രവാചകനായി, അല്ലാഹുവിന്റെ ഏറ്റവും പ്രിയങ്കരനായ പ്രവാചകനായി ഒരേ ഒരു പരിപൂർണ മനുഷ്യനെ മാത്രമേ കാണാൻ സാധിക്കുകയുള്ളു. അദ്ദേഹമത്രെ നബിമാരുടെ നായകനും റസൂൽമാരുടെ അഭിമാനവും എല്ലാ ദൈവദൂതന്മാരുടെ പോലും കിരീടവും ആയ മുഹമ്മദു മുസ്തഫാ, അഹ്മദ് മുജ്തബാ സല്ലല്ലാഹു അലൈഹിവസല്ലം. ആ തിരുമേനി(സ)യുടെ തണലിൽ 10 ദിവസം ചരിക്കുന്ന ആൾക്ക് ഇതിന്നുമുമ്പെ ആയിരം വർഷം ജീവിച്ചവർക്ക് ലഭിക്കാതിരുന്ന പ്രകാശം ലഭ്യമാകുന്നതാണ്.... അവസാനത്തെ എന്റെ വസ്സിയ്യത്ത് ഇതാണ്: എല്ലാവിധത്തിലുള്ള പ്രകാശങ്ങളും നമുക്ക് റസൂൽ തിരുമേനിയെ പിന്തുടരുന്നതിന്റെ ഫലമായിട്ടാണ് ലഭ്യമാകുന്നത്. ആർ പിൻപറ്റിയാലും അവർക്ക് ഈ പ്രകാശം ലഭിക്കുന്നതാണ്. ഒരു കാര്യവും അസംഭവ്യമായി തോന്നാതിരിക്കുമാറ് അവർക്ക് അല്ലാഹുവിൽ നിന്നുള്ള സ്വീകാര്യത ലഭിക്കുന്നതാണ്. പൊതുവിൽ ജനങ്ങൾക്കു അദൃശ്യനായിരിക്കുന്ന ദൈവം അവർക്ക് ജീവനുള്ള ദൈവമായി കാണാൻ സാധിക്കുന്നു. പൊയ്ദൈവങ്ങളെല്ലാം തന്നെ അവരുടെ കാലടിക്കീഴിൽ ചവിട്ടിയമർത്തപ്പെടുന്നതാണ്. എല്ലായിടങ്ങളിലും അനുഗൃഹീതരായിത്തീരുന്ന അവരോടൊപ്പം ദൈവശക്തികൾ എന്നെന്നും ഉണ്ടായിരിക്കും." (സിറാജെമുനീർ പേജ് 82, 83).

**വിവ: മുഹമ്മദ് ഉമർ** ■

# അതിജയിച്ചു നില്ക്കുന്ന ദൈവകാരുണ്യം

മഹ്മൂദ്, കൽക്കുളം

**ദൈവത്തിന്റെ കാരുണ്യമാണ് എല്ലാറ്റിനേയും വലയം ചെയ്തിരിക്കുന്നത്. നരകം പോലും പ്രതികാരാത്മകമല്ല, മനുഷ്യന്റെ ആത്മീയ പുരോഗതിക്കാവശ്യമായ താൽക്കാലിക പരിഷ്ക്കരണ വേദി മാത്രം.**

ദൈവത്തിന്റെ സവിശേഷഗുണങ്ങളുടെ സവിസ്തരമായ പ്രതിപാദനം വിശുദ്ധ ഖുർആനിൽ ദർശിക്കാൻ കഴിയും. അന്യൂനനും സർവഗുണസമ്പൂർണനും നിസ്തുലനും സർവാതിശായിയുമായ ഒരു ദൈവത്തെ വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നു.ദൈവിക ഗുണങ്ങൾ പൂർണ രൂപത്തിൽ വിശുദ്ധ ഖുർആൻ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഖുർആനിൽ വിവരിക്കപ്പെട്ട ദൈവിക ഗുണനാമങ്ങളിൽ നിന്നും ദൈവത്തിന്റെ നിയമങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ചുള്ള വ്യക്തമായ ചിത്രം ലഭിക്കുന്നു. സൃഷ്ടികളുമായി ദൈവം എങ്ങനെ പെരുമാറുന്നുവെന്ന മതത്തിന്റെ കാതലായ പ്രശ്നത്തിന് തൃപ്തികരമായ ഉത്തരം വിശുദ്ധ ഖുർആൻ നൽകുന്നു. പൊരുത്തക്കേടുകളോ പോരായ്മകളോ കാണാനാവാത്ത വിധം ദൈവികഗുണങ്ങൾ അന്യോന്യം ബന്ധപ്പെട്ടുനിൽക്കുകയും ചെയ്യുന്നു. മനുഷ്യപ്രകൃതി വ്യത്യസ്തങ്ങളാണെങ്കിലും എല്ലാ തരക്കാർക്കും അഭിവൃദ്ധിപ്പെടുന്നതിനനുരോധമായ രീതിയിലാണ് ദൈവികഗുണങ്ങളുടെ പ്രവർത്തനങ്ങളും നടക്കുന്നത്. ഉദാഹരണത്തിന്, കരുണാർദ്രമായ പെരുമാറ്റമാണ് ചിലരിൽ പരിവർത്തനത്തിന് നിമിത്തമാകുന്നതെങ്കിൽ ക്രോധഭാവപ്രകടനമായിരിക്കും മറ്റു ചിലരിൽ സ്വാധീനമുണ്ടാക്കുന്നത്. ഈ രണ്ടു സവിശേഷഭാവങ്ങളും അന്യോന്യം സമരസപ്പെട്ട രൂപത്തിലാണ് ദൈവത്തിൽ സ്ഥിതിചെയ്യുന്നത്. അതിനാൽ ക്രുദ്ധ ഭാവം, ദൈവത്തിന്റെ വിശാലമായ കരുണാർദ്രഭാവത്തിന് വിരുദ്ധമാകുന്നില്ല. അഥവാ ദൈവകോപം വെളിപ്പെടുന്നതിന്റെയും ദൈവികശിക്ഷയുടെയും അന്തിമലക്ഷ്യം കേവലം പരിഷ്ക്കരണമാണ്. "എന്റെ കാരുണ്യം സർവത്തെയും അതിജയിച്ചുനിൽക്കുന്നു." (വി.ഖു. 7: 157) എന്ന ദിവ്യസൂക്തം ഇത് വിളംബരം ചെയ്യുന്നു. ശിക്ഷയിലൂടെ മാത്രം പരിവർത്തനം സംജാതമാകുന്ന സ്ഥിതിവിശേഷമാകുമ്പോഴാണ് ദൈവത്തിന്റെ ക്രോധഭാവം പ്രകടമാകുന്നത്.

## ശിക്ഷയുടെ പൊരുൾ

ദൈവകാരുണ്യം സകലത്തെയും അതിവർത്തിക്കുന്നതിനാൽ അനന്തമായ പ്രസ്തുത കാരുണ്യത്തിന്റെ കീഴിൽ വരുന്നതും അതിന്റെ ഭാഗമെന്നോണമുള്ളതുമാണ് യഥാർഥത്തിൽ അവന്റെ ശിക്ഷ. ഇതു സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുകയാണ്: ''നാം അവർക്ക് കരുണ ചെയ്യുകയും അവരിലുള്ള ക്ലേശം ദൂരീകരിക്കുകയും ചെയ്തിരുന്നെങ്കിൽ അവർ തങ്ങളുടെ അതിക്രമത്തിൽ അന്ധതയോടെ വിഹരിക്കുമായിരുന്നു. തീർച്ചയായും നാം അവരെ ശിക്ഷ കൊണ്ട് പിടിച്ചിരിക്കുന്നു. എന്നിട്ട് അവർ തങ്ങളുടെ നാഥന് കീഴ്പ്പെട്ടില്ല. അവർ വിനയം കാണിക്കുന്നുമില്ല. അവസാനം അവരുടെ മേൽ കഠിന ശിക്ഷയുടെ ഒരു വാതിൽ നാം തുറന്നു വിട്ടപ്പോൾ അവരതാ പെട്ടെന്ന് നിരാശരായിത്തീരുന്നു'' (23:76–78). കാരുണ്യത്തിന്റെയും വിട്ടുവീഴ്ചയുടെയും സമീപനം സ്വീകരിച്ചാൽ ജനങ്ങളിൽ ചിലർ അവരുടെ ദുർവൃത്തികളിൽ അങ്ങേയറ്റം നിമഗ്നരാകുകയാണ് ചെയ്യുന്നത്. അപ്പോൾ താക്കീതെന്നോണം ചെറിയ ശിക്ഷ നൽകി അല്ലാഹു അവരെ ഉണർത്തുന്നു. എന്നിട്ടും അവരിൽ വിനയമോ പരിവർത്തനമോ സംജാതമാകുന്നില്ല. അത്തരം ഘട്ടങ്ങളിലാണ് അല്ലാഹു തന്റെ കഠിനശിക്ഷയിറക്കുന്നതെന്നാണ് മേൽസൂക്തത്തിലെ പ്രതിപാദ്യം. പരിവർത്തനമാണ് ദൈവികശിക്ഷയുടെ ആത്യന്തിക ലക്ഷ്യം. ശിക്ഷക്കു വിധേയരാക്കപ്പെട്ട നരകവാസികളെക്കുറിച്ച് വിശുദ്ധ ഖുർആനിൽ പ്രയുക്തമായ 'മഅ്വാഹുമുന്നാർ' എന്ന പദം ശ്രദ്ധേയമാണ്. 'അഭയസങ്കേതം' എന്നാണ് 'മഅ്വാ' എന്ന വാക്കിന്റെ അർഥം. പ്രസ്തുത വാക്കിലുൾക്കൊണ്ട അർഥത്തിന്റെ അടിസ്ഥാനത്തിൽ നരകശിക്ഷയെ ഇപ്രകാരം ഉദാഹരിക്കാവുന്നതാണ്. രോഗം ബാധിച്ച ഒരാളെ ആതുരാലയത്തിൽ പ്രവേശിപ്പിക്കുന്നു. രോഗനിലവാരത്തിന്നനുസൃതമായ രീതിയിൽ അയാൾ ക്ക് വേദനയും സഹിക്കേണ്ടി വരുന്നു. എന്നാൽ രോഗം സുഖപ്പെട്ട് അയാൾ പുറത്തു വരുമ്പോൾ, തന്നെ

ആതുരാലയത്തിൽ പ്രവേശിപ്പിച്ചിരുന്നതും വൈദ്യൻ വേദനിപ്പിച്ചിരുന്നതും തന്റെ ഗുണത്തിന് വേണ്ടിയായിരുന്നുവെന്ന് അയാൾക്ക് ബോധ്യപ്പെടുന്നതാണ്. ഇതുപോലെ നരക ശിക്ഷ പൂർത്തിയായിക്കഴിയുമ്പോൾ നരകം അഭയസങ്കേതമായിരുന്നുവെന്ന് പാപിക്ക് ബോധ്യപ്പെടുന്നതായിരിക്കും.

## സ്വർഗനരകങ്ങൾ കർമഫലങ്ങളാകുന്നു

മനുഷ്യൻ ചെയ്ത പുണ്യ പാപങ്ങളുടെ ഗുണാനുഗുണങ്ങൾ സമ്പൂർണമായ രൂപത്തിൽ അനുഭവവേദ്യമാകുന്നത് പാരത്രിക ലോകത്ത് വെച്ചായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നു. ഇതു സംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ) വിവരിക്കുന്നു. ''വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ചു സ്വർഗവും നരകവും മനുഷ്യന്റെ ഐഹികജീവിതാവസ്ഥകളുടെ പ്രതിരൂപങ്ങളാകുന്നു. അവ പുറമെ നിന്നു വരുന്ന നവ്യമായ ജഡികലോകങ്ങളല്ല. സ്വർഗനരകങ്ങൾ ജഡരൂപത്തിൽ പ്രത്യക്ഷമാകുന്നവയാണെങ്കിലും അവ ഈ ജീവിതത്തിലെ ആത്മീയാവസ്ഥകളുടെ പ്രതിച്ഛായകൾ മാത്രമാകുന്നു. സ്വർഗം ഈ ലോകത്തിലെപോലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ള ജഡികമായ ലോകമാണെന്നോ നരകം ഗന്ധകശിലകളോടും മറ്റും കൂടിയ സാധനപരമായ കുടീരമാണെന്നോ ഞങ്ങൾ വിശ്വസിക്കുന്നില്ല. നേരെമറിച്ച് സ്വർഗവും നരകവും ഇസ്ലാം മതം പഠിപ്പിക്കുന്ന പ്രകാരം മനുഷ്യന്റെ ഐഹിക ജീവിതത്തിലെ കർമാവസ്ഥകളുടെ പ്രതിഫലനങ്ങളാകുന്നുവെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.'' (ഇസ്ലാം മത തത്വജ്ഞാനം)

## മുന്തിനിൽക്കുന്ന ദൈവകാരുണ്യം

ശിക്ഷാനടപടികളെസ്സംബന്ധിച്ചുള്ള ദൈവിക മാനദണ്ഡങ്ങളിൽ 'എന്റെ കാരുണ്യം സകലത്തെയും അതിവർത്തിക്കുന്നു' എന്ന അവന്റെ നിയമം പ്രതിഫലിച്ചിരിക്കുന്നതായി കാണാം. ശിക്ഷയുടെ വിധി നടപ്പിലാക്കപ്പെടുമ്പോൾ മുൻനിറുത്തുന്ന കാര്യങ്ങളെപ്പറ്റി വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നുണ്ട്. ഇതു സംബന്ധമായി ഖുർആൻ പറയുകയാണ്: "പുനരുത്ഥാന ദിവസം അല്ലാഹു മനുഷ്യരുടെ കർമ്മങ്ങൾ തൂക്കി നോക്കുന്നതാണ്" (7:9). തൂക്കി നോക്കുക എന്നതിന്റെ താല്പര്യം. ഓരോരുത്തരുടെയും ആത്മീയാവസ്ഥ അളക്കുമ്പോൾ, അവരവരുടെ ദൗർബല്യങ്ങൾ അഥവാ സ്വന്തം കുറ്റം കൊണ്ടല്ലാതെയുള്ള പിഴവുകൾ സമർഹമായ നിലയിൽ കണക്കിലെടുക്കുന്നതായിരിക്കുമെന്നാണ്. ശാരീരികമോ പ്രകൃതിപരമോ ആയ കാരണങ്ങളാൽ ധർമസമരത്തിൽ ഭാഗഭാക്കാകാൻ കഴിയാതെ വരികയും അതേസമയം ഹൃദയം അതിന്നായി അഭിലഷിക്കുകയും ചെയ്യുന്ന ഒരാളെ കർമം സഫലമാക്കിയ നിലയിൽ തന്നെ ഗണിക്കപ്പെടുന്നതാണെന്ന് വി.ഖുർആൻ പഠിപ്പിക്കുന്നു.

"ബലഹീനർക്കും രോഗികൾക്കും ചെലവഴിക്കാൻ വക കണ്ടെത്താത്തവർക്കും, അവർ അല്ലാഹുവിനോടും അവന്റെ ദൂതനോടും ആത്മാർഥത പുലർത്തുന്നപക്ഷം അവർ യുദ്ധത്തിന് പോകാതിരിക്കുന്നതിൽ കുറ്റമില്ല. സദ്വൃത്തന്മാർക്കെതിരിൽ കുറ്റാരോപണത്തിന് യാതൊരു വഴിയുമില്ല. അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമത്രെ." (9:91)

''വിശ്വാസികളിൽ ബുദ്ധിമുട്ടുള്ളവരൊഴിച്ച് (ജിഹാദിന് പോകാതെ സ്വന്തം വീടുകളിൽ) ഇരിക്കുന്നവരും അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും ജിഹാദ് ചെയ്യുന്നവരും ഒരുപോലെയാവില്ല. തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും (ദൈവമാർഗ്ഗത്തിൽ) ജിഹാദ് ചെയ്യുന്നവരെ (സ്വസ്ഥമായി) ഇരിക്കുന്നവരെക്കാൾ അല്ലാഹു പദവിയിൽ ഉയർത്തിയിരിക്കുന്നു. അല്ലാഹു എല്ലാവരോടും ഏറ്റവും ഉത്തമമായ പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുണ്ട്." (54:96). "അല്ലാഹു മനുഷ്യരോട് ഒരു ദ്രോഹവും ചെയ്യുന്നതല്ല'' (10:45) ഒരാൾ ചെയ്ത കുറ്റത്തിന് മറ്റൊരാൾ പകരം നിൽക്കുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യുകയെന്ന തീരെ യുക്തിശൂന്യമായ തത്വം ഇസ്ലാം അംഗീകരിക്കുന്നില്ല. ഓരോരുത്തരുടെയും ഭാരം അവനവൻ തന്നെ വഹിക്കേണ്ടതാണെന്നും ഒരാത്മാവിന്നും മറ്റൊന്നിനു പകരം നിൽക്കാനാവില്ലെന്നുമുള്ള ഖുർആനിക പാഠം നീതിപൂർണവും യുക്തിഭദ്രവുമാണ്. രക്ഷാശിക്ഷകളെപ്പറ്റി ഖുർആൻ പറയുകയാണ്: ''ആരെങ്കിലും നന്മ ചെയ്താൽ അതിന്റെ പത്തിരട്ടി പ്രതിഫലം അവനുണ്ട്. ആരെങ്കിലും തിന്മ ചെയ്താൽ തത്തുല്യമായ പ്രതിഫലമല്ലാതെ അവന് നൽകപ്പെടുകയുമില്ല. അവരോട് അനീതി കാണിക്കപ്പെടുകയുമില്ല." (6:161) "ആരെങ്കിലും നന്മ പ്രവർത്തിക്കുന്നതായാൽ അവന് അതിനെക്കാൾ ഉത്തമമായ പ്രതിഫലമാണുണ്ടാവുക. ആരെങ്കിലും തിന്മ പ്രവർത്തിക്കുന്നതായാൽ തിന്മ പ്രവർത്തിച്ചവർക്ക് അവർ പ്രവർത്തിച്ചത്ര പ്രതിഫലമല്ലാതെ നൽകപ്പെടുകയില്ല" (28:85). തിന്മക്ക് തത്തുല്യമായ ശിക്ഷയും എന്നാൽ നന്മക്കുള്ള പ്രതിഫലം അതിന്റെ പത്തിരട്ടിയാണെന്നുമുള്ള ദൈവികനിയമം അവന്റെ വിശാലമായ കാരുണ്യത്തെയാണ് അനാവരണം ചെയ്യുന്നത്. തിന്മകളെക്കാൾ നന്മകളാണ് ഒരാളിൽ മുന്തിനിൽക്കുന്നതെങ്കിൽ അയാൾ ദൈവിക കാരുണ്യത്തിൻ കീഴിലായിരിക്കുമെന്നും വിശുദ്ധ ഖുർആൻ പറയുന്നുണ്ട്. (7:10). ചുരുക്കത്തിൽ ദൈവിക ശിക്ഷാനിയമങ്ങളിൽ അവന്റെ കാരുണ്യം മുന്തിനിൽക്കുന്നതായി കാണാൻ സാധിക്കുന്നതാണ്.

## നിത്യനരകം യാഥാർഥ്യമോ?

ജൂതരും ക്രിസ്ത്യാനികളും പറയുന്നത് അവരൊഴികെയുള്ളവർക്ക് നരകം ശാശ്വതമാണെന്നാണ്. മുസ്ലിംകളിലും അത്തരത്തിലുള്ള വിശ്വാസം കടന്നുകൂടിയിട്ടുണ്ട്. എന്നാൽ നരകം ശാശ്വതമാണെന്ന വാദത്തെ വിശുദ്ധ ഖുർആൻ നിരാകരിക്കുന്നു. നരകശിക്ഷയെപ്പറ്റി പറയുന്ന

*(ശേഷം 21 -ാം പേജിൽ)*

# വ്യാപാരവും ബാങ്കിങ്ങും

ഏ.എം. മുഹമ്മദ് സലീം

**പണത്തെ ചരക്കിനെപ്പോലെ കണക്കാക്കി പലിശയുടെ അടിസ്ഥാനത്തിൽ നടത്തുന്ന ബാങ്കിങ്ങ് ചൂഷണമാണ്, വ്യാപാരമാകട്ടെ, ക്ഷേമകരമായ സാമ്പത്തിക പ്രവർത്തനവും. ധാർമ്മികബദ്ധമായ ഖിലാഫത്ത് വ്യവസ്ഥിതിയ്ക്ക് കീഴിലേ സമൂഹത്തെ സാമ്പത്തികമായി സമീകരിക്കാൻ സാധ്യമാവൂ. ഇസ്‌ലാമിക ബാങ്കിനും ഇസ്‌ലാമിക രാഷ്ട്രത്തിനും അത് സാധ്യമല്ല.**

ചരക്കിനുപകരം ചരക്ക് കൈമാറ്റം ചെയ്യപ്പെട്ടിരുന്ന (Barter system) ഒരു വാണിജ്യ സമ്പ്രദായമായിരുന്നു പുരാതന കാലത്തുണ്ടായിരുന്നത്. വിഷമമേറിയ ഈ വിനിമയ വ്യവസ്ഥയിൽ നിന്നുള്ള മോചനമായിരുന്നു പണത്തിന്റെ കണ്ടുപിടിത്തം. ആദ്യകാലത്ത് വിലപിടിച്ച ലോഹങ്ങളായിരുന്നു പണത്തിനു പകരം നിന്നിരുന്നത്. അതിനുശേഷം പേപ്പർ കറൻസി ആവിർഭവിച്ചു. ബാങ്കിങ്ങ് വ്യവസ്ഥയിൽ ഡ്രാഫ്റ്റുകളും ചെക്കുകളും പണത്തിന്റെ ധർമം തന്നെയാണ് നിർവഹിക്കുന്നത്. എന്നാൽ ഇലക്ട്രോണിക് കോമേഴ്സിന്റെ ഈ യുഗത്തിൽ ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, സ്മാർട്ട് കാർഡ് മുതലായ ഇലക്ട്രോണിക് തരംഗങ്ങളായി വിനിമയം ചെയ്യാൻ സാധിക്കുന്ന പണവും നിലവിൽ വന്നു കഴിഞ്ഞു. ഭൂഖണ്ഡങ്ങളിൽ നിന്ന് ഭൂഖണ്ഡങ്ങളിലേക്ക് മിന്നൽ വേഗത്തിൽ വിനിമയം ചെയ്യുവാൻ കഴിയുന്ന തരംഗരൂപത്തിലുള്ള അദൃശ്യവസ്തുവായി പണം മാറിയിരിക്കുന്നു. പ്രശസ്ത ഫ്യൂചറോളജിസ്റ്റായ ആൽവിൽ ടോഫ്ളർ ഇതിനെ 'സൂപ്പർ സിംബൽമണി' എന്നാണ് വിളിക്കുന്നത്. അതായത് ചരക്കിന്റെ മൂല്യത്തിന് സിംബലായി (പ്രതീകമായി)രുന്ന കറൻസികൾക്കും സിംബലുകൾ വന്നു. ചരക്കുകളിൽ നിന്ന് വേർപെട്ട് പ്രതീകങ്ങളും പ്രതീകങ്ങളുടെ പ്രതീകങ്ങളുമായി ത്തീർന്നത് കൊണ്ടാണ് ഇ-കോമേഴ്സ് യുഗത്തിലെ പണത്തെ സൂപ്പർ സിംബൽ മണി എന്നു വിളിക്കുന്നത്. ഇത്രയും പറഞ്ഞത് ചരക്ക് കൈമാറ്റ രീതിയിൽ നിന്ന് വിനിമയ സൗകര്യത്തിനായി മനുഷ്യൻ കണ്ടെത്തിയ പണത്തിന് വന്ന രൂപാന്തരണവും അതിന്റെ ഗുണവും മേന്മയും കാര്യക്ഷമതയും സൂചിപ്പിക്കാനാണ്.

ദ്രവത്വം (Liquidity) അതായത് എപ്പോഴും എവിടേയും കൊണ്ടുപോകാനുള്ള സൗകര്യം, ശേഖരണശേഷി, മൂല്യമളക്കാനുള്ള മാനകശേഷി എന്നീ ഗുണങ്ങളുള്ള പണം വ്യാപാരത്തെ സഹായിക്കാൻ വേണ്ടി മനുഷ്യൻ കണ്ടെത്തിയ ഒരു ഉപാധിയാണ്. എന്നാൽ പണത്തെത്തന്നെ കച്ചവടച്ചരക്കാക്കുകയും അത് വമ്പിച്ച തോതിൽ ശേഖരിച്ച് പലിശയുടെ അടിസ്ഥാനത്തിൽ പണമിടപാടുകൾ നടത്തുകയും ചെയ്യുന്ന സ്ഥാപനമാണ് ബാങ്ക്. പണത്തിന്റെ മേൽപറഞ്ഞ ഗുണങ്ങളെ ഉപയോഗപ്പെടുത്തി സമൂഹത്തിന് ഉപകാരപ്രദമായ സാമ്പത്തിക പ്രവർത്തനമാണ് വ്യാപാരം മുഖേന സംജാതമാവുക. പലിശ അടിസ്ഥാനമാക്കിയുള്ള പണവിനിമയങ്ങൾ ചരക്കുകളെയും സേവനങ്ങളെയും ചലനാത്മകമാക്കുന്നില്ല. ചൂഷണത്തിലൂടെ മൂലധനം കുന്നുകൂടുകയും വീണ്ടും ചൂഷണത്തിനുമാണ് അത് വഴിവെക്കുന്നത്.

## വ്യാപാരവും ബാങ്കിങ്ങും

വ്യാപാരത്തിൽ നിന്നു ലഭിക്കുന്ന

ക്രയവിക്രയമാണല്ലോ വ്യാപാരം. ഒരു വ്യവസായ സംരംഭകൻ വ്യവസായം ആരംഭിക്കാനുള്ള മൂലധനം നിശ്ചിത മായ പലിശക്ക് ബാങ്കിൽ നിന്നും കട മായി വാങ്ങുന്നു. 'നിശ്ചിതം' എന്നാൽ സമയം കഴിയുന്തോറും അത് പലി ശയും കൂട്ടുപലിശയുമായി അനന്തമായി വർധിക്കുന്നു. എന്നാൽ വ്യവസായ സംരംഭകൻ മൂലധനമിറക്കി ഉല്പാദിപ്പി ക്കുന്ന ഉല്പന്നത്തിന്റെ വിലയും ലാഭ മായി അയാൾക്ക് അതിൽ നിന്ന് ലഭി ക്കേണ്ട വരുമാനവും കമ്പോളശക്തിക്ക് വിധേയവും അനിശ്ചിതവുമാണ്. ഇവിടെ പലിശയുടെ നിശ്ചിതത്വവും (സമയം തോറുമുള്ള അതിന്റെ അന ന്തവർധനയും ഉൾപ്പെടെ) വിലയുടെ അനിശ്ചിതത്വവും തമ്മിൽ യുക്തിസഹ മായ യോജിപ്പില്ല. അതായത് പലിശയും വ്യാപാരലാഭവും നേർ വിപരീതമായ രണ്ട് തത്വങ്ങൾ ഉൾക്കൊള്ളുന്ന സാമ്പ ത്തിക പ്രവർത്തനങ്ങളാണ്. അതുകൊ ണ്ടാണ് വ്യാപാരവും പലിശയും ഒരു പോലെയല്ല എന്ന് ഖുർആൻ പറ ഞ്ഞത്. വ്യാപാരം സമൂഹത്തെ ക്ഷേമ ത്തിലേക്ക് നയിക്കുന്ന പ്രകൃതിജന്യ മാണ് അതിന്റെ നിയമങ്ങൾ.

## സക്കാത്ത്: കുത്തക മുതലാളിത്വത്തെ തടയുന്നു

വ്യാപാരത്തിൽ നിന്ന് ലഭിക്കുന്ന ലാഭം മിച്ചമൂല്യം ഉണ്ടാക്കുകയും, മൂല ധന വർധനവിനും അതുവഴി സമ്പത്ത് കുന്നുകൂടാനും കുത്തക മുതലാളിത്ത ത്തിനും സാധ്യതയുണ്ട്. പക്ഷേ ഇസ്‌ലാമിക വ്യവസ്ഥ അതനുവദി ക്കില്ല. മൂലധന മുതലാളിത്വത്തെ സക്കാത്ത് വ്യവസ്ഥ തടയുന്നു. മൂലധ നത്തിൽ ചുമത്തുന്ന സക്കാത്ത് മൂലധ നത്തെ കുന്നുകൂടാനനുവദിക്കുന്നില്ല. ആധുനിക ജനാധിപത്യ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ പോലും മൂലധനത്തിൽ കൈവെക്കാൻ ഗവൺമെന്റുകൾ ധൈ ര്യം കാണിക്കാറില്ല. വരുമാനത്തിലാണ് നികുതി ചുമത്തുന്നത്. എന്നാൽ ഇസ്ലാം സമ്പത്ത് കേന്ദ്രീകരണത്തെ തടയുന്ന ഫലപ്രദമായ വഴി സക്കാത്തി ലൂടെ മൂലധനത്തിൽ നികുതി ചുമ ത്തിക്കൊണ്ടാണ്. വ്യാപാരത്തിന്റെ ലാഭവും പണമിടപാടിൽ നിന്ന് ലഭി ക്കുന്ന പലിശയും ഒരുപോലെയല്ല എന്നാണ് ഖുർആൻ പറയുന്നത്.

'പലിശ മുതൽ ഭക്ഷിക്കുന്നവൻ ഭ്രാന്താകുന്ന പിശാച് ശക്തമായ ആഘാതമേൽപ്പിച്ച ഒരുവൻ എഴു ന്നേൽക്കുന്നതുപോലെയല്ലാതെ എഴു ന്നേൽക്കുന്നതല്ല. അതിനുകാരണം വ്യാപാരം പലിശ പോലെതന്നെയാണ് എന്ന് അവർ പറയുന്നുന്നെുള്ളതത്രെ. എന്നാൽ അല്ലാഹു വ്യാപാരത്തെ അനു വദിക്കുകയും പലിശയെ നിരോധിക്കു കയും ചെയ്തിരിക്കുന്നു.' (2:70)

ഇവിടെ പലിശയുടെയും വ്യാപാ രത്തിന്റെയും നിർവചനവും വ്യത്യാ സവും നാം മനസ്സിലാക്കേണ്ടതുണ്ട്. ഉത്തമർണന് (പണം കൊടുക്കുന്ന യാൾ) യാതൊരുവിധ അപായ സാധ്യ തകളും റിസ്ക്കും അദ്ധ്വാനവുമില്ലാതെ, വായ്പ സ്വീകരിച്ച അധമർണനിൽ നിന്ന് ലഭിക്കുന്ന വരുമാനമാണ് പലിശ. സമയമാണ് പലിശയുടെ മൂല്യം വർധി പ്പിക്കുന്നത്. സമയം കഴിയുന്തോറും വായ്പാപണത്തിനു പുറത്ത് പലിശയും കൂട്ടുപലിശയുമായി അനന്തമായി അത് പെരുകുന്നു. ഇവിടെ പണം തന്നെ ഒരു ചരക്കായി മാറുകയാണ്. അതും മനു ഷ്യന്റെ യാതൊരു നിയന്ത്രണവുമി ല്ലാത്ത സമയമാണ് പലിശയുടെ മൂല്യം വർധിപ്പിക്കുന്നത്. വ്യാപാരത്തെ സഹാ യിക്കാൻ മനുഷ്യൻ കണ്ടെത്തിയ ഒരു മാധ്യമം എന്ന നിലക്ക് പണത്തി ലടങ്ങിയ ഗുണങ്ങളെ പണത്തോടൊ പ്പം തന്നെ വിൽക്കുന്നത് ധാർമികമായും യുക്തിപരമായും ശരിയല്ല. മേൽപ്പറഞ്ഞ ദ്രവത്വം, പൊതുസ്വീകാര്യത, മാനകശേ ഷി, ശേഖരിച്ചുവെക്കാനുള്ള കഴിവ് മുത ലായ ഗുണങ്ങൾ പണത്തിന് സ്വയം സിദ്ധമാണ്. സേവനപരമായ പണത്തി ന്റെ ഈ കഴിവുകൾ പലിശ വ്യാപാരി ചൂഷണം ചെയ്തു വിൽക്കുകയാണ്. പണത്തിന്റെ ഈ വക ഗുണങ്ങൾ പലിശ വ്യാപാരിയിൽ നിന്നല്ല പണ ത്തിന് ലഭിച്ചത്. അത് സമൂഹം നൽകി യതാണ്. അങ്ങനെ കൂട്ടിവെക്കാനും കൊണ്ടുനടക്കാനും കഴിയുന്ന പണത്തെ പലിശ വ്യാപാരി അവന് പിടി യിലൊതുങ്ങാത്ത സമയം എന്ന മാന കമുപയോഗിച്ച് അയുക്തികമായ മൂല്യം നിർണയിക്കുകയും വിഭവ ദൗർലഭ്യമു ള്ളവനെ ചൂഷണം ചെയ്യുകയുമാണ് ചെയ്യുന്നത്.

വ്യാപാരം എന്നത് പണത്തിന്റെ അടിസ്ഥാനത്തിൽ മൂല്യം നിർണ്ണയിച്ചു നടത്തുന്ന ചരക്കുകളുടെയും സേവന ങ്ങളുടെയും ക്രയവിക്രയമാണ്. ചരക്കു കളുടെ ലഭ്യതയും അതോടൊപ്പം വിവി ധങ്ങളായ മാനുഷികാവശ്യങ്ങളും, മാന സികഭാവങ്ങളും ഉൾക്കൊണ്ട കമ്പോ ളശക്തികളാണ് ക്രയവിക്രയവും ക്രയ വിക്രയത്തിലെ വിലയും നിശ്ചയിക്കു ന്നത്. ഒരു വ്യാപാരസംരഭകൻ കമ്പോള ശക്തികളുടെ സൂക്ഷ്മമായ ചലനങ്ങ ളെക്കുറിച്ച് ജാഗരൂകനായി അപായസാ ധ്യതകളെ തരണം ചെയ്തു സംഘടി പ്പിക്കുന്നതാണ് വ്യാപാരം. ഒരു ചരക്കി നെപ്പറ്റി ഉൽപാദകനും ഉപഭോക്താ ക്കളും തമ്മി ൽ പരസ്പരം അറിയു ന്നില്ല. അങ്ങനെ അറിയാതെ നിൽ ക്കുന്ന വ്യക്തിപരമായ തടസ്സം, സ്ഥല പരമായ തടസ്സം, ചരക്കുകൾ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് നീക്കുമ്പോൾ സംഭവിക്കുന്ന അത്യാ ഹിതപരമായ തടസ്സം, സംഭരിച്ചു വിത രണം ചെയ്യുന്ന സമയപരമായ തടസ്സം, ധനപരമായ തടസ്സം എന്നീ തടസ്സങ്ങ ളെയെല്ലാം തരണം ചെയ്യുന്നതിനാവ ശ്യമായ പ്രക്രിയകളുടെ സംഘാടന മാണ് വ്യാപാരം. ഇങ്ങനെ സംഘടിപ്പി ക്കപ്പെടുന്ന വ്യാപാരത്തിൽ ലാഭവും നഷ്ടവും സ്വാഭാവികമാണ്. കാലാവ സ്ഥ, ഋതുഭേദങ്ങൾ, ഭൂമിശാസ്ത്രം മുത ലായ പ്രകൃതിശക്തികളും മനുഷ്യന്റെ ആവശ്യങ്ങൾ, അഭിരുചി, ഫാഷൻ മുത ലായ മാനവീയ ഭാവങ്ങളും വ്യാപാര ത്തിലെ ചരക്കുകളുടെ ക്രയവിക്രയങ്ങ ളിൽ പങ്കു വഹിക്കുന്നു. ഈ ഘടക ങ്ങളെല്ലാം തന്നെ അസ്ഥിരവും അനി ശ്ചിതവുമാണ്.

വ്യാപാര പ്രക്രിയയുടെ നൈ സർഗിക സ്വഭാവം അനിശ്ചിതത്വമാണ്. ഈ അനിശ്ചിതത്വത്തിന്റെ വരുംവരാ യ്കകൾ സ്വയം ഏറ്റെടുത്ത് തന്റെ കഴിവും അദ്ധ്വാനവും മൂലധനത്തോ ടൊപ്പം ഉപയോഗിച്ചു നടത്തുന്ന സാധ നങ്ങളുടെയും സേവനങ്ങളുടെയും

## ഇസ്ലാമിക ബാങ്കിങ്ങിന്റെ പരിമിതിയും ഖിലാഫത്തിന്റെ പ്രസക്തിയും

ആധുനിക കാലത്ത് പലിശരഹിതമായ ഇസ്ലാമിക ബാങ്കിങ്ങ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും വമ്പിച്ച വിജയങ്ങൾ കാഴ്ചവെക്കുകയും ചെയ്തിട്ടുണ്ട്. ഖുർആൻ പറയന്നു: "നിങ്ങളുടെ ധനം പരസ്പരം അന്യായമായ നിലയിൽ കരസ്ഥമാക്കി ഭക്ഷിക്കരുത്. എന്നാൽ അത് (ധനം) നിങ്ങളിൽ നിന്നും ഉഭയസമ്മതത്തോടെയുള്ള കച്ചവടമാകുന്നത് അനുവദനീയമാണ്." (4:30) ഖുർആന്റെ ഈ വചനത്തിൽ നിന്നും, കച്ചവടത്തിന്നുവേണ്ടി പണം സ്വരൂപിക്കുന്ന ഒരു പങ്കാളിത്തസ്ഥാപനത്തെ കുറിച്ചു സൂചനയുണ്ട്. പണം മുടക്കാൻ തയ്യാറുള്ള ആളുകളിൽ നിന്നു ലാഭനഷ്ടങ്ങളിൽ പങ്കാളിയാകാമെന്ന കരാറിന്റെ അടിസ്ഥാനത്തിൽ പണം സ്വീകരിക്കുകയും അത് സംരംഭകന് നൽകുകയും ചെയ്യുന്ന ഒരു ഇടനിലക്കാരനായാണ് ഇസ്ലാമിക ബാങ്ക് പ്രവർത്തിപ്പിക്കുന്നത്. ഇവിടെ സംരംഭകൻ ഒരു നടത്തിപ്പുകാരൻ മാത്രമാണ്. വ്യാപാരത്തിൽ പണം മുടക്കുന്നത് ബാങ്കാണ്, അഥവാ നിക്ഷേപകനാണ്. ഇതിനെ 'മുദാരബ' എന്ന് വിളിക്കുന്നു. അതുപോലെ പണം മുടക്കുന്നയാളും സംരംഭകനും ഒരുപോലെ പങ്കാളികളായി പണം മുടക്കി നടത്തുന്ന പങ്കാളിത്ത കച്ചവടത്തിനും ഇസ്ലാമിക ബാങ്ക് മധ്യവർത്തിയായി നിൽക്കുന്നു. ഇതിനെ 'മുശാറക' എന്നാണ് പറയുന്നത്. പരേതനായ ഫൈസൽ രാജാവിന്റെ മകനും പാശ്ചാത്യ വിദ്യാഭ്യാസം നേടിയ സാമ്പത്തിക വിദഗ്ധനുമായ മുഹമ്മദ് ഫൈസൽ രാജകുമാരൻ ഇസ്ലാമിക് ബാങ്കിങ്ങ് രംഗത്തെ ഒരതികായനാണ്. ഇപ്പോൾ മുസ്ലിം രാജ്യങ്ങളിൽ ഇതുപോലെയുള്ള നിരവധി സ്ഥാപനങ്ങളുണ്ട്. ലോകപ്രശസ്ത സാമ്പത്തിക വിദഗ്ധനും ഇന്ത്യയുടെ റിസർവ്വ് ബാങ്ക് ഗവർണ്ണറും ധനകാര്യമന്ത്രിയും ഇന്ത്യൻ പ്രധാനമന്ത്രിയുമായ ഡോ. മൻമോഹൻസിങ്ങ് ഇന്ത്യൻ ബാങ്കുകളിൽ ഒരു 'ഇസ്ലാമിക്

നിന്നും നമുക്ക് വ്യക്തമായ ഒരു ധാരണ ലഭിക്കുന്നുണ്ട്. പലിശയുടെ നിഷിദ്ധത വിളംബരം ചെയ്തപ്പോൾ പലിശയിടപാടുകാരോട് ഖുർആൻ പറഞ്ഞ വാക്ക് ഇതാണ്. 'എന്നാൽ നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുന്ന പക്ഷം നിങ്ങളുടെ മൂലധനം മാത്രമാണ് നിങ്ങൾക്ക് അവകാശപ്പെട്ടത്.' (2:280) അതായത് ലാഭനഷ്ടങ്ങൾ ഉണ്ടാവുന്ന വ്യാപാരത്തിൽ പങ്കാളികളാവാത്തിടത്തോളം കാലം മൂലധനമല്ലാതെ ഉത്തമർണന് (പണം കൊടുക്കുന്നയാൾ) മറ്റൊരു അവകാശവുമില്ല എന്നാണ് അല്ലാഹു പറയുന്നത്. 'നിങ്ങളിൽ നിന്നും ഉഭയസമ്മതത്തോടെയുള്ള കച്ചവടമാകുന്നത് അനുവദനീയമാണ്'. (4:30) എന്ന് ഖുർആൻ പറഞ്ഞത് റിസ്ക് ഇരുകൂട്ടരും ഏറ്റെടുക്കണമെന്നാണ്.

പലിശയുടെ അടിസ്ഥാനത്തിലുള്ള ബാങ്കിങ്ങ് സംവിധാനം ഇല്ലാത്ത ഒരു വ്യവസ്ഥയെക്കുറിച്ച് ചിന്തിക്കാൻ പോലും സാധ്യമല്ല എന്നാണ് ഈ വ്യവസ്ഥയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ആധുനികലോകത്തെ ചില സാമ്പത്തിക വിദഗ്ദരുടെയും കച്ചവടക്കാരുടെയും ധാരണ. പക്ഷേ ചരിത്രം നൽകുന്ന സാക്ഷ്യം മറ്റൊന്നാണ്. ആയിരത്തി നാനൂറ് വർഷത്തെ ഇസ്ലാമിക രാജ്യങ്ങളുടെ ചരിത്രത്തിൽ സാമ്പത്തിക പുരോഗതിയുടെയും ഭൗതികക്ഷേമത്തിന്റെയും ഏറ്റവും ഉന്നതിയിൽ വിരാജിച്ചിരുന്ന സമൂഹങ്ങളുടെ നിരവധി ഉദാഹരണങ്ങളുണ്ട്. മധ്യകാലഘട്ടങ്ങളിൽ ലോക കച്ചവടത്തിന്റെ മേധാവിത്വം വഹിച്ചിരുന്ന മുസ്ലിം നാടുകളിലെ സമ്പദ് വ്യവസ്ഥ പലിശമുക്തമായിരുന്നു. ദാരിദ്ര്യമില്ലായ്മ, സമൃദ്ധി, സുഭിക്ഷത എന്നിവ വിജയകരമായി ഭരണം നടത്തിയിരുന്ന മുസ്ലിം നാടുകളുടെ മുഖമുദ്രയായിരുന്നുവെന്നതിന് ചരിത്രത്തിൽ ധാരാളം രേഖകളുണ്ട്. അപ്പോൾ പലിശയില്ലെങ്കിൽ സമ്പദ്രംഗം ചലിക്കില്ല, മൂലധനത്തിന്റെ വിതരണവും പുനർവിതരണവും നടക്കില്ല എന്നും മറ്റും പറയുന്നത് ചരിത്രയുക്തിക്ക് നിരക്കുന്നതല്ല.

ലാഭത്തിലൂടെ കുന്നുകൂടുന്ന മൂലധനം സമൂഹത്തിലേക്ക് തന്നെ പുനർവിതരണം ചെയ്യപ്പെടുന്നു. രാജ്യത്ത് ക്ഷേമം സംജാതമാക്കാൻ ഇതിൽപ്പരം പുരോഗമനപരമായ മറ്റൊരു നടപടിയില്ല. എന്നാൽ പലിശയാകട്ടെ, മനുഷ്യപ്രയത്നത്തെയും അധ്വാനത്തെയും പണമുപയോഗിച്ച് ചൂഷണം ചെയ്യുന്നു. മൂലധനവർധനയും കുത്തക മുതലാളിത്തവും ഇത് സംജാതമാക്കുന്നു. ദാരിദ്ര്യം, വിലവർധനവ്, നാണയപ്പെരുപ്പം, തൊഴിലില്ലായ്മ, അലസത മുതലായ നിരവധി തിന്മകൾ പലിശ വ്യവസ്ഥ കൊണ്ടുവരികയും ചെയ്യുന്നു.

### ലാഭനഷ്ടങ്ങളിലെ പങ്കാളിത്തം

പണമിടപാടുകൾ നടത്തുന്ന ഒരു സ്ഥാപനമാണ് ബാങ്ക്. ബാങ്കിങ്ങ് ഇന്ന് മനുഷ്യോപകാരപ്രദമായ ഒരുപാട് സേവനങ്ങൾ നൽകുന്നു എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ അടിസ്ഥാനപരമായി പണം ഒരു ചരക്കാക്കി കരുതി നടത്തുന്ന ചൂഷണവ്യാപാരമാണ് ബാങ്കിങ്ങ്. നിക്ഷേപങ്ങൾ സ്വീകരിക്കുക, വായ്പ നൽകുക, പണക്കൈമാറ്റങ്ങൾ നടത്തുക എന്നിവയാണ് ഒരു ബാങ്ക് നിർവ്വഹിക്കുന്ന മുഖ്യധർമങ്ങൾ. ബാങ്കിന്റെ നിലനിൽപ്പിനും നടത്തിപ്പിനും പുരോഗതിക്കും ആശ്രയിക്കുന്ന വരുമാന മാർഗമാണ് പലിശ. പലിശയാകട്ടെ ഇസ്ലാം നിരോധിച്ചിട്ടുള്ളതുമാണ്. യുക്തിയുടെയും പ്രായോഗികതയുടെയും മതമായ ഇസ്ലാം പലിശയെ യാതൊരു സംശയത്തിനുമിടയില്ലാത്ത വിധം നിരുപാധികം നിരോധിക്കുക മാത്രമല്ല, പലിശ വ്യാപാരം അല്ലാഹുവിനോടുള്ള യുദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

മുഹമ്മദു നബി(സ) ചരിത്രപ്രസിദ്ധമായ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പറഞ്ഞു: 'എല്ലാതരം പലിശകളും ഞാനിതാ ദുർബലപ്പെടുത്തിയിരിക്കുന്നു. ഒന്നാമതായി ഞാൻ ദുർബലപ്പെടുത്തുന്നത് എന്റെ പിതാവിന്റെ സഹോദരൻ അബ്ബാസിന് കിട്ടാനുള്ള പലിശയാണ്.' പലിശ എന്താണ് എന്നതിനെ സംബന്ധിച്ച് ഖുർആനിൽ

വിൻഡോ' ഏർപ്പെടുത്തുന്നത് നന്നായിരിക്കും എന്ന് ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായാലും പലിശയുടെ തീവെട്ടിക്കൊള്ള നടക്കു ന്ന ഒരു സമൂഹത്തിൽ പലിശരഹിത സംരംഭം എന്ന നിലയിൽ ഇത് അഭിനന്ദനീയമാണ്.

മൂലധനമിറക്കി വ്യാപാരം നടത്തുന്ന കച്ചവട സമൂഹമാണ് ഇസ്ലാമിക ബാങ്കിങ്ങിന്റെ ഗുണഭോക്താക്കൾ. അതുകൊണ്ട് പണം സമൂഹത്തിന്റെ പരിമിതമായ വൃത്തത്തിൽ മാത്രം പരിക്രമണം ചെയ്യുന്ന ഒന്നായിത്തീരില്ലേ എന്ന സംശയവും അസ്ഥാനത്തല്ല. പണത്തിന്റെ പരിമിതവൃത്തത്തിലുള്ള ചുറ്റിത്തിരിയലിനെ ഖുർആൻ അപലപിച്ചിട്ടുണ്ട് എന്ന കാര്യം പ്രസ്താവ്യമാണ്. ഖുർആൻ പറയുന്നു:

'അല്ലാഹു ആ നാട്ടുകാരിൽ നിന്ന് പിടിച്ചെടുത്ത് തന്റെ ദൂതന് നൽകിയ ധനം അല്ലാഹുവിനും അവന്റെ ദൂതനും അടുത്ത ബന്ധുക്കൾക്കും അനാഥക്കുട്ടികൾക്കും അഗതികൾക്കും വഴിപോക്കർക്കുമുള്ളതാണ്. അത് നിങ്ങളിൽ നിന്നുള്ള ധനികന്മാർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന വസ്തു വാകാതിരിക്കാൻ വേണ്ടിയാണിത്. ദൈവദൂതൻ ഏതൊന്ന് നിങ്ങൾക്ക് നൽകിയിട്ടുണ്ടോ അത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. ഏതൊന്നിനെ സംബന്ധിച്ച് അദ്ദേഹം നിങ്ങളെ വിലക്കിയിട്ടുണ്ടോ നിങ്ങളതിനെ വിട്ടൊഴിയുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.' (59:8)

ചുരുക്കത്തിൽ പലിശയുടെ അതിവ്യാപനം കൊണ്ട് പൊറുതിമുട്ടിയ സാമ്പത്തികമേഖലയിൽ പ്രത്യേകിച്ച് വ്യാപാരരംഗത്ത് ഇസ്ലാമിക ബാങ്കുകൾക്ക് ആരോഗ്യകരമായ ചലനങ്ങൾ സൃഷ്ടിക്കാനുള്ള ശേഷിയുണ്ട്. വ്യാപാരത്തിൽ പണം നിക്ഷേപിച്ച് റിസ്ക് എടുക്കാനുള്ള വൈമുഖ്യം കൊണ്ടാണ് പലരും ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നത്. ബാങ്കുകൾ നിക്ഷേപകർ ചെയ്യുന്നതുപോലെ യാതൊരു റിസ്കുമെടുക്കാതെ അത് പലിശയുടെ അടിസ്ഥാനത്തിൽ സ്വത്ത് ജാമ്യത്തിൽ സംരംഭകന് കൈമാറുന്നു. യഥാർത്ഥ പണഉടമസ്ഥന് സംരംഭകന്റെ പ്രവർത്തനങ്ങളുമായി യാതൊരു ബന്ധവുമില്ല. എന്നാൽ ഇസ്ലാമിക ബാങ്കിങ്ങിന്റെ ഉത്തരാവാദിത്വം ആരംഭിക്കുന്നത് പണം സംരംഭകന് കൊടുക്കുന്നത് മുതൽക്കാണ്. സംരംഭകന്റെ ഓരോ ചലനവും സൂക്ഷ്മമായ ഓഡിറ്റിങ്ങിന് വിധേയമായിരിക്കും. വിശ്വസ്തതയും കർമശേഷിയുമാണ് ഇസ്ലാമിക ബാങ്കിങ്ങ് ആവശ്യപ്പെടുന്നത്. ഏതായാലും ബിസിനസ് രംഗത്ത് പരസ്പര സഹകരണവും സത്യസന്ധതയും, വിശ്വസ്തതയും പുലർത്തുന്ന ഒരു നൂതനവ്യവസ്ഥ ഇതുകൊണ്ട് സംജാതമാവുന്നു. എന്നാൽ ഒരു സമൂഹത്തിന്റെ ക്ഷേമം എന്നാൽ കച്ചവടസമൂഹത്തിന്റെ ക്ഷേമം മാത്രമല്ല, സാമ്പത്തിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കഴിയാത്തവരും മൂലധനശേഷിയില്ലാത്തവരും, രോഗികളും, കടവും ദാരിദ്ര്യവും നിരക്ഷരതയും ഗ്രസിച്ചവരുമായ സമൂഹത്തിന്റെ ഉന്നമനം അദ്ധ്യാത്മിക, ധാർമ്മിക സ്ഥാപനമായ ഇസ്ലാമിക ഖിലാഫത്ത് വ്യവസ്ഥയിൽ മാത്രമേ സാധ്യമാവൂ എന്ന കാര്യം നാം മറക്കരുത്. എങ്കിൽ മാത്രമേ സമ്പൂർണ്ണമായ സമൂഹക്ഷേമം കൈവരികയുള്ളൂ.

ഇസ്ലാമിലെ നിർബന്ധഘടകമായ സക്കാത്ത് വ്യവസ്ഥയുടെ സംഘാടനത്തിനും വിതരണത്തിനും കഴിയാത്ത മുസ്ലിം ലോകത്തിന്റെ ഇസ്ലാമിക ബാങ്കിങ്ങ് ഉപയോഗിച്ചുകൊണ്ടുള്ള എല്ലാ സാമ്പത്തിക പരീക്ഷണങ്ങളും, മൂലധനമിറക്കി വ്യാപാരം നടത്തുന്ന കച്ചവട സമൂഹത്തിന്റെ ക്ഷേമത്തിൽ മാത്രം പരിമിതപ്പെട്ടുപോകുന്നു. ഇസ്ലാമിക സമ്പദ്വ്യവസ്ഥയിലെ സമ്പത്തിന്റെ വിതരണം എന്ന സമഗ്ര ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ മൂലധനത്തിൽ ചുമത്തുന്ന സക്കാത്ത് വ്യവസ്ഥയിലൂടെ മാത്രമേ സാധ്യമാവൂ. ഇത് ഖിലാഫത്തിന്റെ കീഴിലേ പ്രാവർത്തികമാവുകയുള്ളൂ. സക്കാത്തിന്റെ മാനവീയവും, മനുഷ്യത്വപരവുമായ സമ്പദ് വിതരണം ഇസ് ലാമിക ബാങ്കുകളെക്കൊണ്ട് നിർവ്വഹിക്കാനാവുകയില്ല.

## ഉപസംഹാരം

ബാങ്കുകൾ അത് ഇസ്ലാമികമാവട്ടെ പലിശയുടെ അടിസ്ഥാനത്തിലുള്ളതാകട്ടെ അടിസ്ഥാനപരമായി പണവ്യാപാരസ്ഥാപനമാണ്. ഖിലാഫത്തിന്റെ കീഴിൽ ബൈത്തുൽമാൽ പോലെ സാമ്പത്തിക ത്യാഗത്തിലധിഷ്ഠിതമായ ഒരു ധാർമ്മിക സ്ഥാപനമായി വർത്തിക്കാൻ ബാങ്കുകൾക്ക് ഒരിക്കലും കഴിയുകയില്ല. മൂലധന ശേഷിയില്ലാത്തതും സംരംഭകരാവാൻ കെൽപില്ലാത്തതുമായ സാമ്പത്തിക അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് യാതൊരു സേവനവും അതിന് നൽകാൻ സാധ്യമല്ല. ഇസ്ലാമിക ബാങ്കിങ്ങ് ഇസ്ലാമിക സമൂഹത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം എന്ന് പറയുന്നവർ ഇക്കാര്യം ചിന്തിക്കുന്നില്ല. ഇസ്ലാമിന്റെ ഖിലാഫത്ത് വ്യവസ്ഥയിലധിഷ്ഠിതമായ ബൈത്തുൽമാൽ നിർവ്വഹിക്കുന്ന ധർമ്മങ്ങൾക്ക് പകരം നിൽക്കുന്ന ഒന്നായി ഇസ്ലാമിക ബാങ്കിങ്ങിനെ അവതരിപ്പിക്കുന്നത് ശരിയല്ല. അഹ്മദിയ്യാ ഖിലാഫത്ത് മൂലധനത്തിൽ ഇസ്ലാമിക വിധി പ്രകാരം തോത് നിർണ്ണയിച്ച് സക്കാത്ത് പിരിച്ച് സമ്പത്ത് പുനർവിതരണം സാധ്യമാക്കുന്നുണ്ട്. ഭരണകൂടം കൂടി പങ്കു കൊള്ളേണ്ട ഒന്നാണ് സക്കാത്തിന്റെ സമാഹരണ വിതരണപ്രക്രിയ എന്ന കാര്യം ശ്രദ്ധേയമാണ്. ഭരണകൂടവുമായി സഹകരിച്ചുകൊണ്ട് അല്ലെങ്കിൽ ഭരണകൂടം ഈടാക്കുന്ന നികുതി വ്യവസ്ഥയുടെ സ്വഭാവമനുസരിച്ച് കൂട്ടികിഴിക്കലുകൾ നടത്തി ഖിലാഫത്ത് വ്യവസ്ഥക്ക് ഇത് വിജയകരമായി നിർവ്വഹിക്കാം എന്നതിന്ന് അഹ്മദിയ്യാ ഖിലാഫത്ത് സാക്ഷ്യം വഹിക്കുന്നു. നിയമത്തിന്റെ കാർക്കശ്യമനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന എല്ലാ ഭരണകൂടങ്ങളും ജനങ്ങളുടെ ഹൃദയവുമായി ബന്ധമില്ലാത്ത അധികാരത്തിലധിഷ്ഠിതമായ കൃത്രിമ സ്ഥാപനങ്ങളാണ്. എത്ര ഉദാത്തമായ ഭരണകൂടമായിരുന്നാലും അതിന് സമൂഹത്തിന്റെ സമ്പൂർണ്ണ സാമ്പത്തിക സമീകരണത്തിന്ന് സാധ്യമല്ല എന്ന കാര്യം വ്യക്തമാണ്. ഖിലാഫത്തിലൂടെയാണ് അത് ലക്ഷ്യം നേടുക. ■

# ദൈവവിധി

ഖാലിദ് ശഫീയുല്ലാഹ്

**വിശ്വാസികളെ കുഴക്കുന്ന ഒരു പ്രശ്നമാണ് ദൈവവിധി. എല്ലാം മുൻകൂട്ടി ദൈവം നിശ്ചയിച്ചതാണോ? മനുഷ്യന്റെ പ്രയത്നവും പ്രാർത്ഥനയും വിധിയെ മാറ്റുമോ? ലേഖകൻ വിശദീകരിക്കുന്നു.**

ദൈവവിധിക്കുള്ള അറബിപദം 'തഖ്ദീർ' എന്നാണ്. ദൈവത്തിന്റെ വിധി മനസ്സിലാക്കൽ ബുദ്ധിമുട്ടുള്ളതും അമ്പരപ്പിക്കുന്നതുമായ ഒരു പ്രശ്നമാണ്. എങ്കിലും ദൈവവിധിയിലുള്ള വിശ്വാസം ഇസ്ലാമിലെ വിശ്വാസകാര്യങ്ങളിൽപ്പെട്ട ഒന്നാണ്. ദൈവവിധി എല്ലാ മതങ്ങളുടെയും ചർച്ചാവിഷയമാണ്. വിവിധ അഭിപ്രായങ്ങളും തത്ത്വശാസ്ത്രങ്ങളും, ചിന്താസരണികളും ദൈവവിധിയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്നിട്ടുണ്ട്. ദൈവം നീതിമാനും, ന്യായയുക്തനുമായിരിക്കെ എന്തുകൊണ്ടാണ് മനുഷ്യശിശു ശാരീരികവും മാനസികവും ആത്മീയവുമായി വ്യത്യസ്ത കഴിവുകളോടെ ജനിക്കുന്നത് എന്ന് ആളുകൾ ചോദിക്കുന്നു. ഈ ലോകത്ത് ധാരാളം ദുഃഖങ്ങളും പാപങ്ങളും കുറ്റകൃത്യങ്ങളും നടക്കുന്നു. ഇതെല്ലാം ദൈവം മുൻകൂട്ടി വിധിച്ചതാണോ? അതല്ല മനുഷ്യനു കൊടുത്ത സ്വാതന്ത്ര്യം അവൻ ദുരുപയോഗപ്പെടുത്തുകയും വിധിനാളിൽ കണക്കുനോക്കാൻ വിട്ടിരിക്കുകയുമാണോ? കഠിനാദ്ധ്വാനവും പ്രാർത്ഥനയും മുഖേന സംഭവഗതികൾ മാറ്റിത്തീർക്കാൻ സാധിക്കുമോ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ, വിധി വിശ്വാസ സംബന്ധമായി ഉയർന്നുവരുന്നു. ഈ ചോദ്യങ്ങൾക്കെല്ലാം വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിലും ഹസ്റത്ത് അഹ്മദി(അ)ന്റെയും, രണ്ടാം ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ) ന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും മറുപടി പറയാൻ ശ്രമിക്കാം.

## എന്തുകൊണ്ടാണ് ജന്മനായുള്ള വ്യത്യാസങ്ങൾ?

ദൈവം നീതിമാനും ന്യായയുക്തിയോടെ പ്രവർത്തിക്കുന്നവനുമാണെന്ന സങ്കല്പം അൽപം വിശദീകരിക്കേണ്ടതാണ്. പക്ഷഭേദം, വിഭാഗീയത, നീതിരഹിതമായ ചായ്‌വ് എന്നീ പദങ്ങളുടെ എതിർവാക്കാണ് 'ന്യായയുക്തത' എന്നത്. നാം യഥാർത്ഥത്തിൽ സമ്പാദിച്ച അവകാശം ലഭിക്കലാണ് ന്യായയുക്തത എന്ന പദത്തിന്റെ അർത്ഥം എന്ന തെറ്റായ ഒരു മുൻധാരണയും ഈ പദത്തിനുണ്ട്. എന്നാൽ ദൈവത്തിന്റെ അടിസ്ഥാനപരമായ ഒരു ഗുണം റഹ്മാൻ (പരമകാരുണികൻ) എന്നാണ്. അതായത് സൃഷ്ടികൾ യാതൊരു പ്രയത്നവും ചെയ്യാതെ തന്നെ അവർക്ക് ദൈവം നൽകുന്ന നിർലോപവും സമൃദ്ധവുമായ കാരുണ്യം എന്നാണ് ഇതിനർത്ഥം. അതിന് പ്രതിഫലമായി ദൈവം ഒന്നും തന്നെ കാംക്ഷിക്കുന്നില്ല. ജന്മനാ മനുഷ്യന് ലഭിക്കുന്ന ശാരീരികവും, മാനസികവും ആത്മീയവുമായ കഴിവുകളും ആൺപെൺ ലിംഗഭേദങ്ങളുമെല്ലാം, ദൈവത്തിൽ നിന്നുള്ള സൗജന്യങ്ങളാണ്. അത് ഒരവകാശമാണെന്ന് വാദിക്കാൻ ആർക്കും സാദ്ധ്യമല്ല. ഇതു തന്നെ മൃഗങ്ങൾ, ഷഡ്പദങ്ങൾ, ബാക്ടീരിയ മുതലായവക്കും ബാധകമാണ്. ഇങ്ങനെ മനുഷ്യന് ലഭിക്കുന്ന കാരുണ്യത്തെപ്പറ്റി മറ്റൊരു വിധത്തിൽ ചിന്തിക്കുന്നത്, ദൈവത്തിന്റെ സൃഷ്ടികളെയെല്ലാം ചുറ്റപ്പെട്ടതും ചൂഴ്ന്നു നിൽക്കുന്നതുമായ ദൈവകാരുണ്യത്തിന്റെ നിഷേധമാണ്. ഹസ്റത്ത് അഹ്മദ് (അ) പറയുന്നു:

"മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പ് തന്നെ സൂര്യനെയും അവൻ ശ്വസിക്കുന്നതും അവന്റെ ശബ്ദത്തെ വഹിക്കുന്നതുമായ വായുവിനെയും ദൈവം സൃഷ്ടിച്ചത് മനുഷ്യൻ ചെയ്ത എന്തെങ്കിലും പ്രവൃത്തിയുടെ ഫലമായിട്ടാണോ? (1). ഈ പ്രപഞ്ച വ്യവസ്ഥയിലേക്ക് ഒന്ന് കണ്ണോടിച്ചു നോക്കൂ. അവിടെ സൂര്യനും ചന്ദ്രനുമുണ്ട്. ധാന്യവും വെള്ളവും, വായുവും മാത്രമല്ല മനുഷ്യന്റെ രോഗങ്ങളെ ശമിപ്പിക്കുന്ന നിരവധി ഔഷധ സസ്യങ്ങളും അവിടെയുണ്ട്. ആരുടെയെങ്കിലും സേവനത്തിന് പ്രതിഫലമായിട്ടാണ് ഇതെല്ലാം ലഭിക്കുന്നതെന്ന്

ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ചിന്താശീലർക്ക് ദൈവം റഹ്മാൻ (പരമകാരുണികൻ) ആണെന്ന് കാണാൻ സാധിക്കും. ആകാശ ഭൂമികളിലുള്ളതിന്റെയും നമ്മുടെ ശരീരത്തിലുള്ളതിന്റെയുമെല്ലാം ഉറവിടം അവന്റെ റഹ്മാനിയത്തിൽ നിന്നാണ്. നാം നമ്മുടെ മാതാവിന്റെ ഗർഭപാത്രത്തിലായിരുന്നപ്പോൾ നമുക്കു ലഭിച്ച അനുഗ്രഹങ്ങളെല്ലാം നമ്മുടെ പ്രവർത്തനം മൂലമാണോ?" (2)

അതുകൊണ്ട് നാമെല്ലാം ദൈവത്തിന്റെ തിരുമുമ്പിൽ യാചകരാണ്. ഒരു യാചകന് തനിക്ക് ലഭിക്കുന്നത് കുറഞ്ഞു പോയെന്നോ മറ്റുള്ളവർക്ക് കൂടിപ്പോയെന്നോ ഉള്ള വാദങ്ങളുന്നയിക്കാനുള്ള അവകാശമില്ല. ദൈവത്തിന് ജനങ്ങളോടു പ്രതിക്രിയ നൽകാനും പ്രതിഫലം നൽകാനും അവന്റേതായ വഴികളുണ്ട്. അത് ഈ ലോകത്ത് വെച്ചോ പരലോകത്ത് വെച്ചോ ആവാം. എല്ലാം അവന്റെ ഇഷ്ടം.

## തഖ്ദീറിന്റെ അർത്ഥം

ഖുർആനിൽ 25ാം സൂറ: 3ാം വചനത്തിൽ തഖ്ദീർ എന്നും വാക്ക് പ്രത്യക്ഷപ്പെടുന്നു.

"ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതത്രെ. അവൻ ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന് ഒരു കൂട്ടുകാരനുമില്ല. അവൻ എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുകയും എന്നിട്ട് അവയെ നല്ലവണ്ണം നിർണ്ണയം ചെയ്യുകയും ചെയ്തു." [ഫക്കദ്ദറഹൂതഖ്ദീറ] (അൽ ഫുർഖാൻ)

''ഈ വചനപ്രകാരം ദൈവം ആകാശഭൂമികളുടെ സ്രഷ്ടാവാണ്. അതിനിടയിലുള്ളതിന്റെയെല്ലാം ചോദ്യം ചെയ്യപ്പെടാനാവാത്ത യജമാനുമാണ്. അവന്റെ വചനങ്ങൾ വാസ്തവത്തിൽ പ്രകൃതി നിയമങ്ങളുമായി പരിപൂർണ്ണമായും പരസ്പരം പൂരകമാണ്. അതുകൊണ്ട് അതിന്റെ സ്വീകാരവും തിരസ്കാരവും വെളിപാട് നിയമങ്ങളുടെ മാത്രമല്ല പ്രകൃതി നിയമങ്ങളുടെയും സ്വീകാരവും തിരസ്കാരവുമാണ്." (3)

അതുകൊണ്ട് മതവും ശാസ്ത്രവുമായി യാതൊരു വൈരുദ്ധ്യങ്ങളുമില്ല. മനുഷ്യന് ഒരു ശരീരമുണ്ട്. അത് ഭൗതികനിയമത്തിനും ആത്മീയ നിയമത്തിനും വിധേയമാണ്. രണ്ടു നിയമങ്ങളും അതാതിന്റെ മേഖലയിൽ പ്രവർത്തനക്ഷമമാണ്. ശരീരവും ആത്മാവും പ്രതിപ്രവർത്തിക്കുന്നതു പോലെ അവ രണ്ടും പരസ്പരം സ്വാധീനിക്കുകയും ചെയ്യുന്നു. മനുഷ്യപ്രവർത്തനങ്ങൾ ഭൗതികനിയമത്തിന്റെ (പ്രകൃതി നിയമത്തിന്റെ) മേഖലയിൽ വ്യവഹരിക്കപ്പെടുന്നു. അതുപോലെ ദൈവപ്രീതിക്കായി നാം നടത്തുന്ന പ്രാർത്ഥനകളും, ദാനധർമ്മങ്ങളും മറ്റെല്ലാ സൽക്കർമ്മങ്ങളും ദൈവത്തിന്റെ കാരുണ്യത്തെ ആകർഷിക്കുകയും ആത്മീയ മണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തനക്ഷമമാകുയും ചെയ്യുന്നു. ഈ രണ്ടു നിയമങ്ങളും പരസ്പരം സ്വതന്ത്രമായി പ്രതിപ്രവർത്തിക്കുന്നു. സൽപ്രവൃത്തികളും പ്രാർത്ഥനകളും ദൈവത്തിന്റെ കാരുണ്യത്തെ ആകർഷിക്കുകയും ഒരു കർമ്മത്തിന്റെ പൂർത്തീകരണത്തിന് സഹായകമായിത്തീരുകയും ചെയ്യുന്നു. അതുപോലെ മനുഷ്യന്റെ പ്രയത്നവും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കുന്നു. ഇത് ദൈവം തന്നെ നിശ്ചയിച്ച പ്രകൃതിനിയമങ്ങൾക്ക് അനുപൂരകമാണ്. അതുകൊണ്ട് മനുഷ്യപ്രയത്നങ്ങളും പ്രാർത്ഥനപോലെ തന്നെ പ്രവർത്തനക്ഷമമാകുന്നു. തഖ്ദീർ (ദൈവവിധി) എന്നാൽ അതിസങ്കീർണ്ണമായ ഈ നിയമങ്ങളുടെ പ്രവർത്തനത്തിന്റെയും പ്രതിപ്രവർത്തനത്തിന്റേയും അന്തിമഫലത്തെ സൂചിപ്പിക്കുന്നു. അതായത് മനുഷ്യപ്രയത്നത്തിന്റെയും പ്രാർത്ഥനയുടെയും പ്രവർത്തനവും പ്രതിപ്രവർത്തനവുമാണത്. (പദാർത്ഥം ഊർജമായും ഊർജം പദാർത്ഥമായും മാറുന്നതിനോട് ഇതിനെ ഉപമിക്കാം).

പദാർത്ഥത്തിന്റെയും ആത്മാവിന്റെയും സ്രഷ്ടാവും നിയാമകനും ദൈവമാവുമ്പോൾ മാത്രമേ ഈ നിയമം പ്രാവർത്തികമാവുകയുള്ളൂ. വാസ്തവത്തിൽ പ്രസ്തുത വചനത്തിലെ 'എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചു' എന്നത് ദൈവമാണ് പദാർത്ഥത്തിന്റെയും ആത്മാവിന്റെയും സ്രഷ്ടാവ് എന്ന വസ്തുത വെളിപ്പെടുത്തുന്നു. പദാർത്ഥവും ആത്മാവും സ്വയംഭൂവല്ല. ദൈവത്തോടൊപ്പം നിലനിൽക്കുന്നതുമല്ല. ആത്മാക്കളുടെ ഭൂമിയിലെ പുനർജന്മം എന്ന സിദ്ധാന്തം ആവിഷ്ക്കരിച്ചവരുടെ ഒരു മിഥ്യാവിശ്വാസമാണ് ആത്മാക്കൾ സ്വയംഭൂവും ദൈവത്തെപോലെ അനന്തവുമാണ് എന്നത്. 'എല്ലാവസ്തുക്കളെയും സൃഷ്ടിക്കുകയും അതിനെ നല്ലവണ്ണം നിർണ്ണയിക്കുകയും ചെയ്തു' എന്ന പരാമർശം എല്ലാ വസ്തുക്കളും അതിന് അനുവദിക്കപ്പെട്ട പരിധിയിൽ നിർണ്ണിതവും ക്രമികവും, കൃത്യവുമായ പ്രവർത്തനങ്ങളിൽ മുടക്കം വരുത്താതെ ഏർപ്പെടുന്നു എന്നാണ് അർത്ഥമാക്കുന്നത്. എല്ലാ വസ്തുക്കൾക്കും പരിമിതമായ ഒരു ശക്തിയും പ്രവർത്തിക്കാനുള്ള കഴിവുമുണ്ട്. അതിൽ നിന്ന് പുറകോട്ടുപോകാനോ അതിനെ അതിവർത്തിക്കാനോ സാധ്യമല്ല. ഈ പരിമിതികൾ പ്രപഞ്ചം മുഴുക്കെ നിറഞ്ഞുനിൽക്കുന്ന ഒരു നിയമത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അതായത് അപരിമിതമായ ശക്തിയുള്ളവനും സ്രഷ്ടാവും നിയാമകനുമായ ഒരുവനുണ്ടെന്നും മറ്റു വസ്തുക്കൾക്ക് ഈ പരിമിതമായ കഴിവ് നൽകിയത് അവനാണ് എന്നുമുള്ള വസ്തുതയിലേക്കാണ് അത് വിരൽ ചൂണ്ടുന്നത് (4).

ഈ നിയമത്തിനു കീഴിൽ ദൈവം എണ്ണമറ്റ കാര്യകാരണപരമ്പരകൾ സംവിധാനിച്ചിരിക്കുന്നു. എല്ലാറ്റിനും ഒരു കാരണമുണ്ട്. ആ കാരണത്തിന് ഒരു കാര്യവും ആ കാര്യത്തിന് മറ്റൊരു കാരണവുമുണ്ടാകുന്നു. കാര്യകാരണ നിയമം മേൽപറഞ്ഞ ആത്മീയവും ഭൗതികവുമായ നിയമങ്ങളുടെ ഒരു പ്രകടനമാണ്. പക്ഷേ, കാര്യകാരണപരമ്പരകളുടെ ആദികാരണം ദൈവമാണ്. അതുകൊണ്ട് കാര്യകാരണ പരമ്പരയുടെ അന്തിമ സ്ത്രോതസ്സ് ദൈവമാണ്. തഖ്ദീർ (ദൈവവിധി) അവനിൽ നിന്നുള്ളതാണ് എന്നതാണ് വാസ്തവം.

## എല്ലാ മനുഷ്യപ്രവർത്തനങ്ങൾക്കും സമാന്തരമായി ദൈവപ്രവർത്തനവുമുണ്ട്

പ്രത്യക്ഷമോ നിഗൂഢമോ ആയ എല്ലാ മനുഷ്യപ്രവർത്തനങ്ങളും ഒരു ഫലം ഉത്പാദിപ്പിക്കുന്നു. ദൈവത്തിന്റെ നിയമത്തിനു കീഴിലാണ് അത് പ്രവർത്തിക്കുന്നത് എന്നതുകൊണ്ടാണ് അത് ദൈവത്തിന്റെതാണ് എന്നു പറയുന്നത്. നാം അതിന്റെ ഉദാഹരണങ്ങൾ ഭൗതികകാര്യങ്ങളിൽ കാണുന്നു. ഒരു രാജ്യത്തിന്റെ നിയമസംവിധാനത്തിനു കീഴിൽ ഒരു നിയമനടപടി നിർവ്വഹിക്കുകയാണെങ്കിൽ അത് ആ രാജ്യത്തെ ഭരണത്തലവന്റെ പേരിലാണ് വ്യവഹരിക്കപ്പെടുക. ഹസ്റത്ത് അഹ്മദ് (അ) പറയുന്നു.

''മനുഷ്യനിൽ നിന്ന് ഒരു കർമ്മം ഉദ്ഭവിക്കുകയാണെങ്കിൽ അതിന്ന് അനുസൃതമായ രീതിയിലുള്ള ഫലം അല്ലാഹുവിൽ നിന്നും വെളിപ്പെടുന്നു. ഉദാഹരണത്തിന് നാം നമ്മുടെ മുറിയിലെ വാതിലുകളെല്ലാം അടക്കുമ്പോൾ അത് നമ്മുടെ പ്രവൃത്തിയാണ്. അതിന്റെ ഫലമായി നമ്മുടെ മുറിയിൽ ഇരുട്ടു പരക്കുന്നു എന്ന് നമ്മൾ പറയുന്നു. അതായത് നമ്മുടെ പ്രവർത്തനത്തിന്റെ ഫലം ദൈവം പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് ദൈവത്തിന്റെ ശാശ്വത നിയമമാണ്. ഈ വിധത്തിൽ നാം മാരകമായ തോതിൽ വിഷം കഴിക്കുകയാണെങ്കിൽ അത് തീർച്ചയായും നമ്മുടെ പ്രവൃത്തിയാണ്. നമ്മുടെ ഈ പ്രവർത്തനഫലമായി സംഭവിക്കുന്ന മരണം ദൈവത്തിന്റെ ശാശ്വതമായ നിയമത്തിനു അനുസൃതമായുള്ളതാണ്. അപ്രകാരം നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഒരു ദൈവിക പ്രതിപ്രവർത്തനമുണ്ടാകുന്നു. അതാണ് പ്രകടിതമാവുന്നത്. ആ ദൈവിക നിയമങ്ങൾ അതിനകത്ത് തന്നെ വിശുദ്ധമാണ്. നമ്മുടെ ചീത്തയും നല്ലതുമായ പ്രവർത്തനങ്ങൾ ഒരു ഫലം സൃഷ്ടിക്കുന്നു. അത് നമ്മുടെ പ്രവർത്തനത്തെ തുടർന്നാണ് പ്രത്യക്ഷപ്പെടുന്നത്. ഈ ഖുർആൻ വചനത്തിന്റെ അർത്ഥമിങ്ങനെയാണ്: 'അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവെച്ചിരിക്കുന്നു' (2:8). അതായത് ഒരു മനുഷ്യൻ തിന്മ ചെയ്യുമ്പോൾ അതിന്റെ ഫലം അയാളുടെ ഹൃദയത്തിലും മുഖത്തും വെളിപ്പെടുന്നു.[5]

## പ്രയത്നവും പ്രാർത്ഥനയും ദൈവകാരുണ്യം ആകർഷിക്കുന്നു

ഹസ്റത്ത് അഹ്മദ് (അ) പറയുന്നു: 'എല്ലാംതന്നെ ദൈവികനിയമ

*(ശേഷം 40 -ാം പേജിൽ)*

*(14 -ാം പേജിൽ നിന്ന് തുടർച്ച)*

സ്ഥലങ്ങളിൽ 'ദീർഘകാലം' എന്നർത്ഥമുള്ള പദമാണ് പ്രയുക്തമായിരിക്കുന്നത്. അതേസമയം സ്വർഗീയാനുഭൂതികൾ ഒരിക്കലും വേർപ്പെട്ടുപോകാത്ത അനുഗ്രഹമാണെന്നും ഖുർആൻ പറയുന്നു. (11:109) നന്മ അണു മാത്രമാണെങ്കിൽ പോലും അതിനുള്ള പ്രതിഫലം പാഴാക്കപ്പെടുന്നതല്ല. ''പുനരുത്ഥാന നാളിൽ ശരിയായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്; അപ്പോൾ ഒരാത്മാവിനോടും ഒരു അനീതിയും കാണിക്കപ്പെടുകയില്ല. (ആ കർമം) ഒരു കടുകുമണിയോളമാണെങ്കിൽ പോലും നാം അത് കൊണ്ടുവരും; കണക്കു കൂട്ടുന്നവരായി നാം തന്നെ മതി." (21:48).

"മനുഷ്യന്റെ കർമം കടുകു മണിത്തൂക്കമായിരുന്നാൽ തന്നെയും, പിന്നീടത് പാറക്കുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെയായാലും അല്ലാഹു അതിനെ പ്രതിഫലരംഗത്തു കൊണ്ടുവരുന്നതാണ്. അല്ലാഹു സൂക്ഷ്മജ്ഞനും ബോധവാനുമാകുന്നു." (31:17). ഒരാൾ ശാശ്വതമായി നരകത്തിൽ തന്നെയാണെങ്കിൽ നന്മകൾക്കുള്ള പ്രതിഫലങ്ങളിൽ നിന്നും അയാൾ അകറ്റപ്പെടുകയാണ് ചെയ്യുന്നത്. അതിനാൽ ശിക്ഷയുടെ കാലയളവ് അവസാനിക്കുന്നതും തുടർന്ന് സൽകർമഫലങ്ങൾക്ക് മനുഷ്യൻ പാത്രീഭൂതനാക്കപ്പെടുന്നതാണെന്നുമുള്ളതാണ് ഇസ്ലാമിക വീക്ഷണം. മാത്രമല്ല, ദൈവാരാധനയാണ് മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമായി വിവരിക്കപ്പെട്ടിരിക്കുന്നത്. ''എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ, ജിന്നിനെയും ഇൻസിനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല." (വി. ഖു. 51:57). അതിനാൽ, സൃഷ്ടികർത്താവുദ്ദേശിച്ച ലക്ഷ്യം, സഫലമാക്കാനാവാതെ ഭൂരിഭാഗമാളുകളും, ശാശ്വതനരകത്തിലെന്ന സങ്കല്പം ദൈവത്തിന്റെ പരിശുദ്ധിയ്ക്ക് നിരക്കാത്തതുമാകുന്നു. വാസ്തവത്തിൽ, മനുഷ്യൻ തന്റെ സൃഷ്ടിയുദ്ദേശ്യം അന്വർഥമാക്കാൻ ശ്രമിക്കാതെ, സ്വേച്ഛാനുസരണം ഗതിമാറി ചലിക്കുമ്പോൾ അപകടമേഖലകളിൽ ചെന്നെത്തുന്നത് അവയുടെ സ്വാഭാവികപരിണതിയാകുന്നു. അന്തിമഘട്ടത്തിൽ അവനത് ബോധ്യപ്പെടുകയും ചെയ്യുന്നതാണ്. ഇതു സംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ) നൽകിയ വിശദീകരണത്തിന്റെ ഒരു ഭാഗം ഇവിടെ കുറിക്കുന്നു: ''മനുഷ്യന്റെ ബാഹ്യവും ആഭ്യന്തരവുമായ ശക്തികൾ പരിശോധിക്കുന്നതായാൽ അവയുടെയെല്ലാം പരമപ്രയോജനം ദൈവത്തെ അറിയുകയും ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുകയാണെന്ന് ബോധ്യമാകുന്നതാണ്. അതിനാലത്രെ മനുഷ്യൻ ഐഹികജീവിതത്തിൽ വിവിധങ്ങളായ വ്യാപാരങ്ങളിലും പരിശ്രമങ്ങളിലും ഏർപ്പെടുകയും എന്തെല്ലാം സുഖസൗകര്യങ്ങൾ ലഭിക്കുകയും ചെയ്താലും ദൈവത്തിലല്ലാതെ മറ്റൊന്നിലും ആ യഥാർഥ സുഖം അനുഭവപ്പെടാതിരിക്കുന്നത്. കോടീശ്വരനോ വർത്തകപ്രമാണിയോ മന്ത്രിപുംഗവനോ രാജാധിരാജനോ മഹാദാർശനികനോ ആയിരുന്നാലും അവൻ ലൗകികമായ കെട്ടുപാടുകളിൽ കുടുങ്ങി ഒടുവിൽ ദു:ഖാർത്തനായി ജീവിതം വെടിയുന്നു. സ്വേച്ഛകൾക്കു വശംവദനായി പ്രപഞ്ചാനുരാഗത്തിൽ ലയിക്കുക നിമിത്തം അവന്റെ അന്തഃകരണം അവനെ ശാസിക്കുന്നു. ഐഹിക വ്യാപാരങ്ങളുടെ വിജയപ്രാപ്തിക്കുവേണ്ടി അവൻ കൈക്കൊണ്ട കുനയം, വഞ്ചന, അക്രമം തുടങ്ങിയ അമംഗളകർമങ്ങളിൽ അവന്റെ മന:സാക്ഷി അനുകൂലിക്കാത്തതിനാൽ അതു അവനെ കുറ്റപ്പെടുത്തുന്നു." (ഇസ്ലാംമത തത്വജ്ഞാനം). ■

ലേഖനം

# കോഡക്സ് സിനായിറ്റിക്കസ്

നവിദാ ശാഹിദ്

**ബൈബിൾ പുതിയ നിയമത്തിന്റെ ഏറ്റവും ആധികാരികവും പൗരാണികവുമായ കൈയ്യെഴുത്ത് പ്രതിയാണ് കോഡക്സ് സിനായിറ്റിക്കസ്. നിലവിലുള്ള ബൈബിളും ഈയ്യിടെ കണ്ടെടുത്ത കോഡക്സ് സിനായിറ്റിക്കസും തമ്മിൽ വമ്പിച്ച അന്തരങ്ങളുണ്ട്.**

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ഉപയോഗിച്ച ബൈബിൾ (സെപ്താജന്റ്) പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയായിരുന്നു. അക്കാലത്ത് ബൈബിൾ വലിയ ചുരുളുകളുടെ അടുക്കുകളായിട്ടായിരുന്നു ശേഖരിക്കപ്പെട്ടിരുന്നത്. കൈകാര്യം ചെയ്യാനും നിയന്ത്രിക്കാനും വളരെ ബുദ്ധിമുട്ടുള്ളതും വിലക്ഷണവുമായിരുന്നു അവ. ക്രിസ്ത്യാനികളായിരുന്നു ആദ്യമായി ബൈബിളിന്റെ കോഡക്സ് (Codex) അഥവാ സ്റ്റാൻ ഡേർഡ് ഗ്രന്ഥരൂപം നിർമ്മിച്ചത്. ബൈബിളിന്റെ ചുരുളുകളിൽ നിന്നും അടുക്കുകളിലേക്കും അടുക്കുകളിൽ നിന്ന് പുസ്തക രൂപത്തിലേക്കുമുള്ള രൂപാന്തരണത്തിന് ആയിരത്തോളം വർഷങ്ങളെടുത്തിരുന്നു. പുതിയ നിയമത്തിന്റെ മൂലകൃതി എഴുതപ്പെട്ടത് ഗ്രീക്കിലാണ്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ അന്തിയോക്യയിലെ ക്രിസ്ത്യാനികളുടെ രചനകളിൽ നിന്നാണ് ബൈബിൾ പഴയ നിയമവും പുതിയനിയമവും രൂപപ്പെട്ടത്.

പുതിയ നിയമങ്ങൾ അടങ്ങിയ ധാരാളം ബൈബിൾ കൈയ്യെഴുത്തു പ്രതികൾ എ. ഡി. 500 ലാണ് ഐക്യരൂപമുള്ള ബൈബിളായി മാറിയത്. 1516ൽ ആദ്യത്തെ അച്ചടിച്ച ഗ്രീക്ക് ബൈബിൾ പ്രസിദ്ധീകൃതമായി. ഡച്ച് പണ്ഡിതനായ ഇറാസ്മസ് (Erasmus) ആണ് ഇത് തയ്യാറാക്കിയത്. അതുവരെ ആരും തന്നെ ബൈബിളിന്റെ സൂക്ഷ്മതയെപ്പറ്റി ചോദ്യം ചെയ്തിരുന്നില്ല. പതിനാറാം നൂറ്റാണ്ടിൽ ഗ്രീക്ക് ബൈബിൾ പ്രസിദ്ധീകരിച്ചതിനു ശേഷമുള്ള രണ്ട് നൂറ്റാണ്ടുകളിൽ ബൈബിൾ പുതിയ നിയമത്തിന്റെ സ്റ്റാൻഡേർഡ് എഡിഷനിൽ നിന്നും വ്യത്യസ്തമായ മറ്റു പതിപ്പുകൾ ഇറങ്ങി. അതിൽ കൈയെഴുത്തു പ്രതികളിൽ കണ്ട വ്യത്യാസങ്ങൾ കുറിപ്പുകളായി രേഖപ്പെടുത്തിയിരുന്നു. പ്രത്യേകിച്ച് സ്റ്റെഫാന്യൂസിന്റെ പാഠഭാഗത്തിലെ പ്രധാനപ്പെട്ട ഉദാഹരണങ്ങളോടെയുള്ളതായിരുന്നു അവ.

കിംങ്ങ് ജെയിംസ് പതിപ്പിന്റെ പരിഭാഷ, (1611) യൂറോപ്പിൽ പുതിയ നിയമത്തിലെ സ്റ്റാൻഡേർഡ് പതിപ്പായി ത്തീർന്ന എൽസവീർ എഡിഷൻ (Elzevir Edition -1633) എന്നീ രണ്ടു പതിപ്പുകളാണ് 'ലഭിക്കപ്പെട്ട പാഠങ്ങൾ' (Received Text അഥവാ Texus Receptions) എന്ന പേരിൽ അറിയപ്പെടുന്നത്.

18,19 നൂറ്റാണ്ടുകളിലാണ് പണ്ഡിതന്മാർ ബൈബിൾ പുതിയ നിയമത്തിന്റെ ചരിത്രത്തിലേക്ക് ആഴ്ന്നിറങ്ങിയത്. അപ്പോഴാണ് പുതിയ നിയമത്തിന്റെ പുരാതന കയ്യെഴുത്ത് പ്രതികളെല്ലാം സ്റ്റാൻഡേർഡ് കൃതിയുമായി വളരെയേറെ വ്യത്യാസമുള്ളതായി കാണപ്പെട്ടത്. ആ സന്ദർഭത്തിൽ അതിൽ നിന്ന് ഏതു പ്രതിയാണ് കൂടുതൽ നല്ലത് അല്ലെങ്കിൽ കൂടുതൽ പഴയത് എന്ന ചോദ്യം ഉയർന്നുവരികയുണ്ടായി. മറ്റു ചിലർ കൈയ്യെഴുത്തു പ്രതികളെല്ലാം അതിന്റെ സാമ്യതകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായും കുടുംബങ്ങളായും തിരിക്കാമെന്ന് കണ്ടു. കൂടുതൽ പഴക്കമുള്ള അലക്സാൺട്രിയൻ കൈയ്യെഴുത്തു പ്രതികളും പാശ്ചാത്യ കൈയ്യെഴുത്തു പ്രതികളുമാണ് 5–ാം നൂറ്റാണ്ടിൽ നിലവിൽ വന്ന സ്റ്റാൻഡേർഡ് ബൈബിൾ പുതിയ നിയമത്തേക്കാൾ മൂലകൃതിയോട് അടുത്തു നില്ക്കുന്നതെന്നു കണ്ടെത്തുകയുണ്ടായി.

അക്ഷരാർത്ഥത്തിൽ ബൈബിളിന്റെ ആയിരക്കണക്കിന് കൈയ്യെഴുത്തു

പ്രതികളുണ്ട്. അതിൽ ചിലത് ഒന്നോ രണ്ടോ തലമുറകളിലെ എഴുത്തുകാർ എഴുതിയതാണ്. അവയിൽ പലതും സെന്റ് കാതറിൻ സന്യാസി മഠത്തിൽ നിന്ന് നിഗൂഢാത്മകമായ നിലയിൽ കണ്ടെത്തിയതാണ്. സന്യാസി മഠത്തിന്റെ വടക്ക് ഭാഗത്തുള്ള സെന്റ് ജോർജ്ജ് ചാപ്പലിൻ ഒരു തീപ്പിടുത്തമുണ്ടായതിനെത്തുടർന്നാണ് ഈ പുരാതന കൈയ്യെഴുത്തു പ്രതികൾ കണ്ടെത്താൻ കഴിഞ്ഞത്. അതിനു ശേഷം ക്രിസ്തീയ സന്യാസികൾ ചാപലിലെ കത്തിയ മരങ്ങളെല്ലാം വൃത്തിയാക്കുന്ന സന്ദർഭത്തിൽ നീളമുള്ള ഉപയോഗശൂന്യമായ ഒരു മുറി കണ്ടെത്തി. ആ മുറി 200 വർഷം മുമ്പ് സന്യാസി മഠത്തെ മുഴുവൻ പിടിച്ചു കുലുക്കിയ ഒരു ഭൂകമ്പത്തെ തുടർന്ന് അടഞ്ഞുപോയതായിരുന്നു. അതിൽ 2000 വർഷമായി ലോ കം അറിയാത്ത ഗ്രീക്ക്, അറബിക്ക്, സുറിയാനി, അർമിനീയ, എത്തിയോപ്യ ജോർജിയ, ലാറ്റിൻ മുതലായ ഭാഷകളിലുള്ള പുരാതന കൈയ്യെഴത്തു രേഖകളായിരുന്നു ഉണ്ടായിരുന്നത്.

ഈ കൈയ്യെഴുത്തു പ്രതികളുപയോഗിച്ച് പണ്ഡിതന്മാർ കൂടുതൽ സൂക്ഷ്മതയോടെ ബൈബിൾ മൂലകൃതികൾ പുന:പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. അത്തരം ബൈബിൾ പാഠങ്ങളുടെ പഠനത്തിന്റെ പ്രാധാന്യം കണ്ടറിഞ്ഞ ഒരു ജർമ്മൻ ക്രിസ്ത്യൻ പുരോഹിതനായിരുന്ന കോൺസ്റ്റന്റയിൻ വോൺ ടിസ്ഷൻഡ്രോഫ് (Konstantin Von Tischendorf. 1815-1874) സീനാ പർവ്വതത്തിന്റെ (Mount Sinai) അടിവാരത്തുള്ള ഒരു മൊണാസ്ട്രിയിൽ (സന്യാസി മഠം) നിന്നാണ് ഇന്നുള്ളതിൽ വെച്ചേറ്റവും കൃത്യവും സൂക്ഷ്മവും പൗരാണികവുമായ ബൈബിൾ കൈയ്യെഴുത്തു പ്രതി ലഭിച്ചത്. അതാണ് 'കോഡെക്സ് സിനായിറ്റിക്കസ്.' ബൈബിൾ പുതിയ നിയമം കൈയ്യെഴുത്തു പ്രതികളിൽ എറ്റവും പരമോന്നതമാണ് ഈ കൃതി. നിലവിലുള്ള പുതിയ നിയമം ബൈബിളിന്റെ സമ്പൂർണവും ഏറ്റവും പൗരാണികവുമായ ഒരു രേഖയാണിത്. കോഡക്സ് സിനായിറ്റിക്കസിൽ പഴയ നിയമത്തിന്റെ കുറെ ഭാഗങ്ങളില്ലായിരുന്നു. പഴയ നിയമത്തിന്റെ മൂല കൃതികളുടെ 790 പേജുകൾ ഉണ്ടാവേണ്ടിയിരുന്നതിൽ 242 എണ്ണമാണുള്ളത്. 147 $^{1}/_{2}$ ഭാഗം പുതിയ നിയമവുമാണ്. ബർണബാസിന്റെ കത്തും അതിലുൾപ്പെടുന്നു. കോഡക്സ് സിനായാറ്റിക്ക്സ് ഇപ്പോൾ ലണ്ടൻ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

പൗരാണികവും ആധികാരികവുമായ ബൈബിൾ ഉൾക്കൊള്ളുന്ന കോഡക്സ് സിനായിറ്റിക്കസിലെയും പിൽക്കാലത്ത് രചിക്കപ്പെട്ട ബൈബിൾ പുതിയ നിയമത്തിലെയും അന്തരങ്ങൾ ക്രിസ്ത്യാനികളെ ഞെട്ടിപ്പിക്കുന്നതാണ്. പണ്ഡിതന്മാർ ഈ കൈയ്യെഴുത്തു പ്രതികളിൽ വർഷങ്ങളോളമായി ഗവേഷണം ചെയ്തിട്ടും അവരിൽ ചിലർക്ക് മാത്രമേ ആ വ്യത്യാസങ്ങൾ കണ്ടെത്താനായുള്ളൂ. അതിനേക്കാൾ വളരെ ചുരുക്കം പേർക്ക് മാത്രമേ അതിന്റെ സാങ്കേതിക പദങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ സാധിച്ചിട്ടുള്ളൂ.

സിനായിറ്റിക്കസ് എഴുതപ്പെട്ടതിന് ശേഷം സംശോധകർ പിൽക്കാലത്ത് മൂലപാഠത്തിൽ തന്നെ നൂറ്റാണ്ടുകളോളം മാറ്റത്തിരുത്തലുകളും കൈകടത്തലുകളും നടത്തി. അതിൽ ചിലത് കേട്ടെഴുതുമ്പോഴുള്ള പ്രമാദങ്ങളാവാം. ചിലത് നോട്ടപ്പിശക് കൊണ്ടു സംഭവിച്ചതാകാം. എന്നാൽ വിശ്വാസപരവും ആദർശപരവുമായുള്ള മാറ്റത്തിരുത്തലുകളും കുത്തിത്തിരുകലും കരുതിക്കൂട്ടിയുള്ളതാണ്. ബൈബിൾ പണ്ഡിതനായ ടിസ്ഷൻ ഡ്രോഫ് തന്നെ. 14, 800 മാറ്റത്തിരുത്തലുകൾ സിനായിറ്റിക്കസിൽ നടന്നിട്ടുണ്ടെന്ന് പറയുന്നു. ചുരുക്കത്തിൽ നാലു പകർത്തിയെഴുത്തുകാർ മാത്രമല്ല 9 സംശോധകരും അതിൽ മാറ്റത്തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. വായനക്കാരും തെറ്റുകൾ വരുത്തിയതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

സിനായിറ്റിക്കസ് അൾട്രാവയലറ്റ് രശ്മികളുടെ പ്രകാശത്തിൽ പരിശോധിച്ചപ്പോൾ യോഹന്നാൻ 21-ാം അദ്ധ്യായം യഥാർത്ഥത്തിൽ 24ാം വചനത്തോടെ അവസാനിക്കുന്നതായി കണ്ടെത്തി. യോഹന്നാനിലെ അവസാന വചനത്തിലേ എന്തോ വാൽക്കഷ്ണം മയ്ച്ചുകളഞ്ഞിട്ടാണ് 25ാം വചനം എഴുതിച്ചേർത്തത്. അത് ഇപ്രകാരമാണ്:

**'യേശു ചെയ്തത് മറ്റു പലതും ഉണ്ട്. അത് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിന് തന്നേയും ഒതുങ്ങുകയില്ല എന്ന് ഞാൻ നിരൂപിക്കുന്നു.'**

**(യോഹ: 21:24).**

കോഡക്സ് സിനായിറ്റിക്കസ് എഴുതപ്പെട്ടതിന് ശേഷവും അതിന്റെ സംശോധകർ ഒരുപാട് കൂട്ടിച്ചേർത്തലുകൾ നടത്തിയിട്ടുണ്ട്. എല്ലാ സംശോധകരും അവരുടെ വിശ്വാസ സിദ്ധാന്തങ്ങൾ അതിൽ എഴുതിച്ചേർത്ത് യഥാർത്ഥ പാഠങ്ങൾ മാറ്റിത്തിരുത്തുകയാണുണ്ടായത്. പക്ഷേ പിൽക്കാലത്തുള്ള സംശോധകർ മാറ്റത്തിരുത്തലുകൾ കണ്ടെത്തുകയും ആ തിരുത്തലുകൾ ശരിയാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുമുണ്ട്. പകർത്തിയെഴുത്തുകാർ അവരുടെ ചില പകർപ്പുകളിൽ കുത്തുകളും ബ്രാക്കറ്റുകളും ഇട്ടതായി കാണുന്നു. ക്രിസ്തീയ വിശ്വാസത്തിനനുസൃതമായി മാറ്റിത്തിരുത്തും വെട്ടിത്തിരുത്തും, കുത്തിത്തിരുകലും പിൽക്കാലത്തും തുടരുകയുണ്ടായി.

താഴെ കൊടുത്ത ഉദാഹരണങ്ങളിൽ നമുക്കിത് കാണാം.

**(1) 'അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവന് പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണവേദനയിലായി. അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പു നിലത്തു വീഴുന്നു വലിയ ചോരത്തുള്ളി പോലെ ആയി'**

**(ലൂക്കോസ്. 22: 43, 44).**

ഈ പാഠഭാഗം യേശുവിന് ഒരു മാലാഖയുടെ ആവശ്യമുണ്ടെന്ന കാര്യം സ്പഷ്ടമായും സൂചിപ്പിക്കുന്നു. അദ്ദേഹം അറസ്റ്റു ചെയ്യപ്പെടുന്നതിന് തൊട്ടുമുമ്പ് അതീവ മാനസിക വ്യഥ

അനുഭവിച്ചിരുന്നു. സിനായിറ്റിക്കസിൽ ഒരു പകർത്തെഴുത്തുകാരൻ ഈ വചനത്തിന്നരികിൽ ഇത് ഒഴിവാക്കണമെന്ന സൂചനയോടെ കുത്തുകൾ അടയാളപ്പെടുത്തിയിരിക്കുന്നു. (ഈ വചനം ക്രിസ്ത്യാനികൾക്ക് യേശുവിലുള്ള വിശ്വാസത്തെ ദുർബലപ്പെടുത്തുമെന്ന് ആ പകർത്തെഴുത്തുകാരൻ മനസ്സിലാക്കിയിട്ടുണ്ടാകാം. അതായത് ദൈവത്തിന്റെ പുത്രനും ദൈവത്തിന് സമശീർഷനുമായ യേശുവിന്ന് എന്തിനാണ് ഒരു മാലാഖയുടെ സഹായം? ഒരു മഹാത്യാഗത്തിന് ഇറങ്ങിപ്പുറപ്പെട്ട യേശുവിന് ഇങ്ങനെ മാനസിക വ്യഥ അനുഭവപ്പെടേണ്ട ആവശ്യമെന്തെന്ന് എന്ന് അയാൾ ചിന്തിച്ചിരിക്കണം). പിൽക്കാലത്ത് ആ കുത്തുകൾ മറ്റൊരു പകർത്തിയെഴുത്തുകാരൻ മായ്ച്ചുകളഞ്ഞു.

**(2) "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും അറിയുന്നില്ല" (മത്തായി 24:30 – ഇംഗ്ലീഷ് ഔദ്യോഗിക പതിപ്പ്).**

സിനായിറ്റിക്ക് പതിപ്പിൽ 'ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും' എന്ന വചനത്തിന് ശേഷം **'പുത്രൻ പോലും** (അറിയില്ല)' എന്ന വചനമുണ്ട്. ഈ വചനം കൂടി മായ്ച്ചുകളയാൻ വേണ്ടി ബ്രാക്കറ്റിൽ അടയാളപ്പെടുത്തി വെച്ചിട്ടുണ്ട്. ദൈവശാസ്ത്രപരമായ ഭീതി കാരണമാണ് ഈ വചനവും മായ്ച്ചുകളയാൻ അവർ ആലോചിച്ചത്. ഈ വചനം മൂലം യേശുവിന്റെ അറിവ് ദൈവത്തിന് സമമല്ലാതാകുമോ എന്ന് ആരെങ്കിലും കരുതിയതായിരിക്കാം ഇങ്ങനെ മായ്ച്ചുകളയാനുള്ള ചേതോവികാരം.

'ജെറോമി'*യുടെ കയ്യിൽ കൈയ്യെഴുത്തു പ്രതി കിട്ടുന്നതിന് മുമ്പ് മത്തായി എഴുതിയ സുവിശേഷത്തിലെ 24:36ാം വചനത്തിലെ 'പുത്രൻ പോലും (അറിയില്ല)' എന്ന വചനം മായ്ച്ചുകളയാൻ ഒരു സംശോധകൻ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു ജെറോമിയുടെ നിർദ്ദേശപ്രകാരം വീണ്ടും മൂലകൃതി പരിശോധിച്ചപ്പോൾ സംശോധകനാണ് അത് മായ്ച്ചുകളയാൻ അടയാളപ്പെടുത്തിയതെന്ന് ബോദ്ധ്യപ്പെടുകയുണ്ടായി.

**(3) 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം' (മാർക്കോസ് 1:1)**

ബൈബിളിന്റെ സ്വീകരിക്കപ്പെട്ട പാഠങ്ങളിൽ (കിംങ്ങ് ജെയിംസ് പതിപ്പ്, എൻസഫീർ പതിപ്പ്) മേൽക്കാണിച്ച വചനത്തോടെയാണ് മാർക്കോസ് എഴുതിയ സുവിശേഷം ആരംഭിക്കുന്നത്. സിനായിറ്റിക്ക് പതിപ്പിൽ 'ദൈവപുത്രനായ' എന്ന പദം മായ്ച്ചുകളയുകയോ തിരുത്തുകയോ ചെയ്തതായി കാണുന്നില്ല. എന്നാൽ അവിടെ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു. ഒരുപക്ഷേ ആ പദം അവിടെ സിനായിറ്റിക്കിൽ എഴുതപ്പെട്ടിട്ടില്ലായിരിക്കാനാണ് സാധ്യത.

**(4) മാർക്കോസിൽ യേശുവിന്റെ അരികിൽ ഒരു കുഷ്ഠരോഗി വന്ന് പറഞ്ഞു: 'നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും' എന്ന് അപേക്ഷിച്ചു. യേശു മനസ്സലിഞ്ഞു കൈനീട്ടി അവനെ തൊട്ടു പറഞ്ഞു: എനിക്ക് മനസ്സുണ്ട്; ശുദ്ധമാക (മാർക്കോസ് : 1: 41–42 – ഇംഗ്ലീഷ് ഔദ്യോഗിക പതിപ്പ്).**

സിനായിറ്റിക്ക് പതിപ്പ് ഇപ്രകാരമാണ്: **'യേശു കോപാകുലനായി, കൈനീട്ടി അവനെ തൊട്ടു പറഞ്ഞു. എനിക്ക് മനസ്സുണ്ട്; ശുദ്ധമാക'** (Jesus, Angry, Stretched out his hand and said I will, be clean).

പിൽക്കാലത്തുള്ള പകർത്തെഴുത്തുകാർ യേശുവിൽ 'കോപാകുലത' ആരോപിച്ചാൽ മാനുഷികമായ ദൗർബല്യം യേശുവിൽ പ്രത്യക്ഷമായതായി വായനക്കാർ മനസ്സിലാക്കും. അതുകൊണ്ട് **'കോപാകുലനായി'** എന്ന പദം തിരുത്തി 'മനസ്സലിഞ്ഞു' എന്ന പദം അവിടെ പകരം ചേർത്തു.

(5) യോഹന്നാന്റെ സുവിശേഷം 5ാം അദ്ധ്യായം 1 മുതൽ 3ാം വചനം വരെ യേശു ഒരു യഹൂദ ഉത്സവത്തിൽ പോകുകയും ധാരാളം രോഗികൾ ഒരു കുളത്തിൽ കിടക്കുന്നത് കാണുകയും ചെയ്തതായി പറയുന്നു. യോഹന്നാൻ 5ാം അദ്ധ്യായത്തിലെ 3ാം വചനത്തിന് ശേഷം 4ാം വചനം ഇപ്രകാരമാണ്:

**'ചില സമയങ്ങളിൽ കർത്താവിന്റെ ഒരു മാലാഖ കുളത്തിലിറങ്ങി വെള്ളം ഇളക്കും. വെള്ളം ഇളക്കിക്കഴിഞ്ഞാൽ ആദ്യം ആ വെള്ളത്തിൽ ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധി പിടിച്ചവനായിരുന്നാലും അവനു സൗഖ്യം വരും.'** എന്ന് കാണുന്നു. ഈ വചനം സിനായിറ്റിക്കസിൽ ഇല്ല.

**(6) 'മകൻ അവനോടു പറഞ്ഞു: 'അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടാൻ യോഗ്യനല്ല എന്നു പറഞ്ഞു. എന്നെ നിന്റെ കൂലിക്കാരിൽ ഒരാളായി കണക്കാക്കേണമേ'.** (മുടിയനായ പുത്രന്റെ ഉപമ – ലൂക്കോസ് 15:21 – കോഡക്സ് സിനായിറ്റിക്കസ്)

പില്ക്കാലത്തുണ്ടായ എല്ലാ കൈയ്യെഴുത്തു പ്രതികളിലും പിതാവായ ദൈവത്തെ അഭിസംബോധന ചെയ്തു യേശു സ്വയം പറഞ്ഞ 'നിന്റെ കൂലിക്കാരിൽ ഒരാളായി കണക്കാക്കേണമേ' (As one of the hired servant) എന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുന്നു.

**(7) 'അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടുപിരിഞ്ഞു. സ്വർഗ്ഗാരോഹണം ചെയ്തു'. (ലൂക്കോസ് 24:51).**

സിനായിറ്റിക്കസിൽ **'സ്വർഗ്ഗാരോഹണം ചെയ്തു'** എന്ന ഭാഗം ഇല്ല. പിൽക്കാലത്തുള്ള കൈയ്യെഴുത്തുപ്രതികളിൽ ഇത് കരുതിക്കൂട്ടി ചേർക്കപ്പെട്ടതാണ്. എന്തായിരുന്നാലും സിനായിറ്റിക്കസിൽ ഈ വചനം ഇല്ലെങ്കിൽ സ്വർഗ്ഗാരോഹണം ചെയ്തു എന്ന പരാമർശം ബൈബിൾ മൂലകൃതിയിൽ മറ്റൊരിടത്തുനിന്നും കണ്ടെത്താൻ സാധ്യമല്ല.

20ാം നൂറ്റാണ്ടിൽ കോഡസ് സിനായിറ്റിക്കസ് വെളിപ്പെടുത്തിയ തെളിവുകൾ ക്രിസ്ത്യൻ ദൈവശാസ്ത്രജ്ഞന്മാരെ ആശങ്കാകുലരാക്കുന്നു. ആയതിനാൽ ക്രിസ്തുമതത്തിന്റെ കേന്ദ്രതത്വ

* ഏ.ഡി. നാലാം നൂറ്റാണ്ടിൽ ജീവിച്ച ജെറോം എബ്രായമൂലത്തിൽ നിന്നും ബൈബിൾ ലത്തീനിലേക്ക് ആദ്യമായി വിവർത്തനം ചെയ്ത പണ്ഡിതനാണ് – വിവ.

മായ 'ഉയിർത്തെഴുന്നേല്പ്' സിദ്ധാന്തം ക്രിസ്ത്യാനികൾ പുനപ്പരിശോധനക്ക് വിധേയമാക്കാൻ നിർബന്ധിതരാണ്.

കോഡക്സ് സിനായിറ്റിക്കസ്, കോഡക്സ് സിറിയാക്കസ്, വത്തിക്കാനസ്, ബോബിണീസ്, നൂറോളം പുരാതന അർമീനിയൻ കൈയ്യെഴുത്തു പ്രതികൾ, രണ്ട് പഴയ ജോർജിയൻ വിവർത്തനങ്ങൾ, മുതലായവയിൽ മാർക്കോസിന്റെ സുവിശേഷം 16ാം അദ്ധ്യായത്തിൽ 8ാം വചനം ഇങ്ങിനെയാണ്.

**'അവർക്കു വിറയലും ഭ്രമവും പിടിച്ചു. അവർ കല്ലറ വിട്ടു ഓടിപ്പോയി. അവർ ഭയപ്പെടുകയാൽ ആരോടും ഒന്നും പറഞ്ഞില്ല' (ലൂക്കോസ് – 16:8).**

സിനായിറ്റിക്കസിൽ ഈ വചനത്തോടെയാണ് മാർക്കോസിന്റെ സുവിശേഷം അവസാനിക്കുന്നത്. എന്നാൽ ഇംഗ്ലീഷ് ഔദ്യോഗിക ബൈബിളിൽ മാർക്കോസിന്റെ സുവിശേഷം 16ാം അദ്ധ്യായം 8ാം വചനത്തോടെ അവസാനിക്കുന്നില്ല. അത് വീണ്ടും 12 വചനങ്ങൾ കൂട്ടിച്ചേർത്തു തുടരുന്നതായി കാണുന്നു. പക്ഷേ പല കൈയ്യെഴുത്തു പ്രതികളിലും മാർക്കോസിന്റെ അവസാനത്തെ 12 വചനങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടതാണെന്നും അവ പഴയ പതിപ്പുകളിൽ കാണുന്നില്ല എന്നും എഴുതിയ ഒരു കുറിപ്പ്, പകർത്തിയെഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം ശ്രദ്ധേയമാണ്.

മത്തായിയുടെയും, ലൂക്കോസിന്റെയും സുവിശേഷം മാർക്കോസിന്റെതിനേക്കാൾ പഴയതാണെന്ന് സ്ഥാപിക്കാൻ പലരും ശ്രമിക്കാറുണ്ട്. അത്തരക്കാർക്ക് മാർക്കോസ് ഒരു രണ്ടാം കിട സുവിശേഷമായിട്ടാണ് ഗണിക്കാറ്. സിനായിറ്റിക്കസിന്റെ തെളിവുകൾ അവരുടെ അഭിപ്രായങ്ങളെ നിഷ്ഫലമാക്കുകയാണ് ചെയ്യുന്നത്. ഇത് സിനോപ്റ്റിക്ക് പ്രശ്നത്തിലേക്കും (**Synoptic problem**) *പണ്ഡിതചർച്ചകളിലേക്കും നയിക്കും. അവസാനം മാർക്കോസാണ് സുവിശേഷങ്ങളിൽ ഏറ്റവും ആദ്യത്തേതെന്ന് പണ്ഡിതോചിതമായ തീരുമാനത്തിലായിരിക്കാം അത് എത്തിച്ചേരുക. സിനായിറ്റിക്കസിൽ മാർക്കോസിന്റെ സുവിശേഷം അവസാനിക്കുന്ന രീതിയിൽ നിന്നും വ്യക്തമാവുന്നതെന്തെന്നാൽ പഴയ സുവിശേഷ പാരമ്പര്യം ശൂന്യമായ കല്ലറയെപ്പറ്റി മാത്രമാണ് പ്രതിപാദിക്കുന്നത്. മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ യേശുവിനെ അവഗണിച്ചിരിക്കുന്നതായി കാണാം. ഈ ഒരു സ്ഥിരീകരണം വ്യക്തമായും സ്പഷ്ടമായും ഒരു വിശ്വാസത്തിലേക്ക് നമ്മെ നയിക്കുന്നു. അതായത് ഏത് വിധേനയായാലും യേശു അപ്പോഴും ജീവിച്ചിരുന്നു എന്നു മാത്രമല്ല അദ്ദേഹം തന്റെ ശിഷ്യന്മാർക്ക്, കുരിശ് സംഭവത്തിനുശേഷം ശരീരത്തോടു കൂടി തന്നെയായിരുന്നു പ്രത്യക്ഷമായത് എന്നുമാണ് അത്. യേശു തന്നെ താഴെ പറയുന്ന വചനങ്ങളിൽ ഇപ്രകാരം വ്യക്തമാക്കുന്നു.

**"ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ നടുവിൽ നിന്നു; 'നിങ്ങൾക്ക് സമാധാനം' എന്നു പറഞ്ഞു. എന്നാൽ അവർ പേടിച്ചു വിറച്ചു. ഒരു ഭൂതത്തെയാണോ കാണുന്നത് എന്ന് അവർ വിചാരിച്ചു. അവൻ അവരോട് ചോദിച്ചു; 'നിങ്ങൾ എന്തിന് അസ്വസ്ഥരാവുന്നു? നിങ്ങളുടെ ഹൃദയത്തിൽ സംശയങ്ങൾ ഉദിക്കുന്നത് എന്ത്? ഇത് ഞാൻ തന്നെയാണ്. എന്റെ കൈകളും കാലുകളും കാണുക. എന്നെ തൊട്ടു നോക്കുക. എനിക്കുള്ളത് പോലെ മാംസവും അസ്ഥികളും ഭൂതത്തിനില്ലല്ലോ?' ഇത് പറഞ്ഞ് അവൻ തന്റെ കൈകളും കാലുകളും അവർക്ക് കാ ണിച്ചുകൊടുത്തു. എന്നിട്ടും സന്തോഷാധിക്യത്താൽ വിശ്വാസം വരാതെ അവർ ആശ്ചര്യപ്പെട്ടപ്പോൾ അവൻ ചോദിച്ചു; 'ഇവിടെ നിങ്ങളുടെ പക്കൽ തിന്നാൻ വല്ലതും ഉണ്ടോ?'. അവർ ഒരു വറുത്ത മീൻ കഷ്ണം അവനു കൊടുത്തു. അവൻ അത് എടുത്ത് അവരുടെ മുമ്പിൽ വെച്ചു ഭക്ഷിച്ചു' (ലൂക്കോസ് 24:36–43).**

ആദ്യകാല വിശ്വാസികൾ മാർ ക്കോസ് അവസാനിപ്പിച്ച വചനം വരെ വിശ്വസിക്കാൻ മാത്രം ബാദ്ധ്യതപ്പെട്ടവരായിരുന്നു. എന്നാൽ ഈ നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ പ്രസ്തുത സുവിശേഷം നിർത്തിയ സ്ഥലത്ത് നിൽക്കുവാൻ കൂട്ടാക്കുന്നില്ല. അവർ വീണ്ടും അതിന്മേൽ പുനർനിർമ്മാണം നടത്തുകയാണ്. അതുകൊണ്ട് ക്രിസ്ത്യാനികൾക്ക് കോഡക്സ് സിനായിറ്റിക്കസിന്റെ സത്യം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം.

* നാല് സുവിശേഷങ്ങളിൽ മത്തായി, മാർക്കോസ്, ലൂക്കോസ് എന്നീ മൂന്നെണ്ണം സമാന സ്വഭാവങ്ങളുള്ളതാണ്. അതിനെയാണ് സിനോപ്റ്റിക് സുവിശേഷങ്ങൾ എന്ന് പറയുന്നത്. അവയെ സംബന്ധിച്ചുള്ള പഠനമാണ് സിനോപ്റ്റിക്ക് പ്രശ്നം എന്നു പറയുന്നത്. വിവ.

**References:**


1. Geoffrey Chapman, R.E. Brown, The New Jerome Biblical commentary.
2. Canon, B.H. Streeter, The four Gospels 5th Impression 1936.
3. Orbis. J. Bentley, Secrets of Mount Sinai.
4. Trustees of the British Museum, The Codex sinaiticus & the Codex Alexandrinus with seven Illustrations.
5. Milne, H.J.M. and Skeat, T.C. Scribes and correctors of the Codex Sinaiticus, London 1938. Oxford, Bruce M. Metzer, the Early versions of the New Testament.
7. Inter-Varsity Press, The New Bible commentary Revised.
8. Darton, Longman & Told, the Jerusalem Bible, New Testament. ■


## സത്യം മറച്ചുവെക്കരുത്

ഓ ഗ്രന്ഥാനുസാരികളേ, നിങ്ങൾ എന്തിനാണ് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നത്? അവയ്ക്ക് നിങ്ങൾ സാക്ഷ്യം വഹിക്കുന്നുവല്ലോ. ഓ ഗ്രന്ഥാനുസാരികളേ, നിങ്ങൾ എന്തിനാണ് സത്യത്തെ അസത്യവുമായി ക്കൂട്ടിക്കലർത്തുകയും അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യുന്നത്? (വി. ഖുർആൻ 3:71, 72)

ലേഖനം

# ക്രിസ്തുമതത്തിന്റെ പരിണാമം

**മിർസാ ത്വാഹിർ അഹ്മദ്**

ക്രിസ്തുവിന്റെ മാനുഷികമായ സ്ഥൈര്യവും ത്യാഗങ്ങളുമാണ് ക്രിസ്തുമതത്തെ ജീവസ്സുറ്റതാക്കിമാറ്റുന്നത്, അന്തസ്സാര ശൂന്യമായ ദൈവപുത്രത്വവാദവും പാപ പരിഹാര സിദ്ധാന്തവുമല്ല. യഥാർത്ഥ ക്രിസ്തുമതത്തിന്റെ പരിണത രൂപമാണ് ഇസ്‌ലാം മതം.

യുക്തിബോധത്തെയും ശാസ്ത്രീയ പുരോഗതിയിൽ നിന്നും ഉത്ഭൂതമാകുന്ന പ്രബുദ്ധതയെയും വെല്ലുവിളിച്ചുകൊണ്ട് കഴിഞ്ഞ രണ്ടായിരം വർഷമായി ക്രിസ്തുമതത്തെ നിലനിൽക്കാൻ സഹായിച്ചത് യേശുവിന്റെ യാഥാർത്ഥ്യത്തിന്നു ചുറ്റും നെയ്തെടുത്ത ഇതിഹാസങ്ങളോ ത്രിത്വത്തിന്റെ മിഥ്യാസങ്കല്പങ്ങളോ ആയിരുന്നില്ല. യേശുവിന്റെ ആളത്വത്തിന്റെ സൗന്ദര്യവും അദ്ധ്യാപനങ്ങളുടെ ചാരുതയുമാണ് ക്രിസ്തുമതത്തിന്റെ സത്യത്തെയും സാരത്തെയും നിലനിർത്തിയത്. ആളുകളെ ക്രിസ്തുമതത്തിൽ ചേർത്തുനിർത്തിയത് യേശുവിന്റെ ദൈവിക വ്യക്തിത്വമായിരുന്നില്ല. മറിച്ച് ഹൃദയഹാരിയായ അദ്ദേഹത്തിന്റെ ദിവ്യമായ സ്വഭാവശീലങ്ങളാണ്. തന്റെ വിശ്വാസാദർശങ്ങൾ മാറ്റാൻ വേണ്ടി അതിഭയാനകമായ സകല പീഡനങ്ങൾ നടത്തപ്പെട്ടിട്ടും അതിനെയെല്ലാം തൃണവൽഗണിച്ച് ഉദാത്ത മൂല്യങ്ങൾക്ക് വേണ്ടിയുള്ള യേശുവിന്റെ ഉജ്വലമായ ത്യാഗവും സഹനവും സ്ഥൈര്യവുമായിരുന്നു യഥാർത്ഥത്തിൽ ക്രിസ്തുമതത്തിന്റെ നട്ടെല്ലായി വർത്തിച്ചത്. ഇന്നും അത് വശ്യമനോഹരവും സ്നേഹാർദ്രവുമാണ്. എക്കാലത്തും അത് അങ്ങനെയായിരുന്നു.

അത് ക്രിസ്ത്യാനികളുടെ മനസ്സിനെയും ഹൃദയത്തെയും വമ്പിച്ച തോതിൽ സ്വാധീനിച്ചു. ആയതിനാൽ അവർ വഴിപിരിഞ്ഞു പോവാതെ ക്രിസ്തുമതത്തിന്റെ യുക്തിഭംഗങ്ങൾക്ക് നേരെ കണ്ണടച്ചുകൊണ്ട് കൂടിച്ചേർന്നു നിന്നു.

കേവലം ദുർബലനായ ഒരു മനുഷ്യൻ മാത്രമായിരുന്നു യേശു. അതിൽ കവിഞ്ഞ് അദ്ദേഹം ഒന്നുമല്ലായിരുന്നു. യേശുവിനെ പരാജയപ്പെടുത്താൻ ഗൂഢാലോചന നടത്തിയ ഇരുട്ടിന്റെ ശക്തികളെ അദ്ദേഹം അതിജയിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു എന്നതിലാണ് യേശുവിന്റെ മഹത്ത്വം കുടികൊള്ളുന്നത്. യേശുവിന്റെ വിജയം ആദം സന്തതികൾക്കാകമാനം അഭിമാനപൂർവ്വം പങ്കിടുന്ന ഒന്നാണ്. അതിഘോരമായ അഗ്നിപരീക്ഷണങ്ങൾക്കും തീവ്രവേദനകൾക്കും മുമ്പിൽ അചഞ്ചലനായി സഹനപൂർവ്വം നിന്നുകൊണ്ട് മനുഷ്യത്വം പഠിപ്പിച്ച യേശു ആദമിന്റെ മഹാന്മാരായ സന്താനങ്ങളിലൊരാളാണെന്ന വസ്തുത മുസ്‌ലിം വീക്ഷണകോണിലൂടെ നാം കണ്ടുകഴിഞ്ഞു. അങ്ങേയറ്റം തീക്ഷ്ണമായ പരീക്ഷണങ്ങളുടെ ദ്യംഷ്ടങ്ങൾക്കിടയിലും അദ്ദേഹം കീഴടങ്ങാതെ സ്ഥൈര്യപൂർവ്വം നിലകൊണ്ടു. അതായിരുന്നു യേശുവിന്റെ പാവനമായ നേട്ടം. യേശു സഹിച്ച യാതനയും വേദനയുമാണ് മനുഷ്യത്വത്തെ വീണ്ടെടുക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. അതുപോലെ മരണത്തിൽ നിന്ന് രക്ഷപ്പെടാൻ അദ്ദേഹത്തിന് കഴിഞ്ഞതും അതുകൊണ്ടാണ്. അദ്ദേഹം സ്വേച്ഛയിൽ മരണം തിരഞ്ഞെടുത്തിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ യാതനാപൂർണമായ അവസ്ഥയിൽ നിന്നുള്ള ഒളിച്ചോട്ടത്തിനു സമമായി അത് തീരുമായിരുന്നു. എങ്ങനെയാണ് ഒരാൾക്ക് അതിനെ ഒരു ധീരകൃത്യമായി കണക്കാക്കാൻ സാധിക്കുക? സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ പോലും ഒരാൾ ആത്മഹത്യ ചെയ്യുകയാണെങ്കിൽ അതൊരു ഭീരുവിന്റെ കൃത്യമായി മാത്രമേ കണക്കാക്കാനാവൂ. പരീക്ഷണങ്ങൾക്കു മുമ്പിൽ മരണത്തിലൂടെ രക്ഷപ്പെടുക എന്നതിനേക്കാൾ ജീവിച്ചുകൊണ്ട് സഹനപൂർവ്വം അതിനെ നേരിടലാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. മനുഷ്യവംശത്തിനുവേണ്ടി മരണം സ്വയം സ്വീകരിച്ചുകൊണ്ടുള്ള യേശുവിന്റെ പരമോന്നത ത്യാഗം എന്നത് വെറും പൊള്ളയായ വൈകാരികത മാത്രമാണ്. അന്തസ്സാരശൂന്യമാണ് ആ സങ്കല്പം.

യേശുവിന്റെ മഹത്വം അദ്ദേഹത്തിന്റെ ജീവിതകാലത്തുള്ള പരമമായ ത്യാഗത്തിലാണ് നിലകൊള്ളുന്നത് എന്ന കാര്യം നാം വീണ്ടും ഊന്നിപ്പറയുന്നു. ജീവിതത്തിലുടനീളം സുഖത്തിന്നും എളുപ്പത്തിന്നും പകരമായി കടുത്ത യാതനകൾ ഏറ്റുവാങ്ങി

അദ്ദേഹം പ്രലോഭനങ്ങളെ അതിജീവിച്ചു. ദീനേന അദ്ദേഹം മരണവുമായി ഏറ്റുമുട്ടി. പക്ഷേ അദ്ദേഹം മരണത്തിനു മുമ്പിൽ നിന്നുകൊടുത്തില്ല. പാപികളെ പരിശുദ്ധ ജീവിതത്തിലേക്ക് ആനയിക്കാൻ വേണ്ടി അദ്ദേഹം ജീവിച്ചു. മരണത്തിന്നു മുമ്പിൽ സ്വയം അടിയറവ് പറഞ്ഞുകൊണ്ടല്ല അദ്ദേഹം മരണത്തെ കീഴടക്കിയത്. മറിച്ച് മരണത്തിനു മുമ്പിൽ തലകുനിക്കാൻ വിസമ്മതിച്ചു കൊണ്ടാണ് അദ്ദേഹം മരണത്തെ കീഴടക്കിയത്. ഒരു സാധാരണ മനുഷ്യൻ തകർന്നുപോകുമായിരുന്ന മരണത്തിന്റെ വക്രതയിൽ നിന്നും അദ്ദേഹം ജീവിതത്തിലേക്ക് വന്നു. മരണത്തെ അദ്ദേഹം വ്യക്തമായും തോൽപ്പിച്ചു. അങ്ങനെ യേശു തന്റെ സത്യം സ്ഥാപിച്ചു. സന്ദേഹത്തിന്റെ ഒരു നിഴൽ പോലുമില്ലാത്ത വിധത്തിൽ അദ്ദേഹത്തിന്റെ വചനങ്ങളെല്ലാം സത്യമാണെന്ന് തെളിയിച്ചു. ഇങ്ങനെയാണ് നാം യേശുവിനെ കാണുന്നത്. അതുകൊണ്ടാണ് നാം യേശുവിനെ സ്നേഹിക്കുന്നത്. അദ്ദേഹത്തിന്റെ വചനം ദൈവത്തിന്റെ വചനമായിരുന്നു. ആ വചനങ്ങൾ അദ്ദേഹത്തിന്റെ ദേഹേച്ഛയുടെ വചനങ്ങളായിരുന്നില്ല. ദൈവം അദ്ദേഹത്തോട് പറയാൻ കല്പിച്ചതെന്തോ അത് മാത്രമാണ് അദ്ദേഹം പറഞ്ഞത്. അതിൽ കൂടിയോ കുറച്ചോ അദ്ദേഹം പറഞ്ഞില്ല. ജീവിതത്തിലുടനീളം അദ്ദേഹം ദൈവത്തെ ആരാധിച്ചു. ദൈവത്തെ മാത്രം ആരാധിച്ചു. നശ്വരനായ ആർക്കു മുമ്പിലും അദ്ദേഹത്തിന് തല കുനിക്കേണ്ടി വന്നിട്ടില്ല. അദ്ദേഹത്തിന്റെ മാതാവിനെയോ പരിശുദ്ധാത്മാവിനെയോ അദ്ദേഹം തല കുനിച്ചു വണങ്ങിയില്ല. ഇതാണ് യേശുവിനെ പറ്റിയുള്ള യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യത്തിലേക്ക് എല്ലാ വിഭാഗങ്ങളിലും എല്ലാ വിശ്വാസങ്ങളിലുംപെട്ട ക്രിസ്ത്യാനികളെ ഞങ്ങൾ ക്ഷണിക്കുന്നു.

### മതത്തിന്റെ തുടർച്ച

മതങ്ങളുടെ അനുസ്യൂതമായ തുടർച്ചയിലും അതിന്റെ സാർവ്വത്രികതയിലും ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ടാണ് പ്രവാചകത്വം എന്നത് ലോകത്ത് എല്ലായിടത്തുമുള്ള ഒരു സാർവ്വത്രിക പ്രതിഭാസമാണെന്ന കാര്യത്തിൽ ഇസ്‌ലാം ഊന്നൽ നൽകുന്നത്. പ്രവാചകൻമാർ പ്രവാചക സമൂഹത്തിന്റെ അവരുടെ സാകല്യാവസ്ഥയിലാണ് സ്വീകരിക്കപ്പെടുന്നത് എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കപ്പെടുന്നത്. പ്രവാചക സമൂഹത്തിൽപ്പെട്ട ഒരാളെ നിഷേധിച്ചാൽ അവരെ മുഴുവനും നിഷേധിച്ചതിന് തുല്യമാണ്. പ്രവാചകന്മാരെല്ലാം ഒരേ സ്രോതസ്സിൽ നിന്നും സംസാരിച്ചു എന്ന പരിപ്രേക്ഷ്യത്തിലാണ് ഒരാൾ പ്രവാചകന്മാരെയെല്ലാം അനുസരിക്കുന്നത്. പ്രവാചകന്മാരുടെ അനുസ്യൂതമായ തുടർച്ച എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സാദൃശ്യമുള്ളതിന്റെ ആവർത്തനം എന്ന നിലക്കാണ് അല്ലാതെ ജീവിപരിണാമം പോലെയുള്ള ഒന്നിന്റെ തന്നെ തുടർച്ച എന്ന നിലക്കല്ല. നാം പ്രവാചകന്മാരുടെ സന്ദേശത്തിന്റെ പുരോഗമനാത്മകതയിൽ വിശ്വസിക്കുന്നു. അതായത് സമസ്ത മാനവീയ മേഖലയെയും സ്പർശിക്കുന്ന മനുഷ്യപുരോഗതിയിലേക്ക് ചുവടുവെച്ചു കൊണ്ടുള്ളതാണ് ആ പുരോഗതി. ആദിമകാലത്തെ വെളിപാടു മതങ്ങളെല്ലാം ഒരേതരം മൗലിക അദ്ധ്യാപനങ്ങളാണ് ഉൾക്കൊള്ളുന്നത്. ആ മതങ്ങൾക്ക് താരതമ്യേന കുറഞ്ഞ മേഖലയിൽ മാത്രമേ വിശദമായ അദ്ധ്യാപനങ്ങൾ നൽകിയിട്ടുള്ളൂ. അതായത് കുറഞ്ഞ തോതിൽ മാത്രമേ വിധി വിലക്കുകൾ നടപ്പാക്കിയിട്ടുള്ളൂ എന്ന് ഇതിനെക്കുറിച്ച് പറയാം. ഈ വിധിവിലക്കുകൾ ക്രമേണ മനുഷ്യപ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന വിശാലമേഖലയിലേക്ക് കൂടുതൽ വ്യാപിക്കുകയുണ്ടായി. പൗരാണിക സംസ്കാരങ്ങളിലെ മതങ്ങൾ സ്വയം തന്നെ താരതമ്യേന ഒരു പ്രത്യേക ഗോത്രത്തിലോ വർഗ്ഗത്തിലോ പ്രദേശത്തിലോ ഉള്ള ആളുകളെ മാത്രം അഭിസംബോധന ചെയ്യുന്നതായി കാണുന്നു. ഈ സന്ദേശങ്ങൾ ആ കാലഘട്ടത്തിലെ ആവശ്യങ്ങളിൽ മാത്രം പരിമിതമായിരുന്നു. അവയെ ഗോത്രീയമോ, വർഗ്ഗപരമോ, ദേശീയമോ ആയ മതങ്ങൾ എന്ന് വിശേഷിപ്പിക്കുന്നതാവും കൂടുതൽ ഉചിതം. ഇസ്രയേൽ സന്തതികളും യഹൂദാദ്ധ്യാപനങ്ങളും ഇതിനു പറ്റിയ ഏറ്റവും നല്ല ഉദാഹരണമാണ്.

മതങ്ങളുടെ വികസനത്തിന്റെ ചരിത്രപരമായ പ്രവണതകൾ രണ്ടുവിധത്തിൽ സംഗ്രഹിക്കാം.

1. മതാദ്ധ്യാപനങ്ങളുടെ പുരോഗമനാത്മകമായ വിസ്താരണവും അതായത് മനുഷ്യൻ ഇടപഴകുന്ന കൂടുതൽ മേഖലകളെ സംബന്ധിച്ചുള്ള വിധിവിലക്കുകളും താരതമ്യാത്മകവുമായ പൂർണത.
2. ചെറിയ വിഭാഗങ്ങളിൽ നിന്നും വലിയ വിഭാഗങ്ങളിലേക്കുള്ള പുരോഗമനാത്മകമായ മാറ്റം.

മതങ്ങളുടെ അനുസ്യൂതമായ തുടർച്ച എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ആദം നബിക്ക് വെളിപ്പെട്ട അതേ മതം തന്നെ തുടർച്ചയായി മനുഷ്യസമൂഹത്തിന് നൽകിക്കൊണ്ട് പുരോഗമനാത്മകമായ മാറ്റവും വൈപുല്യവും വരുത്തുക എന്നതല്ല. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ വിവിധ തരത്തിലുള്ള നാഗരികതകൾ വേരു പിടിക്കുകയും പുഷ്ക്കലമാവുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യവികസനത്തിനനുസൃതമായ വിധത്തിൽ ദിവ്യവെളിപാടുകളിലൂടെ ലോകത്തിലെ വിവിധ ഭാഗങ്ങളി ൽ മതങ്ങൾ ഉടലെടുക്കുകയും ചെ യ്തു.

### മതവികാസത്തിന്റെ പുരോഭാഗം

ലോകമതങ്ങളുടെ പരിണാമത്തിൽ മുഖ്യധാരയായി വർത്തിച്ച പ്രധാന മതങ്ങളെല്ലാം പിറന്നുവീണതും പരിപോഷിപ്പിക്കപ്പെട്ടതും പരിഷ്കരിക്കപ്പെട്ടതും മധ്യ പൗരസ്ത്യ ദേശത്തിലാണെന്ന് നാം വിശ്വസിക്കുന്നു. ഇക്കാര്യം മതങ്ങളുടെ ചരിത്രപഠനത്തിൽ വളരെ പ്രകടമാണ്. യഹൂദമതത്തെ പിന്തുടർന്ന് ക്രിസ്തുമതവും അതിനെത്തുടർന്നു വന്ന ഇസ് ലാം മതവും മതാദ്ധ്യാപനങ്ങളുടെ പരിണാമ ദിശാമാർഗ്ഗം വ്യക്തമായും സൂചിപ്പിക്കുന്നു. ഈ മതങ്ങളുടെ വികാസപരിണാമചരിത്രങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. ആ മതങ്ങളെല്ലാം അഗാധമായി പര

*(ശേഷം 33 -ാം പേജിൽ)*

ലേഖനം

# ബർണബാസിന്റെ സുവിശേഷം

**സൈഫുദ്ദീൻ എം. ഭഗത്**

## മുഹമ്മദ് നബി (സ)യുടെ ആഗമനത്തെസ്സംബന്ധിച്ച പ്രവചനമടങ്ങിയ ഇഞ്ചീൽ

യേശുവിന്റെ ബഹുമാന്യനായ ഒരു ശിഷ്യന്റെ സ്മരണക്കായി, ജൂൺ 11 സെന്റ് ബർണബാസ് ദിനമായി പാശ്ചാത്യലോകം ആഘോഷിക്കുന്നു. 'പ്രബോധന പുത്രൻ' എന്ന് അർത്ഥമുള്ള 'ബർണബാസ്' എന്നു അപ്പോസ്തലന്മാർ മറുപേർ വിളിച്ച കപ്രദ്വീപുകാരനായ യോസേഫ് എന്നൊരു ലേവ്യൻ' (അപ്പോസ്തല പ്രവൃത്തികൾ 4:36). എന്ന് സുവിശേഷം രേഖപ്പെടുത്തുന്നു. ബർണബാസിനെക്കുറിച്ചുള്ള യേശുവിന്റെ കല്പന ഇതാണ്: "അവൻ നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ കൈക്കൊൾവിൻ". (കൊലൊസ്സ്യർക്കു എഴുതിയ ലേഖനം 44:10)

ഏ.ഡി. 478-ൽ സിനോ ചക്രവർത്തിയുടെ നാലാം വർഷത്തിൽ ബർണബാസിന്റെ ഭൗതികാവശിഷ്ടം കണ്ടെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിൽ ഹിബ്രു-അരമായ ഭാഷയിൽ എഴുതപ്പെട്ട സുവിശേഷം അദ്ദേഹത്തിന്റെ നെഞ്ചിൽ ഉണ്ടായിരുന്നു. "യജമാനന്റെ വായിൽ നിന്ന് വന്ന വാക്കുകൾ പോലെ എഴുതപ്പെട്ടത്." 'വൾഗൈറ്റ് ബൈബിളി'ന്റെ (Vulgate Bible) അടിസ്ഥാനവും ഈ സുവിശേഷം തന്നെ. 1713-ൽ പ്രഷ്യയിലെ രാജാവിന്റെ കൗൺസിലറായിരുന്ന ക്രാൻമർ അത് പ്രസിദ്ധ പുസ്തകപ്രേമിയായിരുന്ന സാവോയിലെ യൂജീൻ രാജകുമാരന് സമ്മാനിച്ചു. പോപ്പ് 1738-ൽ അത് വിയന്നയിലെ ഹോഫ് ബൈബിളിയോതെക്കിൽ സൂക്ഷിക്കാൻ ഏല്പിച്ചത് ഇന്നും അവിടെ കാണാം. 1747-ൽ ടോലന്റ് പ്രസിദ്ധീകരിച്ച 'മിസ്‌ലാനിയസ് വർക്സിൽ' ബർണബാസിന്റെ സുവിശേഷം ഇപ്പോഴും നിലവിലുണ്ടെന്ന് സൂചിപ്പിക്കുന്നു. (വാള്യം 1 പേ. 380). അതിലെ പതിനഞ്ചാം അദ്ധ്യായത്തിൽ അദ്ദേഹം ഏ.ഡി. 496 -ലെ ജലാസ്സ്യൻ ആജ്ഞയെ (Gelassian Decree) പരാമർശിക്കുന്നുണ്ട്. അതിൽ 'എവാഞ്ചിലിയം ബർണാബെ'യെ നിരോധിക്കപ്പെട്ട ഗ്രന്ഥങ്ങളിലാണുൾപ്പെടുത്തിയിരിക്കുന്നത്. ഇതിനു മുമ്പ് ഈ സുവിശേഷം ഏ.ഡി. 465-ൽ പോപ്പ് ഇന്നസെന്റും, ഏ.ഡി. 382-ൽ പോപ്പ് സെന്റ് ഡമാസ്ക്കസ് ഒന്നാമന്റെ കീഴിൽ പാശ്ചാത്യ സഭകളുടെ ആജ്ഞപ്രകാരവും നിരോധിച്ചിരുന്നു.

ബർണബാസിന്റെ സുവിശേഷത്തിൽ, യേശു ചേലാകർമ്മത്തെ ഉയർത്തിപ്പിടിക്കുന്നു. ബൈബിളിന്റെ യഥാർത്ഥ അർത്ഥത്തിൽ പന്നി മാംസം നിഷിദ്ധമാണെന്ന് പ്രസ്താവിക്കുന്നു. തന്നെ ദൈവമെന്ന് വിളിക്കുന്നവരെ ശാസിക്കുന്നു. ഇസ്ഹാഖിന്റെ മേൽ ഇസ്മായിലീനുള്ള മേൽക്കോയ്മയെ ആദരിക്കുന്നു. എല്ലാറ്റിനുമുപരി അവസാനഭാഗത്ത് അതിൽ പറയുന്നു, യേശു കൊല്ലപ്പെട്ടിട്ടില്ലെന്ന്.

നാലു കനോനിക സുവിശേഷങ്ങൾ ഒന്നിച്ചു ചേർത്താൽ മാത്രം കാണപ്പെടുന്ന കന്യാമറിയത്തിന്റെ പുത്രനായ യേശുവിന്റെ പൂർണകഥ ജോർജ് സെയിൽ സ്വർഗ്ഗീയ നിധി എന്നു വിളിക്കുന്ന 'ഇവാഞ്ചലിയം ബർണാ ബെ' (Evangelium Bernaba) യിൽ പൂർണ രൂപത്തിൽ കാണുന്നു. വത്തിക്കാന്റെ കൈകടത്തൽ മൂലം നാലു കാനോനിക സുവിശേഷങ്ങൾ ഒന്നിച്ചെടുത്താലും ചില ശൂന്യതകൾ കാണാവുന്നതാണ്. എന്നാൽ ബർണബാസിന്റെ സുവിശേഷം പൂർണ്ണതയുടെയും സംതൃപ്തിയുടെയും ബോധം ജനിപ്പിക്കുന്നു. പോപ്പിന്റെ ലൈബ്രറിയിലെ ഇറ്റാലിയൻ പരിഭാഷയിൽ നിന്ന് വിവർത്തനം ചെയ്ത ബർണബാസിന്റെ സുവിശേഷത്തിന്റെ സ്പാനിഷ് തർജ്ജമ ഹാംപ്ഷയറിലുള്ള ഹെഡ്‌ലിയിലെ റെക്ടർ ഡോ. ഹോം 1734-ൽ ജോർജ്ജ് സെയിലിന് നൽകി. ഒരു പ്രതി ഓക്സ് ഫോർഡിലെ ക്യൂൻസ് കോളേജിലെ ഫെല്ലോ ആയിരുന്ന ഡോ. മോങ്ക് ഹൗസ്സിനു നൽകി. സ്പാനിഷിനോടൊപ്പം ഇംഗ്ലീഷ് വിവർത്തനവും ചേർത്ത് ഡോക്ടർ മോങ്ക് ഹൗസ് 1784--ൽ ഡോ. വൈറ്റ് ബംപ്ടണ് കൊടുത്തു. അദ്ദേഹം അതിനെ 'യേശുവിന്റെ നസ്റീൻ വിശ്വാസത്തിന്റെ പ്രതീകം' എന്ന് വിളിച്ചിരുന്നു.

ആഗ്ലേയ ദമ്പതികളായ മി. ലോൺസ് ഡെയിലും മിസ്സിസ് ലോറാ റെഗും 1907-ൽ ഓക്സ്ഫോർഡിലെ ക്ലാറൻഡൻ പ്രസ്സിൽ ബർണബാസ്

സുവിശേഷ ത്തിന്റെ ഇംഗ്ലീഷ് തർജ്ജമ അച്ചടിപ്പിച്ചു. അവരെ താഴെ പറയുന്ന വർ സഹായിച്ചു. ഫ്ളോറൻസിലെ പാദ്രി മിനോഷി, പ്രൊ. നല്ലിനോ, പിലാർമോയിലെ പ്രൊ. കാസയ്റോ, പ്രൊ. ഗിഡി, റോമിലെ പ്രൊ. നൊനാസി, പദ്വയിലെ പ്രൊ. ഗ്രെസിനി (വെനീഷ്യൻ ആർക്കീവ്സിലെ കമ്മാൻഡറ്റോർ മലഗോല), വിയന്ന യിലെ ഇംപീരിയൽ ലൈബ്രറിയിലെ ഡയറക്ടർ പ്രൊ. ജെ. റിട്ടർ വോൺ കാരാബസെക്ക്, അദ്ദേഹത്തിന്റെ സഹ പ്രവർത്തകൻ ഡോ. റുഡോൾഫ് ബീർ. വിശുദ്ധ മസീഹിനോടുള്ള നമ്മുടെ കട മയെന്ന നിലയിൽ തമസ്കരിക്കപ്പെട്ട ബർണാബാസ് സുവിശേഷത്തെക്കു റിച്ച് ലോകത്തെ അറിയിക്കാൻ ഈ വിശ്രുത പണ്ഡിതന്മാരെല്ലാം ഉന്നത മായ ഉത്തരവാദിത്വബോധത്തോടും ബാദ്ധ്യതയെന്ന നിലയിലും റാഗ്ഗ് ദമ്പതികളെ അതുല്യമായ നിലയിൽ സഹായിച്ചിട്ടുണ്ട്. ഫാദർ മറിനോയുടെ ലാറ്റിൻ പരിഭാഷ പഠിച്ചതിനുശേഷം വത്തിക്കാനും അതുമായി ബന്ധപ്പെട്ട ചർച്ചുകളും 1907–ൽ ഓക്സ്ഫോർഡി ലെ ക്ലാരൻഡൽ പ്രസ്സ് പ്രസിദ്ധീകരിച്ച, ലോറൻസ് ഡെയ്ലും ലോറ റെഗും തയ്യാറാക്കിയ ബർണബാസ് സുവിശേ ഷത്തെ തമസ്ക്കരിക്കാൻ ബോധ പൂർവ്വം ശ്രമിച്ചിട്ടുണ്ട്. മാർക്കറ്റിൽ നിന്നും ഇതിനെ നിഗൂഢമായി നീക്കം ചെയ്യുന്നതിന്നുള്ള എല്ലാം ശ്രമങ്ങളും വത്തിക്കാൻ നടത്തിയിട്ടുണ്ട്. രണ്ടു പ്രതികൾ സംരക്ഷിക്കപ്പെട്ടു. ഒന്ന് ബ്രിട്ടീഷ് മ്യൂസിയത്തിൽ ഉണ്ട്, മറ്റേത് വാഷിംഗ്ടണിലെ കോൺഗ്രസ്സ് ലൈബ്രറിയിലുമുണ്ട്.

മുമ്പ് പ്രീസ്റ്റ് പെരെട്ടി എന്നറിയപ്പെ ട്ടിരുന്ന പോപ്പ് സിക്സ്റ്റസ് അഞ്ചാമന്റെ സ്നേഹിതനായിരുന്ന ഫാദർ മറിനോ ബർണബാസ് സുവിശേഷം കണ്ടെത്തി യത് പോപ്പിന്റെ സ്വകാര്യ ലൈബ്രറി യിലായിരുന്നു. ഒരു ദിവസം പോപ്പ് സിക്സ്റ്റസ് അഞ്ചാമൻ ബർണബാ സിന്റെ സുവിശേഷം വായിച്ചുകൊണ്ടി രിക്കെ ഉറങ്ങിപ്പോയി. ഫാദർ മറിനോ അതെടുത്തു ആ ദിവസം രാത്രി വായി ച്ചു. ആശ്വാസദായകനായ അഹ്മദിന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനം ബർണബാസ് സുവിശേഷത്തിൽ വായിച്ച അദ്ദേഹം പോപ്പിനെ വിട്ടേച്ചു വന്ന് മുസ്ലിമായി. ഇത് വത്തിക്കാനെ ഞെട്ടിച്ചു. ഇറാന്യൂസ് ലിഖിതങ്ങളുടെ (Iranaeus A. D. 130-200) ഒരു പണ്ഡി തനായിരുന്നു അദ്ദേഹം. ഇറാന്യൂസ് ബർണബാസ് സുവിശേഷത്തിൽ നിന്നും ധാരാളം വചനങ്ങൾ ഉദ്ധരി ക്കാറുണ്ടായിരുന്നു. ഈ പ്രശ്നത്തെ ക്കുറിച്ചു അദ്ദേഹം ചിന്തിച്ചു. മസീഹി ന്റെ ആഗമനത്തെക്കുറിച്ചുള്ളതൊഴിച്ച്, മോശെയുടെ ഓരോ വാക്കും യഹൂദർ അനുസരിച്ചിരുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യമായി. അതുപോലെ ക്രിസ്ത്യാ നികളും യേശുവിന്റെ ഓരോ വാക്കും വിശ്വസിച്ചു. എന്നാൽ മുഹമ്മദിന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രവചന ത്തിൽ വിശ്വസിച്ചില്ല. ഈ പ്രവചനം ബർണബാസിന്റെ സുവിശേഷത്തിൽ ഉണ്ടായിരുന്നു. നിയമാനുസാരിയായ നാലു സുവിശേഷങ്ങളിൽ നിന്നും ഇതിനെ ബോധപൂർവ്വം നീക്കിക്കളയു കയായിരുന്നു. സ്നാപക യോഹന്നാൻ മുഖേന യേശുവിന്റെ പിൻഗാമിയായി രുന്ന ആറിയൂസിന്റെ (Arius) ബദ്ധ വൈരിയായിരുന്നു അതനേഷ്യേസ് (Athanasius). അദ്ദേഹത്തിന്റെ പക്കലാ യിരുന്നു ബർണബാസിന്റെ സുവി ശേഷം സൂക്ഷിക്കപ്പെട്ടത്. ഏ.ഡി. 307 –ൽ എഴുതിയ ഒരു കത്തിൽ ബർണ ബാസ് സുവിശേഷം ഒരു അപ്പോക്രി ഫയാണെന്ന് മാത്രമാണ് അതാ നേഷ്യസ് പോലും പ്രഖ്യാപിച്ചത്. 'അപ്പോക്രഫ' എന്നാൽ പരസ്യവായ നക്ക് ഉപയോഗിക്കാത്ത വേദപുസ്തകം എന്നാണർത്ഥം. പക്ഷേ ജ്ഞാന സ്നാനം ചെയ്യാത്ത പ്രാകൃത റോമൻ മതവിശ്വാസിയായിരുന്ന (Pagan) മഹാ നായ കോൺസ്റ്റെയിൻ ചക്രവർത്തി യാണ് ബർണബാസിന്റെ സുവിശേഷം തമസ്കരിക്കാൻ മുന്നോട്ടുവന്നത്.

ഏഷ്യാമൈനറിലെ (ഇന്നത്തെ തുർക്കി) നിക്കോമിഡിയക്കടുത്ത് ആയി രുന്നു അദ്ദേഹം നിഖ്യ കൗൺസിൽ വിളിച്ചുകൂട്ടിയത്, ഇറ്റലിയിലെ റോമിലാ യിരുന്നില്ല. 2000 അംഗങ്ങളെ പ്രതിക്ഷീ ച്ചിരുന്നെങ്കിലും 318 എപ്പിസ്കോപ്പികൾ ഹാജരായി, അദ്ദേഹം തന്റെ മരുമകൻ ലിസിന്യസ് ചക്രവർത്തിയെ കൊന്നു കളഞ്ഞു, പൗരസ്ത്യ പാശ്ചാത്യ സാമ്രാജ്യങ്ങളുടെ ഭരണമേറ്റെടുത്തു, നിഖ്യ കൗൺസിലിന്റെ ആദ്ധ്യക്ഷം വഹിച്ചു. റോമിലെ ബിഷപ്പായി ക്കൊണ്ടല്ല ഈ സ്ഥാനം വഹിച്ചത്. പോണ്ടി ഫാക്സ് മാക്സിമസ് (Ponti fax Maximus) എന്ന നിലയിലാണ് അദ്ദേഹം ആദ്ധ്യക്ഷത വഹിച്ചത്. ലാറ്റി നിലല്ല ഗ്രീക്ക് ഭാഷയിലാണ് അദ്ദേഹം യോഗനടപടികൾ നടത്തിയത്. ലാറ്റിൻ സഭ വെറും ഏഴ് പ്രതിനിധികളെയാണ് യോഗത്തിൽ പങ്കെടുപ്പിച്ചത്. ആറി യൂസ് അടക്കം ബർണബാസിന്റെ സുവിശേഷം കൈവശമുള്ളവർ ഉടനെ അത് തീവെച്ചു നശിപ്പിക്കാൻ വിട്ടുതര ണമെന്നും അല്ലാത്തപക്ഷം മരണമായി രിക്കും ശിക്ഷയെന്നും അദ്ദേഹം ഭീഷ ണിപ്പെടുത്തി. ആറിയൂസ് ഗ്രന്ഥ ത്തോടൊപ്പം രക്ഷപ്പെട്ടു. ഇതിനിടെ കോൺസ്റ്റെയിൻ ഗ്രീക്കിൽ നിന്നുള്ള ക്രൈസ്റ്റ് എന്ന പദം ക്രിസ്റ്റോസ് എന്നാക്കി. അതിന്റെ അർത്ഥം ശരീരം (യേശുവിന്റെ) എന്നായിരുന്നു. യേശു വിനെ കളിയാക്കാനായിരുന്നു ഈ പ്രയോഗം. യൂറോപ്പിലെ പ്രാകൃതമത വിശ്വാസികളെ കളിയാക്കാൻ വേണ്ടി യായിരുന്നു ഇത് ഉപയോഗിച്ചത്. അവ രുടെ രാഷ്ട്രീയ സ്വാധീനം നേടാൻ അദ്ദേഹം ഈ ആശയം നിമ്രോദിക് സാറ്റർണേലിയ ഫീസ്റ്റിൽ (Nimrodic Saturnalia) കൂട്ടിക്കുഴച്ച് ക്രിസ്തുമസ് ആഘോഷം കെട്ടിയുണ്ടാക്കി (വാനശാ സ്ത്രത്തിൽ പ്രഗത്ഭനായ യു.കെ.യിലെ ഫ്യൂഗ് അദ്ദേഹത്തിന്റെ കണ്ടെത്തലു കൾ 1979 ഡിസംബർ 24–ന് വെളിപ്പെ ടുത്തി. അതുപ്രകാരം യേശു ജനിച്ചത് സപ്തംബർ 15നായിരുന്നു. ഭാവന എത്ര വലിച്ചു നീട്ടിയാലും അത് ഡിസംബർ 25–ന് അല്ല). കോൺസ്റ്റെയിൻ രാജകു മാരിക്ക് തന്റെ സഹോദരൻ ആരിയൂസി നോട് പെരുമാറിയ രീതി ഇഷ്ടമായി ല്ല. അതിനാൽ അദ്ദേഹം ഏ.ഡി. 336–ൽ ആരി യൂസിനെ മടക്കി വിളിച്ചു. അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലെ പള്ളിയിൽ എത്തിയ ഉടനെ വധിച്ചുക

*(ശേഷം 42 -ാം പേജിൽ)*

പ്രതികരണം

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും കാന്തപുരം സുന്നികളും

കെ.എം. അഹ്മദ് കോയ

### കാന്തപുരം സുന്നികളുടെ മുഖപത്രമായ 'സിറാജി'ൽ വന്ന 'കബർസ്ഥാൻ- അഹ്മദികൾ പുകമറ സൃഷ്ടിക്കുന്നു' എന്ന ലേഖനത്തിനു മറുപടി.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, പാലക്കാട് പ്രസിഡണ്ട് ജനാബ് മുഹമ്മദ് ശാഫി സാഹിബ് മെയ് 18-ാം തിയ്യതി വഫാത്തായപ്പോൾ പാലക്കാട്ട് കള്ളിക്കാട് ശ്മശാനത്തിൽ കബറടക്കുന്നത് അവിടുത്തെ പള്ളിക്കമ്മിറ്റി ഭാരവാഹികൾ തടഞ്ഞിരുന്നു. പിന്നീട് മണ്ണാർക്കാട് അഹ്മദിയ്യാ മുസ്‌ലിം ശ്മശാനത്തിൽ മയ്യത്ത് കബറടക്കുകയാണുണ്ടായത്. മനുഷ്യത്വരഹിതമായ ഈ നിഷ്ഠൂരതയെ ചില മാധ്യമങ്ങളും, സാമൂഹിക രാഷ്ട്രീയ സംഘടനകളും രൂക്ഷമായി വിമർശിക്കുകയുണ്ടായി. ആ വിമർശനങ്ങളോടുള്ള പ്രതികരണം എന്ന നിലക്ക് കാന്തപുരം സുന്നികളുടെ മുഖപത്രമായ 'സിറാജി'ൽ 24-7-2003ന് 'കബർസ്ഥാൻ' ഖാദിയാനികൾ പുകമറ സൃഷ്ടിക്കുന്നു' എന്ന പേരിൽ വന്ന ലേഖനത്തിന്നുള്ള മറുപടിയാണിത്.

### റസൂൽ തിരുമേനി (സ) അന്ത്യപ്രവാചകനല്ല

'സിറാജി'ലെ ലേഖനത്തിൽ 'ഇതെല്ലാം അവരുടെ വിഷലിപ്ത ആശയങ്ങളിൽ ഏതാനും ചിലത് മാത്രം. ഇതിലെ മുഖ്യ വിഷയമാണ് മുഹമ്മദ് നബി(സ)യുടെ അന്ത്യപ്രവാചകത്വം നിഷേധിക്കൽ. ലോകത്തിലെ മുഴുവൻ മുസ്‌ലിംകളും വിശ്വസിക്കുന്നതും ഖുർആൻ മുതലുള്ള രേഖകൾ മുഴുവനും പ്രഖ്യാപിക്കുന്നതും മുഹമ്മദ് നബി(സ) യോടെ പ്രവാചകത്വം അവസാനിച്ചുവെന്നാണ് (സിറാജ്).

അഹ്മദികൾ അശ്റഫുൽ ഖൽക്കായ റസൂൽ തിരുമേനി(സ)യെ സ്നേഹിക്കുന്നതിന്റെ കോടിയിലൊരംശം പോലും ആ മഹാത്മാവിനെ സ്നേഹിക്കാൻ സുന്നികൾക്കാവില്ല എന്നതാണ് സത്യം.പ്രവാചകപ്രഭുവായ റസൂൽ തിരുമേനി(സ)ക്ക് പാദസേവ ചെയ്യാനാണ് വാഗ്ദത്ത മസീഹായി അഹ്മദി (അ)നെ അല്ലാഹു നിയോഗിചച്ചതെന്നാണ് അഹ്മദികളുടെ വിശ്വാസം. റസൂൽ തിരുമേനി(സ)യുടെ സത്യം ലോകത്ത് വിജയിപ്പിക്കാനാണ് അഹ്മദികൾ അഹോരാത്രം ലോകം മുഴുവനും കഠിനാദ്ധ്വാനം ചെയ്യുന്നത് എന്ന കാര്യം സുന്നികൾ ഓർക്കുക.

അല്ലാഹു മനുഷ്യസമൂഹത്തെ സൽപന്ഥാവിലേക്ക് നയിക്കാൻ നിയോഗിക്കുന്ന പാപസുരക്ഷിതരായ മഹൽവ്യക്തികളാണ് പ്രവാചകന്മാർ. ആദം നബി(അ) യുടെ കാലം മുതൽ അവതീർണ്ണരായ പ്രവാചകന്മാരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനാണ് റസൂൽ തിരുമേനി(സ) എന്നാണ് അഹ്മദികൾ വിശ്വസിക്കുന്നത്. ഇത് കേവലം മനുഷ്യരുടെ സ്തുതിയല്ല. സർവ്വസ്രഷ്ടാവും സർവ്വശക്തനുമായ അല്ലാഹു വിശുദ്ധ ഖുർആനിൽ റഹ്മത്തുൽലിൽ ആലമീനായ റസൂൽ തിരുമേനി (സ)ക്ക് നൽകിയ സർവ്വോൽകൃഷ്ട പദവിയാണ്. **'ഖാത്തമുന്നബിയ്യീൻ'** എന്ന പദമാണ് ഖുർആൻ ആ പദവിയെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചത്. മനുഷ്യരിൽ വെച്ച് ശ്രേഷ്ഠരായ വ്യക്തികളാണ് പ്രവാചകന്മാർ. അങ്ങനെയുള്ള പ്രവാചകന്മാരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനായ മുഹമ്മദ് നബി (സ) യുടെ ഈ പരമയോഗ്യതയെ അഭിവ്യഞ്ജിപ്പിക്കാൻ 'ഖാത്തമുന്നബിയ്യീൻ' എന്ന പദമല്ലാതെ മറ്റൊരു അഭിധാനവും ഖുർആനിലില്ല. ആ ശ്രേഷ്ഠപദത്തിന്നാണ് നിരർത്ഥകവും നിന്ദാകരവുമായ 'അന്ത്യപ്രവാചകൻ' എന്ന അർത്ഥം നല്കിക്കൊണ്ട് അനഹ്മദികൾ റസൂൽ തിരുമേനിയെ വിശേഷിപ്പിക്കുന്നത്.

അഹ്മദികളോടുള്ള വിരോധം കൊണ്ട് 'ഖാത്തമുന്നബിയ്യീ'ന് അന്ത്യപ്രവാചകൻ എന്ന് അർത്ഥം കൊടുത്താൽ പ്രവാചകന്മാരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠൻ എന്ന തിരുമേനി(സ)യുടെ സ്ഥാനത്തിന് ഖുർആനികമായ പിൻബലമെവിടെ? അറബി വ്യാകരണപരമായി തെറ്റും. വിശുദ്ധഖുർആന്റെ മറ്റുവചനങ്ങൾക്കും സുന്നത്തിനും ഹദീസിനും വിരുദ്ധമാണ് 'അന്ത്യപ്രവാചകൻ' എന്ന ഈ അർത്ഥ കല്പന.

‘ഖാത്തം’ എന്ന പദത്തെ ബഹുവചനവാചിയായ ഒരു പദത്തോടു ചേർത്തു ഒരാളുടെ സ്തുതിയായി പ്രയോഗിക്കുമ്പോൾ അതിനു അറബി സാഹിത്യത്തിൽ ‘ശ്രേഷ്ഠൻ’ എന്നല്ലാതെ ‘അന്ത്യൻ’ എന്ന അർത്ഥം ലഭിക്കില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ഈ വെല്ലുവിളിക്ക് ഒരു സുന്നിപണ്ഡിതനും ഇന്നുവരെ മറുപടി പറഞ്ഞിട്ടില്ല. ‘ഖാത്തമുൽ മുഹാജിറീൻ’ (ഹിജ്റത്ത് ചെയ്തവരിൽ ശ്രേഷ്ഠൻ) ഖാത്തമുൽ ഔലിയ (ഔലിയാക്കളിൽ ശ്രേഷ്ഠൻ) ഖാത്തമുശുഅറാ: (കവികളിൽ ശ്രേഷ്ഠൻ) എന്നിങ്ങനെ നിരവധി ഉദാഹരണങ്ങൾ ഇസ്ലാമിക സാഹിത്യത്തിലും അറബി സാഹിത്യത്തിലും കാണാം. ഹദീസിൽ നിന്നുള്ള രണ്ട് ഉദാഹരണങ്ങൾ മാത്രം ഇവിടെ പറയാം. ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു.

إِنَّكَ خَاتَمُ الْمُهَاجِرِينَ فِي الْهِجْرَةِ كَمَا أَنَا خَاتَمُ النَّبِيِّينَ فِي النُّبُوَّةِ

‘ഞാൻ നുബൂവ്വത്തിൽ ഖാത്തമുന്നബിയ്യീൻ ആയിരിക്കുന്നതുപോലെ താങ്കൾ ഹിജ്റത്തിൽ ഖാത്തമുൽ മുഹാജിരീൻ ആകുന്നു.’ (തബ്റാനി - തഫ്സീറുസ്സാഫി) ഈ ഹിജ്റത്തിനു’ ശേഷം മുസ്ലിംകൾ ഹിജ്റത്ത് ചെയ്തിട്ടില്ലേ?

നിരവധിതവണ ഹിജ്റത്ത് ചെയ്തിട്ടുണ്ട്. ഇന്ത്യവിഭജന വേളയിൽ പാകിസ്താനിലേക്ക് പോയ മുഹജിരീങ്ങൾ തന്നെ ഉദാഹരണം.

أَنَا خَاتَمُ الْأَنْبِيَاءِ وَأَنْتَ يَا عَلِيُّ خَاتَمُ الْأَوْلِيَاءِ

ഞാൻ പ്രവാചകന്മാരുടെ ഖാത്തം ആണ്. അല്ലയോ അലി! താങ്കൾ വലിമാർക്ക് ‘ഖാത്തം’ ആകുന്നു”. ഹസ്റത്ത് അലി (റ) ക്കുശേഷം ഒരു വലിയും ഉണ്ടായിട്ടില്ല എന്നാണോ സുന്നികൾ വിശ്വസിക്കുന്നത്?

റസൂൽ തിരുമേനി (സ) യുടെ വാഗ്ദാന പ്രകാരം അവിടുത്തെ വിനീത ദാസനായിക്കൊണ്ട് ഇമാം മഹ്ദിയും മസീഹുമായി അവതീർണ്ണരായ ഹസ്റത്ത് അഹ്മദി (അ) നെ നിഷേധിക്കാനും അഹ്മദികളെ എതിർക്കാനും വേണ്ടി മാത്രമാണ് താരതമ്യേന ഈ അടുത്ത കാലം മുതൽ ‘അന്ത്യ പ്രവാചകൻ’ എന്ന ഈ പദം മുസ്ലിം ഉലമാക്കന്മാർ വ്യാപകമായി പ്രചരിപ്പിക്കുന്നത്. ‘അന്ത്യപ്രവാചകൻ’ അഥവാ പ്രവാചകത്വം എന്ന അനുഗ്രഹം അവസാനിപ്പിച്ചയാൾ എന്നോ ഗണിതപരമായി അവസാന എണ്ണത്തെ പ്രതിനിധീകരിക്കുന്നയാൾ (’പ്രവാചക’ ശൃംഖലയിലെ അവസാനത്തെയാൾ) എന്ന അർത്ഥത്തിലോ റസൂൽ തിരുമേനി(സ)ക്ക് യാതൊരു ശ്രേഷ്ഠതയും കൈവരുന്നില്ല. ‘അന്ത്യൻ’ എന്ന വിശേഷണത്തിൽ ശ്രേഷ്ഠതയുടെ അർത്ഥോൽപാദനമോ താത്വിക യുക്തിയോ ഇല്ല. പഴയ അറബി മലയാളം സാഹിത്യത്തിലോ, പൂർവ്വകാല ഉലമാക്കാന്മാരുടെ വരുളുകളിലോ റസൂൽ തിരുമേനി (സ) ക്ക് ‘അന്ത്യപ്രവാചകൻ’ എന്ന വിശേഷണം നൽകിയിട്ടില്ല എന്ന വസ്തുത സുന്നി സഹോദരന്മാർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

‘അന്ത്യൻ’ എന്ന വിശേഷണം നമ്മുടെ ഭാഷാ പ്രയോഗത്തിലും ഒരു ശ്രേഷ്ഠതയും അഭിവ്യഞ്ജിപ്പിക്കുന്നില്ല. മാതാവിന്റെ, ‘അന്ത്യസന്താന’ മാണെന്നോ ‘അവസാനത്തെ പുത്രനാ’ണെന്നോ ഉള്ള പദവി ഒരാൾക്ക് എന്തു സവിശേഷതയാണ് നൽകുന്നത്? വാസ്തവത്തിൽ ‘അന്ത്യൻ’ എന്ന മലയാളപദത്തിന്ന് നിഷേധാത്മകവും നിന്ദാകരവുമായ അർത്ഥമാണ് നിഘണ്ടുകൾ നൽകിയിരിക്കുന്നത്. പറഞ്ഞാൽ പ്രവാചകതിരുമേനി(സ)യെ സ്നേഹിക്കുന്ന സുന്നികൾ ഞെട്ടരുത്. മലയാളത്തിലെ ആധികാരിക നിഘണ്ടുവായ ‘ശബ്ദതാരാവലി’ ‘അന്ത്യ’ എന്ന പദത്തിന്; ഒടുവിലുള്ള, താണ, മോശപ്പെട്ട, അവസാനത്തെ ജാതിയിൽപ്പെടുന്നവൻ എന്നീ അർത്ഥങ്ങളാണ് നൽകിയിരിക്കുന്നത്. എന്തെങ്കിലും നന്മയോ ശ്രേഷ്ഠതയോ ആ പദത്തിന്റെ അർത്ഥം വ്യുത്പാദിപ്പിക്കുന്നില്ല. നിന്ദാകരമായ അർത്ഥം മാത്രം ദ്യോതിപ്പിക്കുന്ന ‘അന്ത്യൻ’ എന്ന പദം റസൂൽ തിരുമേനി(സ) യുടെ വിശേഷണമായി ഉപയോഗിക്കാൻ പാടുണ്ടോ? റസൂൽ തിരുമേനി (സ) യെ സ്നേഹിക്കുന്ന ചിന്താശീലരായ സുന്നി യുവാക്കൾ ആലോചിക്കേണ്ടിയിരിക്കുന്ന, അഹ്മദികളെ എതിർക്കുന്നതിന്റെ പേരിൽ ആ പുണ്യാത്മാവിനെ നിന്ദിക്കരുത്. പകരം ആ മഹാത്മാവിന്റെ പേരിൽ സലാമും സ്വലാത്തും ഉരുവിട്ടു മുസ്ലിംകൾ ആത്മ ശുദ്ധീകരണം നടത്തുകയാണ് വേണ്ടത്. ലോകത്തിലുള്ള ഭൂരിപക്ഷം ഉലമാക്കന്മാർ പറഞ്ഞാലും റസൂൽ തിരുമേനി(സ)യുടെ പദവിക്ക് വിരുദ്ധമോ വിശുദ്ധ ഖുർആന് പ്രതികൂലമോ ആയ ഭാഷാ പ്രയോഗങ്ങളും ചിന്തകളും ദൂരേക്ക് വലിച്ചെറിയുകയാണ് ചെയ്യേണ്ടത്. ചിന്താശീലരെ അഭിസംബോധന ചെയ്ത് ഖുർആൻ പറയുന്നു:

ഭൂമിയിൽ അധികപേരേയും നീ അനുസരിക്കുന്നതായാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവർ നിന്നെ തെറ്റിച്ചുകളയും. അവർ തങ്ങളുടെ ഊഹത്തെയല്ലാതെ (മറ്റൊന്നിനെയും) പിൻപറ്റുന്നില്ല. അവർ സങ്കല്പിച്ചു സംസാരിക്കുക മാത്രമാണ് ചെയ്യുന്നത്. (6:117)

## അവസാനപ്രവാചകൻ മുഹമ്മദ് നബി (സ)യോ ഈസാനബി (സ)യോ?

വാദത്തിന് അവസാന പ്രവാചകൻ മുഹമ്മദ് നബിയാണെന്ന് സമ്മതിച്ചാൽത്തന്നെ സുന്നികൾ തന്നെ ഈസാനബി(അ) വീണ്ടും വരുമെന്ന് വിശ്വസിക്കുന്നില്ലേ? അപ്പോൾ മുഹമ്മദ് നബി(സ) എങ്ങനെ അവസാന പ്രവാചകനാകും? ഈസാനബി(അ)ക്കല്ലേ അവസാന പ്രവാചകൻ എന്ന വിശേഷണം യോജിക്കുക? ഈ ലളിതമായ യുക്തിയെപ്പറ്റി പോലും സുന്നികൾ ചിന്തിക്കുന്നില്ല. ചുരുങ്ങിയപക്ഷം ഒരു നബി വരാമെന്ന ഉപാധിയിന്മേലാണ് സുന്നികൾ അന്ത്യപ്രവാചകൻ എന്ന് റസൂൽ തിരുമേനി(സ)യെ വിശ്വസിക്കുന്നത് എന്നതല്ലേ ശരി?

‘സിറാജി’ലെ ലേഖനത്തിൽ റസൂൽ തിരുമേനി(സ)യുടെ ഹദീസ് ഉദ്ധരിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ‘എന്റെയും

മുൻകാല പ്രവാചകന്മാരുടെയും ഉപമ ഒരു മനുഷ്യൻ നിർമ്മിച്ച വീടുപോലെയാണ്. ഒരു ഇഷ്ടിക സ്ഥലമൊഴിച്ച് ബാക്കിയെല്ലാം മനോഹരമായി പൂർത്തിയാക്കിയിരിക്കുന്നു. ആ ഇഷ്ടിക ഞാനാണ്. ഞാനതിനെ പൂർത്തിയാക്കിയിരിക്കുന്നു. പ്രവാചകന്മാരെയാണ് വീടിനോടുപമിച്ചിരിക്കുന്നത്' ('അദുർറുൽ മൻസൂർ'). സുന്നികൾ ഈ ഹദീസിൽ വിശ്വസിക്കുന്നവരാണല്ലോ. എന്നിട്ടും ഈസാനബി(അ) നബിയായി വരുന്നതിന് സുന്നികൾക്ക് ഈ ഹദീസ് തടസ്സമാവുന്നില്ല. സുന്നികൾ പ്രതീക്ഷിക്കുന്ന അതേ ഈസാ നബി (അ) യുടെ സാദൃശ്യത്തിലും ഈസബ്നു മറിയം എന്ന അഭിധാനത്തിലും മസീഹായി വന്ന ഹസ്റത്ത് അഹ്മദി (അ)ന്റെ ആഗമനം കൊണ്ട് ഈ ഹദീസിനെ നിഷേധിക്കേണ്ടി വരുന്നില്ല എന്നാണ് അഹ്മദികളും പറയുന്നത്. ഏതൊരാളിൽ നിന്ന് പകുതിഭാഗം പഠിക്കണമെന്ന് നബി തിരുമേനി (സ) കല്പിച്ചുവോ ആ ഹസ്റത്ത് ആയിശ(റ)നിവേദനം ചെയ്ത ഒരു ഹദീസ് മാത്രം ഇതുസംബന്ധമായി ഉദ്ധരിക്കാം.

قُولُوا خَاتَمَ النَّبِيِّينَ وَلَا تَقُولُوا لَانَبِيَّ بَعْدَهُ

'തിരുമേനി ഖാതമുന്നബിയ്യീനാണെന്നു നിങ്ങൾ പറഞ്ഞുകൊള്ളുവിൻ. എന്നാൽ നബി തിരുമേനിയുടെ പിറകെ പ്രവാചകനില്ല എന്ന് പറയരുത്' (തക്മില മജ്മഉൽ ബിഹാർ പേ. 85 ദുർറുൽ മൻസൂർ' വാ. 5 ഭാ. 204).

'വഹ്യ്' നിലച്ചുപോയി എന്നും അല്ലാഹു ഇനി മനുഷ്യസമൂഹത്തോടു സംസാരിക്കില്ല എന്നുമുള്ള വിശ്വാസം അല്ലാഹുവിന്റെ മഹത്വത്തിന് വിരുദ്ധവും 'മുതകല്ലിം' (സംസാരിക്കുന്നവൻ) എന്ന അവന്റെ 'സിഫത്തി'ന് എതിരുമാണ്. മനുഷ്യസമൂഹം അധഃപതനത്തിൽ പതിക്കുമ്പോൾ നുബുവ്വത്ത് കൊണ്ട് അനുഗൃഹീതരായ പുണ്യാത്മാക്കളെ അയച്ചുകൊണ്ടാണ് അല്ലാഹു ആ സമൂഹങ്ങളെ പുനരുജീവിപ്പിക്കുന്നത്. ആദം നബി(അ) കാലം മുതൽക്കുള്ള ഈ സുന്നത്ത് അല്ലാഹു നിർത്തിവെച്ചിട്ടില്ല. നമുക്ക് പാഠം ഉൾക്കൊള്ളാൻ ഖുർആൻ വിവരിച്ച സമൂഹങ്ങളുടെ ചരിത്രമെല്ലാം പ്രവാചകാവതാരവുമായി ബന്ധപ്പെട്ടതാണ്. അല്ലാഹു പ്രവാചകന്മാരെ അയക്കുമ്പോൾ 'ഇൽമിൽ' അഹങ്കാരമുള്ള ഉലമാക്കന്മാർ എതിരാളികളായി രംഗത്തു വരുമെന്നത് ഖുർആന്റെ പാഠമാണ്.

'അവരുടെ അടുക്കൽ അവരുടെ പ്രവാചകന്മാർ ദൃഷ്ടാന്തങ്ങളോടുകൂടി വന്നപ്പോൾ അവർ തങ്ങൾക്കുള്ള അറിവിൽ ഊറ്റം നടിച്ചു' ('അൽമുഅ്മിൻ' 40:84).

അല്ലാഹു അയക്കുന്ന പുണ്യാത്മാക്കളെ ഉലമാക്കന്മാരുടെ നേതൃത്വത്തിൽ നിഷേധിക്കുക എന്നത് പണ്ടുമുതൽക്കേയുള്ള ലോകസമ്പ്രദായമാണെന്ന് ഖുർആൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. 'മനുഷ്യന്റെ സ്ഥിതി അഹോ പരിതാപകരം, അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു പ്രവാചകനും അവരുടെയടുക്കൽ വരുന്നില്ല.' (സുറ:യാസീൻ 36:31) ഇനിയാരെയും അല്ലാഹു അയക്കുകയില്ല എന്ന വാദം വഴിപിഴച്ചവരുടേതും അതിരുകവിഞ്ഞവരുടേതുമാണെന്ന് അല്ലാഹു വ്യക്തമായും പറയുന്നു. 'മുമ്പേ യൂസുഫ് നിങ്ങളുടെ അടുക്കൽ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നു... അദ്ദേഹം മരിച്ചപ്പോൾ നിങ്ങൾ പറഞ്ഞു: അല്ലാഹു അദ്ദേഹത്തിനുശേഷം ഒരിക്കലും ഒരു ദൂതനെയും അയക്കുകയില്ല. ഇപ്രകാരം അതിരുകവിഞ്ഞ് പ്രവർത്തിക്കുന്നവരും സംശയാലുക്കളും വഴിപിഴച്ചവരാണെന്ന് അല്ലാഹു തീരുമാനിക്കുന്നു (അൽമുഅ്മിൻ - 40:35)

## മുല്ലായിസം
## പ്രബുദ്ധകേരളത്തെ വെല്ലുവിളിക്കുന്നു

ഖുർആൻ, സുന്നത്ത്, ഹദീസ്, ഖിയാസ്, ഇജ്മാഅ് എന്നീ ഇസ്ലാമിക പ്രമാണങ്ങളിലെല്ലാം മുൻഗണനാക്രമമനുസരിച്ച് സുന്നികളെപ്പോലെ അഹ്മദികളും വിശ്വസിക്കുന്നു. എന്നിട്ടും സുന്നികൾ ഒരു അഹ്മദിയുടെ മയ്യിത്ത് ഉപരോധിക്കുകയും മുസ്ലിംകളുടെ ശ്മശാനം നിഷേധിക്കുകയും ചെയ്തു. ഇത്തരം മനുഷ്യത്വരഹിതവും നിഷ്ഠൂരവുമായ കൃത്യമാണോ പ്രപഞ്ചം മുഴുക്കെ കാരുണ്യവും കൊണ്ട് അവതരിച്ച റസൂൽ തിരുമേനി(സ)യുടെ മാതൃക? എല്ലാ മുസ്ലിംകളെയും പോലെ ഇസ്ലാമിക പ്രമാണങ്ങളിൽ വിശ്വസിക്കുകയും സ്വയം മുസ്ലിമാണെന്ന് അവകാശപ്പെടുകയും ചെയ്യുന്ന അഹ്മദികൾ മുസ്ലിംകളല്ല എന്ന് നിശ്ചയിക്കാൻ ആർക്കാണ് അവകാശം? ആളുകളെ സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കും റിക്രൂട്ട് ചെയ്യാൻ കാന്തപുരം സുന്നികളെ അല്ലാഹു ഭരമേല്പിപ്പിച്ചിട്ടുണ്ടോ?

വിശുദ്ധ ഖുർആൻ പറയുന്നു: 'വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ - നിങ്ങൾ (എപ്പോഴും) നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.' (അൽമാഇദ 5:9)

അഹ്മദികൾ മുസ്ലിംകളാണെന്നതിന് കാന്തപുരം സുന്നികളുടെ ഫത്വ ആവശ്യമില്ല. സ്വന്തം അഖീദയിൽപ്പെട്ട സുന്നികളായ മുസ്ലിം സഹോദരന്മാർക്കെതിരെ തന്നെ 'കുഫ്ർ' ഫത്വ പുറപ്പെടുവിക്കുകയും പരസ്പരം ആക്രമിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്ന ഉലമാക്കന്മാരെപ്പറ്റി 'ആകാശത്തിൻ കീഴിലെ ഏറ്റവും നികൃഷ്ട ജീവികൾ' എന്നാണ് തിരുവചനം. അവരുടെ ഫത്വകൾ ഭ്രാന്തൻ ജല്പനങ്ങളായി കരുതുന്ന അഹ്മദിയ്യാ ജമാഅത്ത് അതിന് പുല്ലുവില കൂടി കല്പിക്കുന്നില്ല. മുസ്ലിമിന്റെ ലളിതവും വിശാലവുമായ നിർവ്വചനം എന്താണെന്ന് കരുണക്കടലായ റസൂൽ തിരുമേനി(സ) തന്നെ നമുക്കു പറഞ്ഞുതന്നിട്ടുണ്ട്. അവിടുന്ന് അരുളി: 'സ്വയം മുസ്ലിമാണെന്ന് പറയുന്നവരുടെയെല്ലാം പേര് എനിക്കുവേണ്ടി എഴുതിത്തരിക' (ബുഖാരി). മറ്റൊരവസരത്തിൽ റസൂൽ തിരുമേനി (സ) പറഞ്ഞു: 'നാം നമസ്കരിക്കുന്നത് പോലെ നമസ്കരിക്കുകയും നമ്മുടെ ഖിബ്ലയുടെ നേരെ തിരിയുകയും നാം അറുത്തത്

ഭക്ഷിക്കുകയും ചെയ്യുന്നവനാരോ അയാൾ മുസ്‌ലിമാകുന്നു. അയാൾ ദിമ്മത്തുല്ലയും, ദിമ്മത്തുർ റസൂലും ആണ്. അതുകൊണ്ട് അല്ലാഹുവിന്റെ ദിമ്മത്ത് (സംരക്ഷണോത്തരവാദിത്തം) ലംഘിക്കാതിരിക്കുക' (ബുഖാരി)

പൗരന്റെ മതസ്വാതന്ത്ര്യം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ ഇന്ത്യൻ ഭരണഘടനയെ നിന്ദിച്ചുകൊണ്ട് മുല്ലായിസം നടപ്പാക്കാൻ തുനിയുന്ന കാന്തപുരം സുന്നികൾക്ക് ഇവിടെ പ്രബുദ്ധരായ ഒരു സമൂഹമുണ്ടെന്ന യാഥാർത്ഥ്യബോധമുണ്ടാവണം. പാവപ്പെട്ട ഒരു അഹ്‌മദി പൗരന്റെ മൃതദേഹം സ്വന്തം ദേശത്ത് കബറടക്കാൻ അനുവദിക്കാത്ത അങ്ങേയറ്റം ജുഗുപ്സാവഹമായ സുന്നികളുടെ ഭീകര കൃത്യം തെറ്റാണെന്ന് ചൂണ്ടിക്കാണിച്ച ഇവിടുത്തെ നീതിമാന്മാരും ജനാധിപത്യ വിശ്വാസികളുമായ രാഷ്ട്രീയ പ്രവർത്തകരെയും മാധ്യമങ്ങളെയും നഗരസഭാധികൃതരെയും വോട്ട് ബാങ്കിന്റെ ബലം കാട്ടി കാന്തപുരം സുന്നികൾ വെല്ലുവിളിച്ചു ഭീഷണിപ്പെടുത്തിയിരിക്കുകയാണ്. 'സിറാജ്' പത്രം എഴുതുന്നു: 150 കുടുംബങ്ങളുടെ വോട്ടിനുവേണ്ടി അവർക്കനുകൂലമായി നീങ്ങിയാൽ അവർക്കെതിരെയുള്ള ലക്ഷക്കണക്കിന് ജനങ്ങളുടെ വോട്ടുബാങ്കായിരിക്കും നഷ്ടപ്പെടുകയെന്ന് നഗരസഭാധികൃതർ മനസ്സിലാക്കണം. ഇത്തരം വിഷയങ്ങളിൽ നഗരസഭകളല്ല, പണ്ഡിതന്മാരാണ് തീരുമാനമെടുക്കേണ്ടതെന്നു കൂടി ഉണർത്തട്ടെ.' ഇതാണ്. 'സിറാജ്' ലേഖകന്റെ ഭീഷണി.

ഈ ഭൂമിയിൽ ജനിച്ച് ഇവിടുത്തെ അന്നം ഭക്ഷിച്ചും വെള്ളം കുടിച്ചും ഈ ദേശക്കാർക്കിടയിൽ ജീവിച്ച ഒരാൾക്ക് അഹ്‌മദിയ്യാ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ അയാളുടെ ദേശത്ത് കബറടക്കം ചെയ്യപ്പെടാൻ അവകാശമില്ലേ? മുസ്‌ലിംകളുടെ ശ്മശാനങ്ങളിൽ തന്നെ കബറടക്കം ചെയ്യാൻ അവകാശമുള്ളവരാണ് അഹ്‌മദികളും. രാജ്യത്ത് ശാന്തിയും സമാധാനവും പുലർന്നുകാണാൻ ആഗ്രഹിക്കുന്ന സമാധാനകാംക്ഷികളായ അഹ്‌മദികൾ മറ്റൊരു ശ്മശാനത്തിന് വേണ്ടി ശ്രമിക്കുമ്പോൾ അതും അനുവദിക്കില്ല എന്ന കാന്തപുരം സുന്നികളുടെ നിലപാട് മതഭീകരവാദമാണ്. ഇവിടുത്തെ ഏതു മാന്യന്മാരായ ജനാധിപത്യ വിശ്വാസികളും ഈ ഭീകരവാദം തിരിച്ചറിയേണ്ടതുണ്ട്. മതപണ്ഡിതന്മാർ വിധി തീർപ്പു കൽപ്പിക്കേണ്ട പ്രശ്നമാണോ ഇത്? അതല്ല പൗരന്റെ ജന്മാവകാശമോ? കേരളത്തിലെ പ്രബുദ്ധ സമൂഹം മറുപടി പറയട്ടെ. മുല്ലായിസത്തിന്റെ ഉന്മൂലന സിദ്ധാന്തവും ഭീകരവാദവും ബഹിഷ്കരണ ഭീഷണിയും അസഹിഷ്ണുതയും ജനാധിപത്യത്തിലധിഷ്ഠിതമായ ഇന്ത്യൻ സമൂഹത്തിന് ചേർന്നതല്ല. മുല്ലായിസം നടപ്പാക്കാൻ ഇതൊരു പാകിസ്താനല്ല എന്നും കാന്തപുരം സുന്നികൾ ഓർക്കേണ്ടതുണ്ട്. ■

---

*(27 -ാം പേജിൽ നിന്ന് തുടർച്ച)*

സ്പരം ബന്ധപ്പെട്ടു കിടക്കുന്നതായി കാണാം. ഇത് ഏറ്റവും സുപ്രധാനമായൊരു കാര്യമാണ്. മതാദ്ധ്യാപനങ്ങളുടെ ക്രമപ്രവൃദ്ധമായ ഈ ബൃഹദ്പദ്ധതിയിലൂടെ സംഭവിക്കേണ്ടിയിരുന്നതും സംഭവിച്ചതും ഒരു സാർവ്വത്രികമതത്തിന്റെ രൂപീകരണമായിരുന്നു. അതാണ് ഇസ്‌ലാം മതം.

ഈ പശ്ചാത്തലത്തിൽ ജൂതന്മാർ യാതൊരു മുൻവിധിയുമില്ലാതെ ഗൗരവപൂർവ്വം യേശുക്രിസ്തുവിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്. അദ്ദേഹത്തെ മനസ്സിലാക്കുന്നതിൽ ജൂതമതസ്ഥർ പരാജയപ്പെടുമ്പോൾ പരിണാമചരിത്രത്തിൽ കണ്ണിയറ്റു കുഴിച്ചുമൂടപ്പെടുന്ന ജീവികളെപ്പോലെ പരിപൂർത്തിയിലേക്ക് കുതിക്കുന്ന പരിണാമ ശൃംഖലയിൽ സജീവമായ ഒരു കണ്ണിയായി വർത്തിക്കാൻ ജൂതമതത്തിന് കഴിയാതെ വരുന്നു. അങ്ങനെ അതിന്റെ സങ്കുചിതമായ അസ്തിത്വവൃത്തത്തിൽ മാത്രം തുടർന്നും നിലനിൽക്കുന്ന ചരിത്രത്തിന്റെ അവശേഷിപ്പായി ആ മതം തുടരുന്നു.

വീണ്ടും ക്രിസ്ത്യാനികളുടെ കാര്യം ഇവിടെ പരാമർശിക്കുകയാണ്. അവരുടെ കാര്യവും യഹൂദികളുടേത് പോലെ തന്നെയാണ്. കാലഗണനാക്രമത്തിൽ ക്രിസ്ത്യാനികൾ യഹൂദികളേക്കാൾ ഒരു പടികൂടി ഇസ്‌ലാമുമായി അടുത്തുനിൽക്കുന്നു. എന്നാൽ മറ്റൊരു പ്രധാനകാര്യം ശ്രദ്ധേയമാണ്.യേശുവിന്റെ മാർഗ്ഗത്തിൽ നിന്നും ജീർണ്ണതയിലേക്കുള്ള മാറ്റത്തിന് വഴിയൊരുക്കിയത് വാസ്തവത്തിൽ സെന്റ് പോളായിരുന്നു. ഇത് എല്ലാ പ്രകാരത്തിലും അവരെ യഹൂദികളേക്കാൾ ഇസ്‌ലാമുമായി അകലാൻ പ്രേരിപ്പിച്ചു. കഴിഞ്ഞ നാലായിരം വർഷമായി നിലനിൽക്കുന്ന യഹൂദികൾ ഏതൊരു മതത്തിന്റെയും ആത്മീയ ജീവിതത്തിന്റെ നിർണ്ണായക തത്ത്വം ദൈവത്തിന്റെ ഏകത്വമാണെന്ന് ചുരുങ്ങിയപക്ഷം ഗ്രഹിച്ചിട്ടുണ്ട്. അടിസ്ഥാന തത്വങ്ങളിൽ ഇങ്ങനെ ഇസ്‌ലാമുമായി അടുത്ത് നിന്നിട്ടും ബഹുഭൂരിപക്ഷം യഹൂദികളും ഇസ്‌ലാമിനെ നിരാകരിച്ചുകൊണ്ടു കഠിനചിത്തരായി നിൽക്കുന്നതിന് മറ്റു ചില കാരണങ്ങൾ കൂടിയുണ്ട്.

യേശുവിനെ മനസ്സിലാക്കാനാവശ്യമായ മനോനിലപാടും സമീപനവും യഹൂദികൾ വികസിപ്പിച്ചെടുക്കാത്ത പക്ഷം ഇസ്‌ലാമുമായി ആദർശപരമായി എത്ര തന്നെ സാമ്യമുണ്ടായിരുന്നാലും ക്രിസ്ത്യാനികളെക്കാൾ അകലെത്തന്നെ അവർ നിലകൊള്ളുമെന്നാണ് എന്റെ പഠനങ്ങളിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. മുഹമ്മദ് നബി(സ)യുമായി അവരെ ബന്ധിപ്പിച്ച സുപ്രധാന കണ്ണിയായിരുന്നു യേശുക്രിസ്തു. ആ കണ്ണി അവർ നഷ്ടപ്പെടുത്തി. ഈ സത്യത്തിന്റെ നിഷേധം മനശ്ശാസ്ത്രപരമായി പുതിയൊരു സന്ദേശം ഉൾക്കൊള്ളാൻ കഴിയാത്ത വിധം അവരുടെ ഹൃദയത്തെ കഠിനതരമാക്കിത്തീർത്തു. ക്രിസ്തു വരികയും പോവുകയും ചെയ്തിട്ടും അവർ ക്രിസ്തുവിനെ പ്രതീക്ഷിച്ചുള്ള കാത്തിരിപ്പ് തുടരുകയാണ്. ഒരിക്കൽ അവർ അദ്ദേഹത്തെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. യേശുവിന്റെ രണ്ടാം വരവിലും അവർ അദ്ദേഹത്തെ തിരിച്ചറിയുന്നതിൽ നിന്നും ബഹുദൂരം അകന്നു നിന്നു. അവരുടെ സ്വപ്നത്തിലുള്ള യേശുവിനെ കാത്തിരിക്കാൻ കാലാകാലവും വിധിക്കപ്പെട്ടവരാണവർ. ■

# അവരുടെ ഉറക്കം ആയിരം കൊല്ലമായിരുന്നു

**ഏ.പി. കുഞ്ഞാമു**

റസൂൽ തിരുമേനി (സ) യുടെ കാലത്ത് നിദ്രാണ ദശയിൽ കഴിഞ്ഞിരുന്ന ക്രിസ്തീയ രാജ്യങ്ങൾ ആയിരം വർഷങ്ങൾക്കു ശേഷം നവോത്ഥാനത്തോടെ (Renaissance) ശക്തിശാലികളായി മാറി. മുസ്‌ലിം ദേശങ്ങൾക്കു നേരെ ആക്രമണം ആരംഭിച്ചു. അത് ഇന്നും തുടരുന്നു. ഈ യാഥാർത്ഥ്യമാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

സൂറ:അൽകഹ്ഫിലെ ആദ്യത്തെയും അവസാനത്തെയും പത്തു സൂക്തങ്ങൾ ഓതുന്നവർക്ക് ദജ്ജാലിന്റെ ഫിത്ന്നയിൽ നിന്ന് മോചനം ലഭിക്കുമെന്ന തിരുനബി (സ)യുടെ അരുളപ്പാട് മുമ്പു വിവരിച്ചുവല്ലോ. എന്നാൽ സൂറ:അൽകഹ്ഫിൽ ദജ്ജാലെന്ന പദം തന്നെ നമുക്ക് കാണാൻ സാദ്ധ്യമല്ല. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ വിശുദ്ധ ഖുർആനിൽ എവിടെയും ദജ്ജാലെന്ന പദമേ ഇല്ല. പക്ഷേ ദജ്ജാലിനെപ്പറ്റിയുള്ള വിവരണം സൂചിതാർത്ഥത്തിൽ ഖുർആനിലുണ്ട്. ഇസ്‌ലാമിലെ മറ്റൊരു പ്രാമാണിക രേഖയായ ഹദീസുകളിൽ ദജ്ജാലിന്റെ സംഹാരതാണ്ഡവങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഹദീസുഗ്രന്ഥങ്ങളിൽ വെച്ച് ഏറ്റവും പ്രാമാണിക ഗ്രന്ഥങ്ങളായ സിഹാഹുസിത്ത (ആറു സത്യ പുസ്തകങ്ങൾ)യിലെ നിരവധി ഹദീസുകളിൽ ദജ്ജാലിനെപ്പറ്റി വ്യക്തമായ പരാമർശങ്ങളുണ്ട്. അത് നമുക്ക് നിഷേധിക്കുവാൻ സാദ്ധ്യമാവുകയില്ല. അതേപോലെ ദജ്ജാലിന്റെ രംഗപ്രവേശം സംഭവിക്കേണ്ടത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ കാലത്താണെന്നും ഹദീസുഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു. ഇസ്‌ലാമിന്റെ ആഗോള വിജയവുമായി ബന്ധപ്പെട്ട് വാഗ്ദത്ത മസീഹ് ആഗതനാകുമെന്ന മുസ്‌ലിം ലോകത്തിന്റെ അടിയുറച്ച ഈ വിശ്വാസത്തിന് നിദാനം ഖുർആനിലെ സൂചിത വചനങ്ങളും 'സിഹാഹുസിത്ത' എന്ന് അറിയപ്പെടുന്ന ഏറ്റവും ആധികാരികമായ ഹദീസ് ഗ്രന്ഥങ്ങളുമാണ്.

ഇമാം മഹ്ദിയെസ്സംബന്ധിച്ച ഹദീസുകൾ 'മുതവാതിർ' എന്നാണ് മുസ്‌ലിം ലോകം കരുതുന്നത്. 'മുതവാതിർ' എന്നാൽ നിവേദക പരമ്പരയിൽ ആദ്യാവസാനം കളവിൽ ഏകോപിക്കുക തികച്ചും അസംഭവ്യമാകുന്നയത്ര വലിയ സംഘാംഗങ്ങൾ അനിഷേധ്യമായി റിപ്പോർട്ട് ചെയ്ത ഹദീസുകൾ എന്നാണ്. ഹദീസ് നിദാനശാസ്ത്രപ്രകാരം 'സ്വഹീഹ്' (പ്രബലം) എന്ന പദവിയേക്കാൾ ഉയർന്ന പദവിയാണ് 'മുതവാതിർ'. ഇമാം മഹ്ദിയെസ്സംബന്ധിച്ച ഹദീസുകൾ സ്വഹീഹും മുതവാതിറുമാണ്. ഇമാം മഹ്ദിയെസ്സംബന്ധിച്ച പ്രവചനം അഹ്മദികൾക്ക് ഗുണകരമായിപ്പോകും എന്നുകണ്ട് ചില ഒറ്റപ്പെട്ട പണ്ഡിതന്മാർ മഹ്ദി മിഥ്യയാണെന്ന് പ്രചരിപ്പിക്കുന്നുണ്ട്. പക്ഷേ, മുസ്‌ലിം ലോകത്തിന്റെ അനിഷേധ്യമായ പ്രാമാണിക വിശ്വാസം എന്ന നിലക്ക് അനഹ്മദി മുസ്‌ലിം പണ്ഡിതന്മാർ തന്നെ 'മഹ്ദി മിഥ്യ' എന്ന ഒറ്റപ്പെട്ട വാദത്തെ അനിസ്‌ലാമികം എന്നു പറഞ്ഞ് രൂക്ഷമായി എതിർത്തു തോല്പിക്കാറുണ്ട്.

സൂറ കഹ്ഫിലെ ആദ്യത്തെ ചില ആയത്തുകൾ ഞാൻ മുമ്പു വിവരിച്ചതു ഓർക്കുമല്ലോ. അതിൽ ഗുഹാനിവാസികളെപ്പറ്റിപ്പറയുന്ന കൂട്ടത്തിൽ ക്രിസ്ത്യാനികൾ ഒരു നിദ്രയിൽ നിന്നു ഉണരുന്നതിനെപ്പറ്റി പറയുന്നുണ്ട്. ഖുർആൻ അത് വിവരിക്കുന്നത്. ഇപ്രകാരമാണ്: "അവർ ഉറങ്ങുന്നവരായിരിക്കെ ഉണർന്നവരാണെന്നു നീ വിചാരിക്കും. അവരെ ഇടതുവശത്തേക്കും വലതുവശത്തേ ക്കും നാം മറിച്ചിട്ടു കൊണ്ടിരിക്കുന്നു. അവരുടെ നായ ഗുഹാമുഖത്തു അതിന്റെ രണ്ടു കൈകളും നീട്ടിവെ

ച്ചുകൊണ്ടിരിക്കുന്നു. നീ അവരെ കണ്ടുപോയിരുന്നെങ്കിൽ അവരിൽ നിന്ന് നീ തിരിഞ്ഞു ഓടിപ്പോവുകയും അവരെസ്സംബന്ധിച്ചു നീ ഭയവിഹ്വലനാവുകയും ചെയ്യുമായിരുന്നു. ഇങ്ങനെ നാം അവരെ എഴുന്നേല്പിച്ചു. തുടർന്ന് അവർ അന്യോന്യം പലതും ചോദിച്ചുതുടങ്ങി. അവരിൽ ഒരാൾ പറഞ്ഞു: ഞങ്ങ ൾ ഒരു ദിവസമോ ഒരു ദിവസത്തിന്റെ ഭാഗമോ മാത്രമേ താമസിച്ചിട്ടുള്ളൂ. മറ്റൊരു കൂട്ടർ പറഞ്ഞു: "നിങ്ങൾ എത്ര താമസിച്ചിട്ടുണ്ട് എന്ന് നിങ്ങളുടെ നാഥൻ ഏറ്റവും അറിവുള്ളവനാണ്. ഇപ്പോൾ ഈ വെള്ളിനാണയങ്ങളുമായി നിങ്ങളിലൊരാളെ നിങ്ങൾ പട്ടണത്തിലേക്ക് അയക്കുക. അവിടെയുള്ള ഏറ്റവും ശുദ്ധമായ ഭക്ഷണമേതെന്നു നോക്കി അതിൽ നിന്ന് നമുക്ക് ആഹാരത്തിനായി അയാൾ കൊണ്ടുവരട്ടെ. നിങ്ങളെപ്പറ്റി അയാൾ ആരേയും ഒരിക്കലും അറിയിക്കരുത്. അവർ നിങ്ങളെ അധീനപ്പെടുത്തിയെങ്കിൽ നിങ്ങളെ അവർ തീർച്ചയായും എറിഞ്ഞുകൊല്ലുകയോ അവരുടെ മാർഗ്ഗത്തിലേക്ക് നിങ്ങളെ മടക്കുകയോ ചെയ്തേക്കാം. അങ്ങനെയായാൽ നി ങ്ങളൊരിക്കലും വിജയം പ്രാപിക്കുകയില്ല. ഇപ്രകാരം നാം അവരുടെ സ്ഥിതി ജനങ്ങൾക്ക് വെളിപ്പെടുത്തിക്കൊടുത്തു. അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്നും ആ നിശ്ചിത സമയത്തെസ്സംബന്ധിച്ച് സംശയമൊന്നുമില്ലെന്നും അവർ അറിയുന്നതിനു വേണ്ടി. അവരുടെ കാര്യത്തിൽ പരസ്പരം തർക്കിച്ചുകൊണ്ടിരുന്ന അവസരം സ്മരിക്കുക. അപ്പോൾ അവർ പറഞ്ഞു: നിങ്ങൾ അവരുടെ താമസസ്ഥലത്ത് ഒരു കെട്ടിടം പണിയുക: അവരുടെ നാഥൻ അവരെസ്സംബന്ധിച്ചു നല്ലപോലെ അറിയുന്നവനാണ്. അവരുടെ വിഷയത്തിൽ വിജയം വരിച്ചവർ പറഞ്ഞു: ഞങ്ങൾ അവരുടെ താമസസ്ഥലത്ത് ഒരു പള്ളി നിർമ്മിക്കുക തന്നെ ചെയ്യും. (18:19 – 22)

മേലുദ്ധരിച്ച വചനങ്ങൾ ഗുഹാനിവാസികളെപ്പറ്റിയാണ് പരാമർശിച്ചത് എന്നാണ് വിശുദ്ധ ഖുർആൻ വ്യാഖ്യാതാക്കൾ മനസ്സിലാക്കിയത്. അതുകൊണ്ടായിരിക്കാം ഉറങ്ങിയ കഥകൾ പ്രചരിക്കാൻ കാരണമായത് എന്നു തോന്നുന്നു. എന്തായാലും മേലുദ്ധരിച്ച വചനങ്ങൾ ഗുഹാനിവാസികളെസ്സംബന്ധിച്ചുള്ളതല്ല. മറിച്ചു ഈ പരാമർശങ്ങൾ റസൂൽ തിരുമേനിയുടെ കാലത്തെ ക്രിസ്തീയ രാഷ്ട്രങ്ങളെ സ്സംബന്ധിച്ചുള്ളതാണ്. വടക്കൻ ഭാഗങ്ങളിലുള്ള ക്രിസ്തീയരാഷ്ട്രങ്ങൾ ഉറക്കത്തിലാണ്. എന്നാൽ ഗാഢനിദ്രയിൽ നിന്ന് അവർ അല്പസമയത്തിനുള്ളിൽ എഴുന്നേൽക്കും. നൂറ്റാണ്ടുകളായി നിദ്രയിലായിരുന്ന അവർ ലോകം മുഴുവൻ വ്യാപിക്കുവാൻ പോകുന്നു. ലോകത്തെ അവരുടെ കാലടികളിൽ തളച്ചിടുവാൻ പോവുകയാണ്. അതിനു മുമ്പുതന്നെ മുസ്‌ലിംകൾ തങ്ങളെത്തന്നെ സ്വയം സംരക്ഷിക്കാനുള്ള ഒരുക്കങ്ങൾ ചെയ്യണമെന്ന താക്കീതാണ് ഇവിടെ നൽകുന്നത്. എന്നാൽ സമയോചിതമായ ഈ താക്കീതിനെ മുസ്‌ലിം ലോകം കാറ്റിൽ പരത്തുകയാണുണ്ടായത്. ഹസ്റത്ത് ഉസ്മാന്റെ ഖിലാഫത്തിനുശേഷം മുസ്‌ലിംകളിൽ ആഭ്യന്തരകലഹങ്ങൾ ഉണ്ടായി. അവരുടെ സമീപത്തുണ്ടായിരുന്ന ബൈസാൻഷ്യം സാമ്രാജ്യത്തെക്കുറിച്ചു അവർ അശ്രദ്ധരായി. റോമക്കാർ മുസ്‌ലിംകളെ ആദ്യമായി ആക്രമിച്ചവരായിരുന്നു. ആ കാരണം വെച്ചു അവർക്ക് ബൈ സാൻഷ്യം സാമ്രാജ്യത്തെ ആക്രമിച്ചു കീഴ്പ്പെടുത്താൻ ധാർമ്മികമായ അവകാശമുണ്ടായിരുന്നു. അങ്ങനെ അവർ അന്ന് ചെയ്തിരുന്നെങ്കിൽ ഇന്നത്തെ രാഷ്ട്രീയ ഭൂപടം തന്നെ മറ്റൊന്നാകുമായിരുന്നു.

"അവരുടെ നായ ഗുഹാമുഖത്ത് അതിന്റെ രണ്ടും കൈകളും നീട്ടിവെച്ചുകൊണ്ടിരിക്കുന്നു." എന്ന പരാമർശം പ്രത്യേകം ശ്രദ്ധേയമാണ്. അവസരം കിട്ടിയാൽ ചാടിവീഴാൻ ജാഗരൂകനായി ഇരു കൈകളും നീട്ടി കാത്തിരിക്കുന്ന ഒരു ശ്വാനനോടാണ് ക്രിസ്തീയ രാഷ്ട്രങ്ങളെ ഖുർആൻ ഇവിടെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നത്. പോരെങ്കിൽ നായയോട് ക്രിസ്ത്യാനികൾക്കുള്ള പ്രത്യേക പ്രതിപത്തി പ്രസിദ്ധമാണല്ലോ. കിഴക്കൻ റോമാ സാമ്രാജ്യം എന്നറിയപ്പെട്ടിരുന്ന ക്രിസ്ത്യാനികളുടെ ബൈസാൻഷ്യം (പിൽക്കാലത്തെ തുർക്കി) സാമ്രാജ്യത്തിന്റെ ഭൂപടം ഇരുകൈയ്യും നീട്ടിയിരിക്കുന്ന നായയുടേത് പോലെയാണെന്ന കാര്യവും സ്മരണീയമാണ്. 15ാം നൂറ്റാണ്ടിൽ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിക്കൊണ്ട് തുർക്ക്മെനിസ്ഥാനിലെ മുസ്‌ലിംകൾ കിഴക്കൻ റോമാസാമ്രാജ്യത്തെ പരാജയപ്പെടുത്തി. പിന്നീട് ആ പ്രദേശം തുർക്കി എന്ന പേരിൽ അറിയപ്പെട്ടു. പക്ഷേ, അപ്പോഴേക്കു വളരെ താമസിച്ചുപോയി. സ്പെയിനിന്റെ പ്രതാപകാലത്തോ അബ്ബാസിയ്യാ കാലഘട്ടത്തിലോ ക്രിസ്തീയ ബൈസാൻഷ്യം സാമ്രാജ്യത്തെ കീഴടക്കിയിരുന്നുവെങ്കിൽ ഇസ്‌ലാം കുറെക്കൂടി പടിഞ്ഞാറൻ ദേശങ്ങളിലേക്ക് വ്യാപിക്കുമായിരുന്നു. പിൽക്കാലത്ത് ക്രൈസ്തവരാജ്യങ്ങൾ നയിച്ച രക്തരൂക്ഷിതമായ സംഘട്ടനങ്ങളും ലോകമഹായുദ്ധങ്ങളും ഭൂമുഖത്ത് സംഭവിക്കുമായിരുന്നില്ല.

"നീ അവരെ കണ്ടുപോയിരുന്നെങ്കിൽ അവരിൽ നിന്ന് നീ തിരിഞ്ഞു ഓടിപ്പോവുകയും അവരെസ്സംബന്ധിച്ച് നീ ഭയവിഹ്വലനാവുകയും ചെയ്യുമായുരുന്നു". ഇതു സൂചിപ്പിക്കുന്നത് ക്രിസ്തീയ രാഷ്ട്രങ്ങൾ വലിയ രാഷ്ട്രീയ ശക്തിയായി രൂപപ്പെടുമെന്നാണ്. കിഴക്കൻ ദേശങ്ങളിലെ രാഷ്ട്രങ്ങൾ ഇപ്പോൾ പാശ്ചാത്യശക്തികളെ വളരെ ബഹുമാനത്തോടെയും ഭയപ്പാടോടുകൂടിയുമാണ് വീക്ഷിക്കുന്നത്. വിശുദ്ധ ഖുർആന്റെ ഈ പ്രവചനം 1400 കൊല്ലം മുമ്പുതന്നെ ഉല്ലേഖനം ചെയ്യപ്പെട്ടതാണ്. ആ കാലഘട്ടത്തിൽ ക്രിസ്തീയ രാഷ്ട്രങ്ങൾ ഗാഢനിദ്രയിലായിരുന്നു. അവർക്ക് ഇത്തരത്തിലുള്ള അവസ്ഥാവിശേഷം ഉണ്ടാകുമെന്ന് നിരൂപിക്കാനേ സാധിക്കുമായിരുന്നില്ല. ഒരു മനുഷ്യന് സങ്കല്പിക്കാൻ സാധിക്കാത്ത രൂപത്തിലുള്ള വളർച്ചയാണിത്. വിശുദ്ധ ഖുർആന്റെ ദൈവികതയെ ഇത് വെളിപ്പെടുത്തുന്നു. ''നാം അവരെ ഉണർത്തി'' എന്ന മേലുദ്ധരിച്ച ഖുർആനിലെ വചനവും ഗുഹാനിവാസികളായ ക്രിസ്തീയരെ സ്സംബന്ധിക്കുന്നതല്ല. മറിച്ചു തിരുമേനി (സ.അ.)യുടെ കാലത്തുള്ള

ക്രിസ്തീയ ജനതക്ക് ഭാവിയിൽ സംഭവിക്കാൻ പോകുന്ന ഉയർച്ചയെസ്സംബന്ധിച്ച പരാമർശമാണ്. അവർ ലോകം മുഴുവൻ ഭാവിയിൽ വ്യാപിക്കുമെന്ന പ്രവചനം ഭൂതകാല ക്രിയ പ്രയോഗിച്ചുകൊണ്ടു സംശയാതീതമാക്കിയിരിക്കയാണ്. ഇതു വിശുദ്ധ ഖുർആന്റെ ഒരു പ്രയോഗശൈലിയാണ്. സംഭവിക്കുക തന്നെ ചെയ്യുമെന്ന് ശക്തമായി ആണയിട്ടു പറയുന്ന രീതിയാണിത്. അപ്പോൾ ഇന്ന് ഉറങ്ങിക്കിടക്കുന്ന ഈ ക്രിസ്തീയ രാഷ്ട്രങ്ങളെ തീർച്ചയായും അല്ലാഹു ഉണർത്തി ലോകം മുഴുവൻ വ്യാപിപ്പിക്കുമെന്നു ഉറപ്പാണ്. "എത്ര സമയം നിങ്ങൾ ഉറങ്ങി'' എന്ന ഒരാളുടെ ചോദ്യം തന്നെ സൂചിപ്പിക്കുന്നത് അവരിൽ ഒരു നവോത്ഥാനത്തിന്റെ തുടിപ്പ് സംജാതമായി എന്നാണ്. മുന്നൂറ് വർഷങ്ങൾക്കു മുമ്പ് യൂറോപ്യൻ നാടുകളിൽ സംഭവിച്ച നവോത്ഥാനത്തെ (Renaissance)യാണ് ഇത് സൂചിപ്പിക്കുന്നത്. അതിന് ശേഷമാണ് അവർ ശക്തിശാലികളായി മാറിയത്. ജെറുസലേം പിടിച്ചടക്കാൻ ക്രിസ്ത്യാനികൾ മുസ്ലിംകളുമായി നത്തിയ കുരിശു യുദ്ധകാലത്ത് മുസ്ലിം സംസ്കാരവുമായുള്ള ഇടപഴകലാണ് വാസ്തവത്തിൽ ക്രിസ്ത്യാനികളെ ഭൗതികമായി ഉണർത്തിയതും നവോത്ഥാനത്തിന് വഴിതെളിയിച്ചതും. അവർക്ക് നഷ്ടപ്പെട്ട ജെറുസലേമും വിശുദ്ധ റോമാസാമ്രാജ്യവും തിരിച്ചുപിടിക്കാൻ പോപ്പിന്റെ നേതൃത്വത്തിൽ പശ്ചിമ യൂറോപ്യൻ രാഷ്ട്രങ്ങൾ ഐക്യമുന്നണിയായി നിന്ന് നടത്തിയ ആക്രമണങ്ങളായിരുന്നു കുരിശു യുദ്ധങ്ങൾ. "ഒരു ദിവസം അല്ലെങ്കിൽ ഒരു ദിവസത്തിന്റെ ഭാഗം" എന്ന വിശുദ്ധ ഖുർആന്റെ പ്രയോഗവും ഗുഹാവാസികളായ ക്രിസ്തീയരെക്കുറിച്ചുള്ളതല്ല. അറബി സാഹിത്യപ്രകാരം ഈ പ്രയോഗം നിർണ്ണായകമല്ലാത്ത ഒരു ദീർഘകാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. മറ്റൊരു സ്ഥലത്ത് ഈ പാശ്ചാത്യ ക്രിസ്തീയ ജനത ഒരായിരം വർഷം ഉറങ്ങിയതായി പറയുന്നുണ്ട്. സൂറ: ത്വാഹയിൽ 103, 104 വചനങ്ങൾ ഇങ്ങനെ വായിക്കാം: "കാഹളങ്ങളിൽ ഊതപ്പെടുന്ന ദിവസം. അന്ന് കുറ്റവാളികളെ നാം നീലക്കണ്ണന്മാരായി ഒരുമിച്ചുകൂട്ടും. നിങ്ങൾ പത്തു നാളുകൾ മാത്രമെ ഈ ലോകത്ത് താമസിച്ചിട്ടുള്ളു എന്നവർ പരസ്പരം അടക്കം പറയും". പത്തു ദിവസം മാത്രമേ താമസിച്ചിട്ടുള്ളു എന്നു പറഞ്ഞത് പത്തു നൂറ്റാണ്ടുകളെപ്പറ്റിയാണ്. അതേപോലെ നീലക്കണ്ണന്മാരെപ്പറ്റിയുമാണ്. അവരുടെ കണ്ണുകൾ നീലക്കണ്ണുകളാണ്. ഇതൊരു ചരിത്രസത്യമാണ്. അതായത് ബ്രിട്ടീഷ് സാമ്രാജ്യം കിഴക്കൻ രാജ്യങ്ങളിൽ സ്ഥാപിതമാകുന്നത് പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്. ഏതാണ്ട് എ.ഡി. 1611–ൽ. ആ കാലഘട്ടത്തിലാണ് ഈസ്റ്റിന്ത്യാ കച്ചവടക്കമ്പനിക്ക് ആദ്യമായി ഒരു തൊഴിൽ ശാല സൂറത്തിൽ സ്ഥാപിക്കാൻ സാധിച്ചതും ബംഗാൾ ഉൾക്കടൽ കച്ചവടത്തിനായി ഉപയോഗിക്കാൻ അനുവാദം ലഭിച്ചതും. (March of Man published by Encyclopaedia Britanica Society). ഈ കാലഘട്ടം ഏതാണ്ട് റസൂൽ തിരുമേനി (സ.അ.)യുടെ ദൗത്യപ്രഖ്യാപനത്തിന് ശേഷം ആയിരം കൊല്ലമാണ്. തിരുമേനിയുടെ ദൗത്യപ്രഖ്യാപനം 611 എ.ഡി.യിലായിരുന്നു. അങ്ങനെ പൂർവ്വദേശങ്ങളിൽ വേണ്ടത്ര സ്വാധീനം ഉണ്ടാക്കാൻ ആദ്യമായി ബ്രിട്ടീഷ് ഭരണകൂടത്തിന് സാദ്ധ്യമായി. ഇവരുടെ കാൽപ്പാടുകൾ മറ്റു പാശ്ചാത്യശക്തികളും പിൻതുടരുകയാണുണ്ടായത്.

"തഹാം" (Thaham) എന്ന് സാധാരണ വേവിച്ച ഭക്ഷണത്തിന് പറയും. ലെയിനിന്റെ (Lane) എന്ന അറബി നിഘണ്ടുപ്രകാരം ബാർലി, ഗോതമ്പ്, ഈന്തപ്പഴം എന്നിവയ്ക്കും മറ്റു ഭക്ഷണ പദാർത്ഥത്തിനും പ്രസ്തുത വാക്കു തന്നെ ഉപയോഗിക്കാം. ''അവൻ നിങ്ങൾക്ക് അവിടെ നിന്ന് ഭക്ഷണസാധനം കൊണ്ടു വന്നു തരും" എന്നത് ഇന്ത്യയിൽ നിന്നുള്ള ഭക്ഷണപദാർത്ഥങ്ങൾ ഇംഗ്ലണ്ടിലേക്ക് കടത്തുന്നതിനെ സൂചിപ്പിക്കുന്നു. 200 കൊല്ലക്കാലം ഗോതമ്പ് ഇന്ത്യയിൽ നിന്ന് പാശ്ചാത്യ നാടുകളിലേക്ക് കയറ്റുമതി ചെയ്തതായി ചരിത്രത്തിൽ കാണുന്നു. "അവൻ ആഹാരസാധനങ്ങൾ നമുക്കായി കൊണ്ടുവരട്ടെ" എന്ന വാക്യം ഇന്ത്യയിൽ നിന്നുള്ള ഭക്ഷണസാധനങ്ങളുടെ കയറ്റുമതിയെ സൂചിപ്പിക്കുന്നു. "അയാൾ കാര്യങ്ങൾ സമർത്ഥമായി മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യട്ടെ" എന്നു തുടർന്നു കൊണ്ടു പറയുന്നതും അവരുടെ ജനങ്ങളുമായുള്ള പെരുമാറ്റത്തെ സൂചിപ്പിക്കുന്നു. അവർ കച്ചവടക്കാര്യത്തിൽ വളരെ തന്ത്രപൂർവ്വം പെരുമാറാൻ കഴിവുള്ളവരാണ്. അന്നത്തെ ഇന്ത്യ അവിഭക്ത വിശാല ഭാരതമായിരുന്നു. ഇവിടെ വന്ന് ചെയ്യുന്ന ഈ ലാഭക്കച്ചവടത്തെപ്പറ്റി പുറം ലോകം അറിയാതിരിക്കാൻ ശ്രദ്ധിക്കണമെന്നാണ് ഇവിടെ പറയുന്നത്. അതിനെത്തുടർന്നു പറയുന്നതു, നിങ്ങളുടെ യഥാർത്ഥ ഉള്ളിരിപ്പ് അവർ മനസ്സിലാക്കിയെങ്കിൽ അതുമുഖേനയുണ്ടാകുന്ന കച്ചവടവഴക്കുകളും രാഷ്ട്രീയ തർക്കങ്ങളും നിങ്ങളുടെ നിലനില്പിനെത്തന്നെ ബാധിക്കുമെന്നും അതുകൊണ്ടു ഒരു ഉറച്ച കാൽവെപ്പു വരെ നിങ്ങളെസ്സംബന്ധിച്ചു അവർ അജ്ഞരായിരിക്കണമെന്നുമുള്ള താക്കീതാണ്. അങ്ങനെ സംഭവിച്ചാൽ നിങ്ങളെ അവർ കല്ലെറിഞ്ഞു ഓടിക്കുകയോ, അവരുടെ മതത്തിൽ ചേർക്കുകയോ ചെയ്തു കളയും. ചുരുക്കത്തിൽ കാല് ദൃഢമായി ഉറക്കുന്നത് വരെ കരുതലോടുകൂടെ സംഗതികൾ മുമ്പോട്ടു കൊണ്ടുപോകണമെന്ന അവരുടെ കൂട്ടായ്മയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അതിൽ അവർ വിജയിച്ചതായും ചരിത്രം സാക്ഷിക്കുന്നു.

കുറേകാലങ്ങളോളം ഈ ലോകത്തിന്റെ ഗതിവിഗതികളിൽ നിന്നെല്ലാം മാറി ഒറ്റപ്പെട്ട ജീവിതം നയിച്ച ഈ പാശ്ചാത്യസമൂഹം അവരുടെ നീണ്ട ഉറക്കത്തിൽ നിന്നു ഉണർന്നുകൊണ്ടു രാഷ്ട്രങ്ങളെ വെട്ടിപ്പിടിച്ചു വളരുന്ന ഒരു രംഗമാണ് ചരിത്രത്തിന് ദർശിക്കാൻ സാധിച്ചത്. അങ്ങനെ വിശുദ്ധ ഖുർആന്റെ പ്രവചനങ്ങൾ സത്യമായി പുലരുകയാണുണ്ടായത്. ഇങ്ങനെ ഉറങ്ങിക്കിടന്നിരുന്ന ഒരു ജനതയെക്കുറിച്ചു ഇത്ര ശക്തമായ ഒരു പ്രവചനം

*(ശേഷം 42 -ാം പേജിൽ)*

കുറിപ്പുകൾ

മുസാഫിർ

# കർഷകരുടെ കടക്കെണിയും ആത്മഹത്യയും

കേരളത്തിൽ ആത്മഹത്യകൾ പെരുകുകയാണ്. പ്രത്യേകിച്ച് കർഷകരിൽ. ബാങ്കിൽ നിന്നും ബ്ലെയിഡ് കമ്പനികളിൽ നിന്നും കടമെടുത്ത വായ്പ പലിശയും കൂട്ടുപലിശയും അടക്കം തിരിച്ചടക്കാൻ കഴിയാത്തതാണ് ആത്മഹത്യയുടെ മുഖ്യകാരണം. ആത്മഹത്യ ഒരവസരത്തിലും മോചനമാർഗ്ഗമായി കാണാത്ത ഇസ്‌ലാം ആത്മഹനനം കടുത്ത പാപമായിട്ടാണ് കാണുന്നത്. നമുക്ക് ജീവൻ നൽകി പ്രകൃതിയിലെ ഏറ്റവും വിശിഷ്ടനായ ഒരു ജീവിയാക്കി ആദരിച്ച ദൈവത്തോടുള്ള നന്ദികേടാണ് ആത്മഹത്യ. ഖുർആൻ പറയുന്നു: 'നിങ്ങളുടെ കൈകളാൽ നിങ്ങളെ (സ്വയം) നാശത്തിൽ ആപതിപ്പിക്കരുത്' (2:196). കാരണം മനുഷ്യന് അവന്റെ കഴിവിന്ന് ദുർവ്വഹമായ ഒന്നും അവന്ന് അഭിമുഖീകരിക്കേണ്ടി വരുന്നില്ല എന്നാണ് ദൈവം പറയുന്നത്: 'അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽപ്പെട്ടതല്ലാതെ ഉത്തരവാദിത്തമേൽപ്പിക്കുന്നില്ല' (2:287)

കൃഷി എന്നത് മനുഷ്യന്റെ ഏറ്റവും പ്രാക്തനമായ ഒരു ജീവിതവൃത്തിയാണ്. കൃഷിയോടുള്ള സ്നേഹം മനുഷ്യന്റെ പ്രകൃതിയിൽ അലിഞ്ഞുചേർന്നതാണെന്ന് ഖുർആൻ പറയുന്നു: 'മനുഷ്യർക്ക്.... സ്ത്രീകൾ, സന്താനങ്ങൾ... കൃഷി ഭൂമികൾ എന്നീ ഇഷ്ടവസ്തുക്കളോടുള്ള സ്നേഹം. ആകർഷകമാക്കപ്പെട്ടിരുക്കുന്നു' (3:15) നഗവാനരനെപ്പോലെ അലഞ്ഞുനടന്ന മനുഷ്യൻ കൃഷി ആരംഭിച്ചതിന്ന് ശേഷമാണ് സ്ഥിരവാസത്തിന് അവസരമുണ്ടായതും സംസ്കാരത്തിന്റെയും നാഗരികതയുടെയും ബാലപാഠങ്ങൾ അഭ്യസിച്ചതും. കൃഷിക്കും, സംസ്കാരത്തിനും ഇംഗ്ലീഷിൽ കൾചർ (culture) എന്ന പദം ഉപയോഗിക്കുന്നതും യാദൃശ്ചികമല്ല.

പ്രകൃതിയുടെ താളമാണ് കർഷകന്റെ ജീവിതരാഗം. മുറതെറ്റാതെയുള്ള കാലാവസ്ഥയാണ് കർഷകന്റെ പ്രതീക്ഷകൾ പൂവണിയിക്കുന്നത്. പ്രകൃതി കനിയുമ്പോൾ ആഹ്ലാദിക്കുകയും രൗദ്രമാവുമ്പോൾ ഭയചകിതനാവുകയും ചെയ്യുന്ന അടിസ്ഥാന വർഗ്ഗമാണ് കർഷകർ. പ്രകൃതിയുടെ സൗമ്യ രൗദ്രഭാവങ്ങളുടെ വിനീത വിധേയനായതിനാൽ അതിനനുസൃതമായ ഒരു ജീവിതശൈലിയാണ് കർഷകൻ വളർത്തിയെടുക്കേണ്ടത്. വരൾച്ചയും അതിവൃഷ്ടിയും കർഷകനെ ദുരിതത്തിലാഴ്ത്തുന്നു. മനുഷ്യന്റെ കരങ്ങൾക്കതീതമായ പ്രകൃതിയുടെ ഈ തുലനാത്മക സംവിധാനത്തെക്കുറിച്ച് ഖുർആൻ കർഷകനെ ഓർമ്മിപ്പിക്കുന്നു. ''ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തിൽ നിന്ന് വെള്ളം ഇറക്കിത്തരികയും ചെയ്തതാരാണ്? എന്നിട്ട് അത് മുഖേന നാം മനോഹരമായ തോട്ടങ്ങൾ മുളപ്പിച്ചു. അതിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ നിങ്ങൾക്ക് സാധ്യമായിരുന്നില്ല." (27:61).

കർഷകജീവിതത്തിന്റെ സ്വസ്ഥതയിൽ നിന്നും കടക്കെണിയുടെ ഊരാക്കുടുക്കിലേക്ക് കർഷകൻ ആപതിച്ചതിന് കാരണം. പ്രകൃത്യോന്മുഖമായ കർഷകജീവിതത്തിന്റെ ലാളിത്യവും ജീവിതനിയമങ്ങളും ലംഘിച്ചത്കൊണ്ടാണ്. എല്ലാവരേയും പോലെ കർഷകനും സമൂഹത്തോടുള്ള ബാദ്ധ്യത നിറവേറ്റി ജീവിതം വരവ് ചെലവിനനുസരിച്ച് സന്തുലിതമായി നിലനിർത്തേണ്ടതുണ്ട്. പ്രകൃതിയുടെ സന്തുലിതവും ചാക്രികവുമായ സംവിധാനത്തിൽ നിന്നാണ് കർഷകന്റെ ജീവിതക്ഷേമം ആരംഭിക്കുന്നത്. അമിതത്ത്വവും, ധൂർത്തും, ഉണ്ടാവരുതെന്ന് ഖുർആൻ നിഷ്കർഷിക്കുന്നു: "കൊയ്ത്തുനാളിൽ അവന്റെ അവകാശം (സമൂഹത്തിന് നിയമപ്രകാരമുള്ള സാമ്പത്തിക ബാദ്ധ്യത) നൽകുകയും ചെയ്യുക. നിങ്ങൾ അമിതത്വം പ്രവർത്തിക്കരുത് അമിതത്വം പ്രവർത്തിക്കുന്നവനെ അവൻ (അല്ലാഹു) ഇഷ്ടപ്പെടുകയില്ല തന്നെ." (6:142) ലളിതമായ ഈ സന്തുലിത ജീവിതത്തിന്റെ താളഭംഗങ്ങളാണ് കർഷകജീവിതത്തിന്റെ ദുരന്തമായി മാറുന്നത്.

പലിശ വായ്പകളുടെ നിഷ്ഠൂരമായ സാമ്പത്തിക ചൂഷണത്തെസ്സംബന്ധിച്ച് ഖുർആൻ മനുഷ്യനെ ബോധവാനാക്കുന്നു. പലിശ ഒരു പാപവും ദൈവത്തോടുള്ള യുദ്ധവുമായിട്ടാണ് ഇസ്‌ലാം കാണുന്നത്. കൃഷിക്കു വേണ്ടി ബാങ്കുകളിൽ നിന്നു പലിശക്ക് വായ്പയെടുക്കുന്നത് വാസ്തവത്തിൽ കാർഷികവൃത്തിയുമായി ഒത്തുപോകാത്ത ഒരു കാര്യമാണ്. കർഷകന്റെ ധനാഗമന മാർഗ്ഗവും ബാങ്കിന്റെ വരുമാനമാർഗ്ഗമായ പലിശയും രണ്ട് വ്യത്യസ്തമായ സാമ്പത്തിക വ്യവഹാരങ്ങളാണ്. കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത

വരുടെ പേരിൽ പ്രക്ഷോഭം സംഘടിപ്പിക്കുകയും സമരം നടത്തുകയും ചെയ്യുന്ന രാഷ്ട്രീയപാർട്ടികൾ പ്രശ്നങ്ങളുടെ മൂലകാരണങ്ങൾ മനസ്സിലാക്കുന്നില്ല. വായ്പകൾ എഴുതിത്തള്ളുക, പലിശ കുറച്ച് വായ്പകൾ ഉദാരമാക്കുക, മൊറൊട്ടോറിയം പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി അവർ രംഗത്തുണ്ട്. പലിശ എന്ന പാപക്കനിയെ കർഷകൻ സമീപിച്ചതാണ് പ്രശ്നത്തിന്റെ മൂലകാരണം.

പ്രകൃതിശക്തികളുടെ പ്രവർത്തനത്തിനും വിധേയമാണ് കൃഷി. കാർഷികോല്പന്നമാകട്ടെ കമ്പോളത്തിന്റെ വിലനിലവാരത്തിന് വിധേയവും. പരിസ്ഥിതിയിലുള്ള മനുഷ്യന്റെ ഇടപെടൽ കാരണം കാലാവസ്ഥകൾ മറ്റെന്നെത്തേക്കാളും ഇന്ന് അസ്ഥിരമാണ്. അതുപോലെ ആഗോളവത്കരണത്തിന് ശേഷം കാർഷികവിളകൾ വിറ്റഴിക്കുന്ന കമ്പോളവും അസ്ഥിരമാണ്. മറ്റെല്ലാ ജനവിഭാഗങ്ങളേക്കാൾ കൂടുതലായി അസ്ഥിരവും അരക്ഷിതവുമായ ഈ സാഹചര്യത്തിൽ നിന്നാണ് കർഷകന് വരുമാനം ലഭിക്കേണ്ടതും ബാങ്കുകളുടെ വായ്പകൾ തിരിച്ചടക്കേണ്ടതും. അനുനിമിഷം പെരുകുന്ന വായ്പകളുടെ തിരിച്ചടവിന് കർഷകന്റെ മേൽ ബാങ്കുകൾ സമ്മർദ്ദം ചെലുത്തുകയും നിയമനടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നു. കർഷകന്റെ വരുമാനത്തിലെ പ്രകൃതിജന്യവും, മനുഷ്യസൃഷ്ടങ്ങളുമായ ഈ ആന്ദോളനങ്ങളും അസ്ഥിരതയും ബാങ്കിന് പ്രശ്നമല്ല. നിർദ്ദയമായ ഭീഷണിയാണ് ബാങ്കിൽ നിന്നും കർഷകൻ അഭിമുഖീകരിക്കുന്നത്. പ്രകൃതിയുടെ താളം കേട്ടു വളർന്ന കർഷകൻ ചൂഷണത്തിന്റെയും പ്രകൃതി വിരുദ്ധതയുടെയും സാമ്പത്തിക നിയമത്തിൽ ചലിക്കുന്ന പലിശ വ്യാപാരത്തിന്റെ നിഷ്ഠൂരതയിൽ സ്വയം ബലിയാവുന്നു. എത്ര വിപരീത പരിതഃസ്ഥിതിയിലും പലിശക്ക് കടം വാങ്ങില്ല എന്ന ദൃഢ നിശ്ചയവും അതിനനുസൃതമായ മുൻകൂട്ടിയുള്ള ആസൂത്രണവുമാണ് കർഷകന് വേണ്ടത്. കൃഷി തനിക്ക് മേൽക്കൈ ഇല്ലാത്ത പ്രകൃതിയുടെ കനിവാണെന്നും അവന് ബോധമുണ്ടാവണം. ഖുർആൻ പറയുന്നു: 'നിങ്ങൾ വിതക്കുന്ന (വിത്തിനെ)ക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ. നിങ്ങളാണോ അത് മുളപ്പിച്ചു വളർത്തുന്നത്? അതല്ല, മുളപ്പിച്ചു വളർത്തുന്നത് നാമാണോ? നാം ഉദ്ദേശിക്കുന്നതായാൽ നാം അതിനെ ചവറാക്കിക്കളയുമായിരുന്നു. അപ്പോൾ നിങ്ങൾ വിലപിക്കുമായിരുന്നു. തീർച്ചയായും ഞങ്ങൾ കടബാദ്ധ്യതയിൽ അകപ്പെട്ടവരാണ് എന്നല്ല, ഞങ്ങൾ നിർഭാഗ്യവാന്മാരാണ്. (എന്നെല്ലാം നിങ്ങൾ വിലപിച്ച് പറയും). നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ച് നിങ്ങൾ പരിഗണിച്ചിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽ നിന്നിറക്കുന്നത് അതല്ല. അതിറക്കുന്നത് നാമാണോ?' (56:64-70).

സമൂഹത്തിന് ഭക്ഷണമുത്പാദിപ്പിക്കുന്ന അടിസ്ഥാനവർഗ്ഗം എന്ന നിലക്ക് കർഷകൻ സമൂഹത്തിന്റെ സവിശേഷ പരിഗണനയർഹിക്കുന്ന ഒരു വിഭാഗമാണ്. വരൾച്ച കൊണ്ട് വലഞ്ഞുപോയ കർഷകരെ സഹായിക്കേണ്ട ബാധ്യത സമൂഹത്തിനുണ്ട്. അവരെ ഞെക്കിപ്പിഴിഞ്ഞു ചോര കുടിക്കാൻ കാത്തിരിക്കുന്ന ബാങ്കുകൾ ചെയ്യുന്നത് മനുഷ്യദ്രോഹമാണ്. സർക്കാർ ഇടപെട്ട് കർഷകർക്ക് കടത്തിൽ നിന്ന് ഉടനടി മോചനം നൽകണം. കടം തിരിച്ചടക്കാൻ കഴിയാതെ വിഷമിക്കുന്ന അധമർണ്ണന് കടം കൊടുക്കുന്നയാൾ പൊറുമ കാണിക്കണമെന്നും മാപ്പു നൽകണമെന്നും ഖുർആൻ ഉണർത്തുന്നു. 'നിങ്ങൾ ഔദാര്യമെന്ന നിലയിൽ അത് (കടം) മുഴുവൻ പൊറുത്തു കൊടുക്കുന്നപക്ഷം അതാണ് നിങ്ങൾക്ക് നല്ലത് നിങ്ങൾ അറിയുന്നുവെങ്കിൽ (2:280). ശാശ്വതമായി പലിശയിൽ നിന്നും മോചിപ്പിക്കുന്ന രീതിയിൽ ഗവൺമെന്റ് മൂലധനം സ്വരൂപിച്ച് ഇസ്ലാമിക ബാങ്കിങ്ങ് മാതൃകയിൽ പലിശമുക്തമായ ഒരു സാമ്പത്തിക സ്ഥാപനമുണ്ടാക്കി കർഷകനെ രക്ഷിക്കേണ്ടതുണ്ട്. ഖുർആൻ പറയുന്നു: "പലിശയിൽ നിന്ന് ബാക്കിയുള്ളത് വിട്ടുകളയുക.... എന്നാൽ നിങ്ങൾ പശ്ചാത്തപിച്ചുമടങ്ങുന്നപക്ഷം നിങ്ങളുടെ മൂലധനം (പലിശക്ക് പണം കടം കൊടുത്തവന്റെ മൂലധനം മാത്രം) നിങ്ങൾക്കുള്ളതാണ്. അങ്ങനെ നിങ്ങളാരോടും അന്യായം പ്രവർത്തിക്കുന്നില്ല. നിങ്ങളോട് അന്യായം പ്രവർത്തിക്കപ്പെടുന്നുമില്ല. (കടക്കാരിൽ) പ്രയാസമുള്ള വല്ല ആളും ഉണ്ടെങ്കിൽ അവന് സൗകര്യമുണ്ടാകുന്നത് വരെ അവധി നൽകേണ്ടതാണ്. നിങ്ങൾ (വ്യക്തികളോ, ബാങ്കുകളോ, സർക്കാരോ) അവർക്ക് ധർമ്മമായി (മൂലധനം) വിട്ടുകൊടുക്കുന്നതായാൽ അത് നിങ്ങൾക്ക് കൂടുതൽ ഗുണകരമായിരിക്കും, നിങ്ങൾ കാര്യം ഗ്രഹിക്കുന്നുവെങ്കിൽ. (2:279-282).

കർഷകർ കാർഷിക കടം വാങ്ങുന്നത് മിക്കപ്പോഴും കൃഷിയാവശ്യത്തിനു വേണ്ടിയല്ല എന്നാണ് വാർത്തകളിൽ നിന്നും മനസ്സിലാവുന്നത്. ദാരിദ്ര്യം അനുഭവിക്കുന്ന ഇക്കൂട്ടർ മക്കളുടെ കല്യാണത്തിനും, സ്ത്രീധനത്തിനും ആഭരണങ്ങൾ വാങ്ങാനും, ടി.വി., ഫ്രിഡ്ജ്, വാഹനങ്ങൾ മുതലായവ വാങ്ങാനുമാണ് വായ്പ പണം ഉപയോഗിക്കുന്നത്. സമൂഹത്തിലെ അനാചാരങ്ങളും ആഡംബരങ്ങളും, ഉപഭോഗ സംസ്കാരവുമാണ് പലിശക്ക് വായ്പ വാങ്ങാനുള്ള പ്രചോദനകേന്ദ്രം. പണമില്ലാത്തവന്റെ ആഗ്രഹങ്ങളെ പ്രലോഭിപ്പിച്ച് അവനെക്കൊണ്ട് വസ്തുക്കൾ വാങ്ങിപ്പിക്കാൻ ബാങ്കുകളും ബ്ലെയ്ഡ് കമ്പനിക്കാരും സഹായത്തിനെത്തുന്നു. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള ധാർമ്മിക കരുത്തില്ലാത്ത കർഷകൻ കടക്കെണിയിൽ പെടുകയും തിരിച്ചടക്കാൻ കഴിയാതെ ജീവിതം സംഘർഷഭരിതമാകുകയും ചെയ്യുന്നു. സമൂഹത്തിന്റെ മൊത്തം ധാർമികാപചയത്തിന്റെ സൂചകമാണ് പലിശയടിസ്ഥാനത്തിലുള്ള വായ്പയും തുടർന്നുള്ള ആത്മഹത്യകളും. അദ്ധ്വാനത്തിന്റെ ഉപ്പില്ലാതെ പണം ആദ്യം തന്നെ കടമായി കയ്യിൽ ലഭിക്കുമ്പോൾ അതിന്റെ വിലയറിയാതെ ചെലവാക്കുക മനുഷ്യസഹജമാണ്. അതുകൊണ്ടാണ് അദ്ധ്വാനത്തിന് ശേഷം കൈവരുന്ന പണത്തിന്മേൽ മനുഷ്യന്റെ വിവേചനബോധം വളരെ കൂടുവാൻ കാരണം. ആ പണം മനുഷ്യന്റെ അനിയന്ത്രിതമായ അഭിലാ

ഷങ്ങൾക്ക് കടിഞ്ഞാണിടുകയും ചെയ്യുന്നു.

സാമ്പത്തികാവശത അനുഭവിക്കുന്ന വരോട് ഏറ്റവും കൂടുതൽ പ്രതിബദ്ധത പുലർത്തുന്ന മതമാണ് ഇസ്‌ലാം. സക്കാത്ത് എന്ന സംജ്ഞ ധനികന്റെ സ്വത്തിൽ അശുദ്ധിയായി നിലകൊള്ളുന്ന ദരിദ്രന്റെ അംശത്തിന്റെ ശുദ്ധീകരണം എന്നാണ് അർത്ഥം. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവനെ കടം നൽകി സഹായിക്കാൻ ഖുർആൻ മനുഷ്യനെ ഉൽബോധിപ്പിക്കുന്നു. കടം നൽകൽ പ്രത്യേകിച്ചും ദരിദ്രർക്ക് കടം നൽകൽ നഷ്ടസാദ്ധ്യത വളരെ അധികമുള്ള ഒരു പ്രവൃത്തിയാണ്. ജീവിത പ്രയാസങ്ങളിലും കഷ്ടപ്പാടിലും വീണുപോയ ഒരു മനുഷ്യനെ കടം നൽകി ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തുന്നത് അങ്ങേയറ്റം ഉദാത്തമായ ഒരു മാനുഷിക ധർമ്മമായിട്ടാണ് ഇസ്‌ലാം കാണുന്നത്. അല്ലാഹു ആ സൽക്കർമ്മം ഒരിക്കലും പാഴാക്കിക്കളയില്ലയെന്ന് നിരവധി സ്ഥലങ്ങളിൽ ഖുർആൻ ഉറപ്പു നൽകുന്നു. നന്നേ ദരിദ്രാവസ്ഥയിൽ കഴിയുന്ന ആളുകൾക്ക് കടം കൊടുക്കുന്നതിന്ന് പകരം ഉദാരമായി ധർമ്മം ചെയ്യാനാണ് ഖുർആന്റെ കല്പന. നിർബന്ധമായ സക്കാത്തിനു പുറമെയാണിത്. അല്ലാഹു പറയുന്നു: "നിങ്ങൾ പ്രീതിപ്പെടുന്ന നിങ്ങളുടെ മുതലുകൾ സഹജീവികളുടെ സഹായത്തിനു ചെലവു ചെയ്യുന്നതുവരെ നിങ്ങൾ സൽഗതി പ്രാപിക്കുകയില്ല" (3:93). കടം വാങ്ങുന്നവനോട് അത് തിരിച്ചു നൽകാൻ ഏറ്റവും കർശനമായി ഖുർആൻ പല രൂപത്തിലും ശാസിച്ചിട്ടുണ്ട്. കടബാദ്ധ്യതയോടെ മരിച്ചയാളുടെ മയ്യത്ത് നമസ്കരിക്കാൻ റസൂൽ തിരുമേനി (സ) ഇഷ്ടപ്പെട്ടിരുന്നില്ല. ആ കടം മറ്റൊരാൾ ഏറ്റെടുത്തതിന് ശേഷമാണ് റസൂൽ തിരുമേനി മയ്യത്ത് നമസ്കരിച്ചത്. പക്ഷേ കടക്കെണിയിൽപ്പെട്ടവനോട് സഹതാപം കാണിക്കാനാണ് ഉത്തമർണനോട് ഖുർആന്റെ നിർദ്ദേശം.

കേരളത്തിലെ മറ്റൊരു ദുരന്തം വാർത്താമാധ്യമങ്ങളാണ്, പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങൾ. കൊച്ചുകേരളത്തിൽ ത്തന്നെ മലയാളത്തിൽ ഒൻപതോളം ടി.വി. ചാനലകളുണ്ട്. പരസ്പരം കഴുത്തറപ്പൻ മത്സരത്തിൽ ഏർപ്പെട്ടിരിക്കുന്ന അവർ സെൻസേഷനലും വികാരസാന്ദ്രവുമായ ആത്മഹത്യ പോലെയുള്ള വിഷയങ്ങൾ പൊടിപ്പും തൊങ്ങലും വെച്ച് ആഘോഷിക്കുകയാണ്. ആത്മഹത്യ ചെയ്ത കടക്കാരന്റെ മാറത്തടിച്ച് നിലവിളിക്കുന്ന കുടുംബാംഗങ്ങൾ, ജനനായകന്മാരുടെ ആശ്വസിപ്പിക്കൽ, മരണവീട്ടിലേക്ക് നാട്ടുകാരുടെ നിലക്കാത്ത പ്രവാഹങ്ങൾ, ബന്ധുക്കളുടെ അഭിമുഖങ്ങൾ തുടങ്ങി നിരവധി രംഗങ്ങൾ അവർ ജനങ്ങളിലെത്തിക്കുന്നു. അങ്ങനെ മൃതശരീരമായി മാറിക്കഴിഞ്ഞ കടക്കാരനായ ആത്മഹന്താവിനെ ഒരു ഹീറോയാക്കി മാധ്യമങ്ങൾ മാറ്റുന്നു. മൂക്കറ്റം കടം കയറി ഗതിമുട്ടി നിൽക്കുന്ന മറ്റൊരു കടക്കാരൻ ഈ രംഗങ്ങളെല്ലാം കാണുമ്പോൾ ആത്മഹത്യ എന്ന പരിഹാരം ഒരു പ്രലോഭനമായി അവന്റെ മുന്നിൽ വന്നു നിൽക്കുന്നു. ഏതായാലും ഒരുനാൾ മരിക്കണമല്ലോ; കടക്കാരുടെ പൊറുതികേടില്ലാത്ത ഒരു ലോകത്തിലേക്ക് യാത്രയാവാൻ അവൻ നിശ്ചയിച്ചുറക്കുന്നു. കുടുംബത്തിന് സഹതാപവും സാമ്പത്തിക സഹായവും ലഭിക്കുമെന്ന് വ്യാമോഹിക്കയും ചെയ്യുന്നു. അങ്ങനെ ഒരു ചാൺ കയറിൽ അവൻ ജീവിതം അവസാനിപ്പിക്കുന്നു. മാധ്യമങ്ങൾ ആത്മഹത്യാ സംഭവങ്ങൾ ഹൈലൈറ്റ് ചെയ്യുമ്പോൾ ചെയിൻ റിയാക്ഷൻ പോലെ ആത്മഹത്യകൾ ഒരു തുടർക്കഥയായി മാറുന്നു. പണ്ട് സ്പെയിനിൽ മുസ്‌ലിം ഭരണത്തിനെതിരെ യൂജാലീസ് എന്ന ക്രിസ്ത്യൻ പാതിരി ആരംഭിച്ച ആത്മാഹുതി പ്രസ്ഥാനം പോലെ മാധ്യമങ്ങൾ ആത്മഹത്യ വളർത്തുകയാണ് ചെയ്യുന്നത്.

ആത്മഹത്യ ചെയ്ത നിർഭാഗ്യവാൻ സഹതാപമർഹിക്കുന്നുവെങ്കിലും അതൊരു ഹീനകൃത്യം തന്നെയാണ്. കടം നൽകിയ സ്ഥാപനത്തോടും വ്യക്തിയോടും കാണിക്കുന്ന വിശ്വാസ വഞ്ചനയാണത്. ശൈലോക്കിനെപ്പോലെ നിസ്സഹായനായ കടക്കാരന്റെ നെഞ്ച് പിളർന്ന് പരിഹാരമുണ്ടാക്കണം എന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. ആത്മഹത്യ ഒന്നിന്റെയും പരിഹാരമല്ല. വരൾച്ച കൊണ്ടു മാത്രമാണ് കടം കയറി ആത്മഹത്യയിലേക്കെത്തിച്ചത് എന്ന വിലയിരുത്തൽ പൂർണ്ണമായും ശരിയല്ല. ആത്മഹത്യ ചെയ്ത വ്യക്തിയുടെ വ്യക്തിത്വത്തെയും അന്തസ്സിനെയും വ്രണപ്പെടുത്താതെ അയാളെ ആത്മഹത്യയിലേക്ക് നയിച്ച വ്യക്തിയുടെ വൈകല്യങ്ങളും വീഴ്ചകളും മാധ്യമങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതുണ്ട്. അന്യരിൽ നിന്ന് കടം വാങ്ങിയ പണം കൊണ്ട് മദ്യപാനം, ധൂർത്ത്, ചൂതാട്ടം, സ്ത്രീധനം നൽകൽ മുതലായ തിന്മകൾക്ക് അയാൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതുകൂടി മാധ്യമങ്ങൾ പുറത്തുകൊണ്ടുവരികയും അമിതമായ ഉപഭോഗതൃഷ്ണക്ക് കടിഞ്ഞാണിടും വിധം ജനങ്ങൾക്ക് ധാർമ്മിക വിദ്യാഭ്യാസം നൽകുകയും തിരിച്ചടക്കാൻ വ്യക്തമായ മാർഗ്ഗങ്ങളില്ലെങ്കിൽ കടം വാങ്ങാനുള്ള പ്രവണതയെ നിരുത്സാഹപ്പെടുത്തുകയും സഹന ശീലം വളർത്തുകയും വേണം. ഏതായാലും ദുരിതമനുഭവിക്കുന്ന കർഷകരുടെ ജീവിതം സുരക്ഷിതമാകും വിധം അവർക്ക് സമൃദ്ധിയും ക്ഷേമവും ഉണ്ടാവട്ടെ എന്നും നമുക്ക് പ്രാർത്ഥിക്കാം. ■

## കടവും ഉദ്ദേശ്യവും

നബി തിരുമേനി(സ) അരുളി: "കൊടുത്തു വീട്ടണമെന്നുദ്ദേശിച്ചുകൊണ്ട് ജനങ്ങളോടു വല്ലവനും ധനം കടം വാങ്ങിയാൽ അവനുവേണ്ടി അല്ലാഹു അതു കൊടുത്തു വീട്ടും. മറിച്ച്, ചെലവു ചെയ്ത് നശിപ്പിച്ചു കളയണമെന്ന് മാത്രം ഉദ്ദേശിച്ചുകൊണ്ട് വല്ലവനും കടം വാങ്ങിയാലോ അല്ലാഹു അതിനെ നശിപ്പിച്ചു കളയും. (ബുഖാരി)

(21 -ാം പേജിൽ നിന്ന് തുടർച്ച)

ത്തിൽ നിർണ്ണിതമാണ് എന്ന് നാം ഓർക്കേണ്ടതുണ്ട്. എന്നാൽ ഇത് ശാസ്ത്രത്തിനും യുക്തിജ്ഞാനത്തിനും പുറത്തുള്ള ഒന്നല്ല. അല്ലാഹുവിന്റെ, കാരുണ്യത്താൽ ഓരോ രോഗിയിലും ഫലപ്രദമാവുന്ന ഉചിതമായ മരുന്നിന്റെ ഉപയോഗത്തെപ്പറ്റി എല്ലാവർക്കുമറിയാം. ഇതേ രീതിയിൽ ദിവ്യജ്ഞാനം നൽക്കപ്പെട്ടവർക്ക് അവരുടെ അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാർത്ഥനയും അതിന്റെ സ്വീകാര്യതയും നമ്മിൽ ഒരു ബന്ധമുണ്ട് എന്നു പറയുന്നു. ലക്ഷക്കണക്കിന് സാത്വികരായ ഭക്തജനങ്ങളാൽ വെളിപ്പെട്ട ഒരു സമസ്യയാണിത്. നമ്മുടെ അനുഭവത്തിന്റെയടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ട ഒരു സംഗതിയെന്തെന്നാൽ നമ്മുടെ പ്രാർത്ഥനകൾക്ക് ഒരു ആകർഷണശക്തിയുണ്ട് എന്ന നിഗൂഢ യാഥാർത്ഥ്യമാണത്. അത് ദൈവത്തിന്റെ മഹത്വത്തെയും കാരുണ്യത്തെയും ആകർഷിക്കുന്നു. എന്നാൽ നമുക്കത് മറ്റുള്ളവർക്ക് താർക്കിക യുക്തിയിലൂടെ തെളിയിച്ചുകൊടുക്കാൻ സാധ്യമല്ല. പ്രാർത്ഥനയും ദൈവികവിധിയും തമ്മിൽ തൊട്ടുനിൽക്കുന്ന ഒന്നാണ്. അല്ലാഹു രണ്ടെണ്ണത്തിനും ഒരു നിശ്ചിത അവധി വെച്ചിട്ടുണ്ട്. അവന്റെ കാരുണ്യത്താൽ ഇങ്ങനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു: 'നിങ്ങൾ എന്നെ വിളിക്കൂ ഞാൻ നിങ്ങളുടെ വിളിക്കുത്തരം നൽകാം' (240:61)(5)

## ദൈവവിധിയിൽ നിന്നും കുതറി മാറാൻ സാദ്ധ്യമല്ല

മുൻകൂട്ടി നിർണ്ണയിച്ച ദൈവിക നിയമങ്ങളുടെ പ്രവർത്തനമാണ് ദൈവവിധി. (ആത്മീയവും ഭൗതികമായും) നന്മയും, തിന്മയുമായ പ്രവർത്തനങ്ങൾ, ഉദ്ദേശം, വിശ്വാസം എന്നിവയുടെയും ഫലവുമാണ് അത്. പശ്ചാത്താപത്തിൽ കൂടിയും തിന്മ പ്രവർത്തിക്കാതെ അതിനുപകരം നന്മ പ്രവർത്തിച്ചുകൊണ്ടും മോശമായ നമ്മുടെ കർമ്മഫലത്തിൽ നിന്നും നമുക്ക് രക്ഷപ്പെടാവുന്നതാണ്. അല്ലാഹു പറയുന്നു:

അന്നാളിൽ ജനങ്ങൾ ചിതറിയ കൂട്ടങ്ങളായി പുറപ്പെട്ടവരും, തങ്ങളുടെ കർമ്മ(ഫല)ങ്ങൾ അവർക്ക് കാണിക്കപ്പെടുന്നതിനുവേണ്ടി. അപ്പോൾ വല്ലവരും ഒരണു അളവ് നന്മ ചെയ്യുന്നതായാൽ അതവനു കാണും. വല്ലവനും ഒരണു അളവ് തിന്മ ചെയ്യുന്നതായാൽ അതും അവൻ കാണും. (99:7–9).

ഖുർആൻ പറയുന്നു:

എന്നാൽ പശ്ചാത്തപിച്ചു മടങ്ങുകയും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവർ ഇതിൽപ്പെടുകയില്ല. എന്തെന്നാൽ അല്ലാഹു അവരുടെ തിന്മകളെ നന്മകളാക്കി മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു സർവ്വത്ര പൊറുക്കുന്നവനും കരുണാമയനുമാകുന്നു. വല്ലവനും പശ്ചാത്തപിച്ച് മടങ്ങുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ തീർച്ചയായും അവൻ യഥാർത്ഥത്തിൽ അല്ലാഹുവിങ്കലേക്ക് പരിപൂർണ്ണമായി മടങ്ങുകയാണ് ചെയ്യുന്നത്. (25:71–72)

ഹസ്റത്ത് അഹ്മദ് (അ) പറയുന്നു: 'ദൈവത്തിന്റെ വിധിനിയമങ്ങളുടെ പ്രവർത്തനങ്ങളിൽ നിന്നും നിർണ്ണയത്തിൽ നിന്നും ഉണ്ടാവുന്ന കാര്യങ്ങൾ മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അദ്ദേഹം വീണ്ടും പറയുന്നു: 'മനുഷ്യൻ ദൈവവിധിക്ക് വിധേയനാണ്. മനുഷ്യന്റെ ആഗ്രഹങ്ങൾ ദൈവത്തിന്റെ ആഗ്രഹങ്ങളുമായി യോജിക്കുന്നില്ലെങ്കിൽ മനുഷ്യൻ എത്രത്തന്നെ പ്രയത്നങ്ങൾ നടത്തിയാലും അത് പ്രാവർത്തികമാവില്ല. ദൈവത്തിന്റെ ഇച്ഛയുടെ സമയം ആഗതമാവാൻ എന്തു തന്നെ പ്രയാസമുള്ളതാണെങ്കിലും അത് എളുപ്പമായിത്തീർക്കുന്നു.(7)

## ദൈവവിധി രണ്ടുവിധം: മാറ്റാവുന്ന നിയമങ്ങളും മാറ്റമില്ലാത്ത നിർണ്ണിത നിയമവും

ഹസ്റത്ത് അഹ്മദ് (അ) പറയുന്നു: ''ദൈവവിധി രണ്ട് വിധത്തിലാണ്. ഒന്ന് മാറ്റാൻ കഴിയുന്നവയെന്നും മറ്റൊന്ന് മാറ്റാൻ കഴിയാത്ത നിർണ്ണിതങ്ങളായവ എന്നും പറയാവുന്നതാണ്. മാറ്റാൻ കഴിയാവുന്ന വിധി സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യത്തിൽ പ്രാർത്ഥനയിലൂടെയും ദാനധർമ്മങ്ങളിലൂടെയും മാറ്റിവെക്കപ്പെടാവുന്നതാണ്. എന്നാൽ മാറ്റാൻ കഴിയാത്ത നിർണ്ണിത നിയമങ്ങൾ പ്രാർത്ഥനയിലൂടെയും ദാനധർമ്മങ്ങളിലൂടെയും മാറ്റാൻ സാധ്യമല്ല. പ്രാർത്ഥനക്കും, ദാനധർമ്മങ്ങൾക്കും മറ്റുവഴികളിലൂടെ ദൈവം പ്രതിഫലം നൽകുന്നതാണ്. ചില സംഗതികളിൽ ദൈവം ചില വിധികൾ നീട്ടിവെക്കാറുണ്ട്. ഈ രണ്ടുവിധത്തിലുള്ള വിധികളെപ്പറ്റിയുള്ള ജ്ഞാനങ്ങളും ഖുർആനിൽ നിന്ന് നമുക്ക് ലഭ്യമാണ് (8).


1. Holy Quran commentary Vol. 1 Sura Fathiha P . 60
2. " Vol. 1 Sura Fathiha P. 60
3. " Vol. 4. P. 1881
4. " Vol. 4. P. 881
5. " കിത്താബുൽ ബരിയ്യ – ഹസ്റത്ത് അഹ്മദ് (അ)
6. അയ്യാമുസുൽഹ് (ഹസ്റത്ത് അഹ്മദ് (അ))
7. ബ്റാഹീനെ അഹ്മദിയ്യ – ഹസ്റത്ത് അഹ്മദ് (അ)
8. മൽഫൂസാത്ത് – ഹസ്റത്ത് അഹ്മദ് (അ)


## അല്ലാഹുവിന്റെ സിംഹാസനം

അവരുടെ (മനുഷ്യരുടെ) മുമ്പിലുള്ളതും പിന്നിലുള്ളതും (എല്ലാം) അവനറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നില്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു. (വി. ഖുർആൻ 2:256)

# യു.കെ. അഹ്മദിയ്യാ വാർഷിക സമ്മേളനം സമാപിച്ചു

ലണ്ടൻ: ജൂലായ് 30, 31, ആഗസ്റ്റ് 1 തിയ്യതികളിൽ ലണ്ടനിലെ ടിൽഫോർഡിലുള്ള ഇസ്‌ലാമാബാദ് എന്ന അഹ്മദിയ്യാ കേന്ദ്രത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അന്തർദ്ദേശീയ സമ്മേളനം വിജയകരമായി സമാപിച്ചു. ജൂലായ് 31ന് ഇന്ത്യൻ സമയം വൈകുന്നേരം 4 മണിക്കു ഹസ്റത്ത് ഖലീഫത്തുൽ മസീഹ് V അഹ്മദിയ്യാ പതാക ഉയർത്തിയതോടെയാണ് സമ്മേളനനടപടികൾ ആരംഭിച്ചത്. അഹ്മദികൾ ബൈഅത്തിന്റെ നിബന്ധനകളനുസരിച്ചു ദൈവഭക്തിയിൽ അധിഷ്ഠിതമായ പരിശുദ്ധ ജീവിതം നയിക്കേണ്ടുന്ന ആവശ്യകതയെക്കുറിച്ച് ഹുസൂർ തിരുമനസ്സ് ഊന്നിപ്പറഞ്ഞു.

രണ്ടാം ദിവസം വൈകുന്നേരം 4.30ന് നടന്ന അഹ്മദിയ്യാ മഹിളാ സംഘടനയായ ലജ്നാഇമായില്ലാ സമ്മേളനത്തെ അഭിസംബോധന ചെയ്ത ഹുസൂർ തിരുമനസ്സ് ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയ മഹത്തായ സ്ഥാനത്തെക്കുറിച്ച് വിശദീകരിച്ചു. പർദ്ദാ സമ്പ്രദായത്തിന്റെ തത്വവും സമകാലീന ലോകത്ത് അതിന്റെ പ്രസക്തിയും ഹുസൂർ വ്യക്തമാക്കുകയുണ്ടായി.

രണ്ടാം ദിവസം നടന്ന ഹുസൂർ തിരുമനസ്സിന്റെ സുദീർഘമായ പ്രഭാഷണത്തിൽ ആഗോളാടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായ നേട്ടങ്ങളെയും വിജയങ്ങളെയും കുറിച്ച് അനുസ്മരിക്കുകയുണ്ടായി. ഒരുപക്ഷെ മഴത്തുള്ളികളെ എണ്ണുവാൻ സാധിക്കുമെങ്കിലും ദൈവീകാനുഗ്രഹങ്ങളെ എണ്ണിത്തിട്ടപ്പെടുത്തുക എന്നത് അസാധ്യമാണ്, ഹുസൂർ പറഞ്ഞു. ഈ വർഷത്തിൽ ജമാഅത്തിന്നുണ്ടായ വിപുലമായ നേട്ടങ്ങൾ വിവരിക്കുക എന്നതും അസാധ്യമാണ്. നമ്മുടെ ഹൃദയം അല്ലാഹുവിനോടുള്ള സ്തുതിയിലും കൃതജ്ഞതയിലും നിർഭരമാണ്. അല്ലാഹു തന്റെ മസീഹിനോടു ചെയ്ത വാഗ്ദാനങ്ങൾ ഏതെല്ലാം പ്രകാരത്തിലാണ് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്! നമ്മുടെ ഈ കാലത്തും നമ്മുടെ ഈമാന്റെ വർദ്ധവിനായി ഓരോ ദിവസവും ഈ അനുഗ്രഹങ്ങളുടെ കാഴ്ചകൾ നാം കാണുന്നു. ആ നേട്ടങ്ങളുടെ സംക്ഷേപം മാത്രം ഞാനിവിടെ അനുസ്മരിക്കാം, ഹുസൂർ പറഞ്ഞു. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ചു ജമാഅത്തിന്നു ധനത്യാഗത്തിന്നുള്ള മഹത്തായ തൌഫീഖ് ലഭിച്ചിരിക്കുന്നു. ഈ രംഗത്ത് അമേരിക്ക, ജർമ്മനി, കാനഡ, യൂറോപ്യൻ നാടുകൾ, ആസ്ട്രേലിയ എന്നീ പാശ്ചാത്യ നാടുകളും സിറാലിയോൺ, നൈജീരിയ, ഗാമ്പിയ, ഇന്ത്യാ, പാക്കിസ്താൻ മുതലായ പൗരസ്ത്യ നാടുകളും കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് 15 മുതൽ 25 ശതമാനം വരെ അധികമായി ധനത്യാഗം ചെയ്തിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുവരെ ലോകത്ത് 178 നാടുകളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാണ്. പാകിസ്താനിലെ 1984–ലെ ഓർഡിനൻസിന്നുശേഷം കഴിഞ്ഞ 20 വർഷങ്ങളിലായി, ഒരു ഭാഗത്ത് ശത്രുക്കൾ ജമാഅത്തിനെ നശിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ അല്ലാഹു 87 പുതിയ രാഷ്ട്രങ്ങൾ അഹ്മദിയ്യത്തിന്നു നൽകിയിരിക്കുകയാണ്. ഈ വർഷവും രണ്ടു പുതിയ രാഷ്ട്രങ്ങളിൽ ജമാഅത്ത് സ്ഥാപിതമായി. ട്രിനിഡാഡ്, ഫ്രാൻസ് എന്നീ ജമാഅത്തുകളുടെ പരിശ്രമഫലമായിട്ടാണ് രണ്ടു ജമാഅത്തുകൾ സ്ഥാപിതമായത്. പാകിസ്താനെക്കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 542 ജമാഅത്തുകൾ സ്ഥാപിതമായി.

ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ 162 പുതിയ മസ്ജിദുകൾ ലഭ്യമായി. ഇവയിൽ 74 പുതിയ മസ്ജിദുകൾ നിർമ്മിച്ചു. 88 മസ്ജിദുകൾ ജമാഅത്തിന്ന് സൗജന്യമായി ഇമാമുകളോടും മുതവല്ലിമാരോടും കൂടി ലഭിച്ചതാണ്. കഴിഞ്ഞ 20 വർഷങ്ങളിലായി 13,457 പുതിയ മസ്ജിദുകൾ ജമാഅത്തിന്നു ലഭിച്ചു. ഇവയിൽ 11,560 പള്ളികൾ അവയുടെ ഇമാമുകളോടു കൂടി ജമാഅത്തിന്നു ലഭിച്ചതാണ്. ലണ്ടനിൽ നിന്നു പുറപ്പെടുന്ന Information എന്ന വാരിക, ലോകത്തുള്ള 50 ആധുനിക കെട്ടിടങ്ങളിൽ ലണ്ടനിൽ സ്ഥാപിതമായ ബൈത്തുൽഫുത്തൂഹ് മസ്ജിദിനെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയിൽ ഈ വർഷം 29 പുതിയ പള്ളികൾ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ ആകെയുള്ള പള്ളികളുടെ എണ്ണം 2054 ആണ്.

വിശുദ്ധ ഖുർആൻ ഇതുവരെ 57 ഭാഷകളിൽ തർജ്ജമ പ്രസിദ്ധീകൃതമായിരുന്നു. ഈ വർഷം കന്നടഭാഷയിൽ തർജ്ജമ പ്രസിദ്ധീകൃതമായിരിക്കുന്നു. അങ്ങനെ 58 ഭാഷകളിൽ തർജ്ജമ പ്രസിദ്ധീകൃതമായിരിക്കുന്നു. ഇപ്പോൾ 24 ഭാഷകളിൽ തർജ്ജമ പൂർത്തിയായിരിക്കുന്നു. ഈ വർഷം അവ പ്രസിദ്ധീകരിക്കപ്പെടുന്നതാണ്. അന്ധന്മാർക്കായി ബ്രെയിലി ലിപിയിൽ ഇംഗ്ലീഷ് തർജ്ജമ തയ്യാറായിട്ടുണ്ട്.

26 ഭാഷകളിൽ 84 പുതിയ പുസ്തകങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. 188 ഗ്രന്ഥങ്ങൾ അച്ചടിയിലാണ്. ഹ: ഖലീഫത്തുൽ മസീഹിന്റെ Revelation, Rationality, Knowledge & Truth എന്ന ഗ്രന്ഥം അറബിഭാഷയിൽ തർജ്ജ പ്രസിദ്ധീകൃതമായിട്ടുണ്ട്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്ന അഹ്മദിയ്യാ പ്രസ്സുകൾ, വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കപ്പെട്ട ജീവകാരുണ്യപ്രവർത്തനങ്ങൾ, എന്നിവയെക്കുറിച്ച് ഹുസൂർ വിശദീകരിച്ചു. 8 നാടുകളിൽ 373 വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

ദൃശ്യമാധ്യമ രംഗത്ത് ഒരു വഴിത്തിരിവ് സൃഷ്ടിച്ചുകൊണ്ട് എം.ടി.എ. മുഖേന സംജാതമായ ആത്മീയ വിപ്ലവത്തെക്കുറിച്ച് പല സംഭവങ്ങളുടെയും വെളിച്ചത്തിൽ ഹുസൂർ വിശദീകരിക്കുകയുണ്ടായി.

ഹസ്രത്ത് വാഗ്ദത്ത മസീഹി(അ)ന്റെ സത്യസാക്ഷ്യം സ്ഥാപിതമാകുന്ന ഈ വർഷത്തിലുണ്ടായ ധാരാളം സംഭവങ്ങൾ ഹുസൂർ വിവരിച്ചുകൊണ്ട് നമ്മുടെ വിശ്വാസത്തിന്നു ദാർഢ്യമേകുകയുണ്ടായി.

മൂന്നാം ദിവസം വൈകുന്നേരം കൂട്ട ബൈഅത്ത് നടന്നു. ഹുസൂറിന്റെ സമാപനപ്രഭാഷണത്തിനും കൂട്ടുപ്രാർത്ഥനക്കുംശേഷം ഈ ആത്മീയ സംഗമം അനുഗൃഹീതമായി പര്യവസാനിച്ചു.

**മുഹമ്മദ് ഉമർ**

*(36-ാം പേജിൽ നിന്ന് തുടർച്ച)*

നൽകുന്നവരെ ലോകം ഭ്രാന്തരാണെന്നു പഴിക്കുമായിരുന്നു. എന്നാൽ അവർ ലോകമേധാവികളായി എക്കാലവും വിഹരിക്കുമെന്നു ആരും ഇതിനർത്ഥമാക്കേണ്ട. ഈ ഉയർച്ചയെപ്പോലെയുള്ള ഒരു പതനവും ഭാവിയിൽ അവരെ സ്വാഗതം ചെയ്യാൻ കാത്തുനിൽക്കുകയാണ്. അതുസ്സംബന്ധിച്ച പ്രവചനങ്ങൾ അൽകഹ്ഫിലും മറ്റു സൂറത്തുകളിലും ധാരാളം ഉണ്ട്. മുസ്‌ലിം രാഷ്ട്രങ്ങൾ ഇന്ന് അവരെ ഭയന്നുകൊണ്ടു ജീവിക്കുകയാണ്. അവരുടെ നവോത്ഥാനമായിരുന്നു ദജ്ജാലിന്റെ പേരിൽ ഹദീസുകളിലും, യഅ്ജൂജ് മഅ്ജൂജ് പേരിൽ വിശുദ്ധ ഖുർആനിലും പറയപ്പെട്ടത്. ദജ്ജാലിനോട് യുദ്ധം ചെയ്തു വിജയിക്കാൻ മുസ്‌ലിംകൾക്ക് ഒറ്റക്ക് സാദ്ധ്യമല്ലെന്നും വാഗ്ദത്ത മഹദീ മസീഹിന്റെ കൂടെ നിന്നുകൊണ്ടു പ്രാർത്ഥിച്ചാൽ മാത്രമേ മുക്തി കിട്ടുകയുള്ളൂവെന്നുമാണ് തിരു അരുളപ്പാട്. ആ കാര്യം മുസ്‌ലിംലോകത്തിന് എപ്പോൾ മനസ്സിലാകുന്നുവോ അന്നു മുക്തിക്കുള്ള മാർഗ്ഗം അല്ലാഹു തുറന്നുതരും. ഇതിൽ പ്രതിപാദിക്കപ്പെട്ടത് ക്രിസ്തീയ ജനതയാണെന്ന് അവരുടെ പുണ്യവാളന്മാരുടെ (saits) പേരിൽ പള്ളി നിർമ്മിക്കുന്നതിനെപ്പറ്റിയുള്ള പരാമർശം തെളിയിക്കുന്നു. ***(തുടരും)***



*16. 7. 04 ൽ ശ്രീലങ്കയിലെ നിഗോംബൊയിൽ നടന്ന അഖില ശ്രീലങ്കാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യയുടെ ദേശീയ സമ്മേളനം മൗലവി മുഹമ്മദു ഉമർ സാഹിബ് എച്ച്. ഏ. (ഇൻചാർജ്ജ് മുബല്ലിഗ് , കേരള) ഉദ്ഘാടനം ചെയ്യുന്നു.*




*മെയ്മാസം 30-ാം തീയതി എറണാകുളം സോൺ 'വഖ്ഫെനൗ' സമ്മേളനം ഡോ. സല്ലാഹുദ്ദീൻ സാഹിബ് നിർവ്വഹിക്കുന്നു. മൗലവി നജീബ് ഖാൻ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, അബ്ദുക്കുഞ്ഞ് സാഹിബ് എന്നിവരേയും കാണാം.*

*(29-ാം പേജിൽ നിന്ന് തുടർച്ച)*

ളയാൻ ഏർപ്പാടുണ്ടാക്കി. എന്നാൽ ആരിയൂസ്, ഗ്രന്ഥം അലക്സാണ്ട്രിയയിൽ വെച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം രക്ഷപ്പെടുകയും ചെയ്തു. തന്റെ സഹോദരിയായ കോൺസ്റ്റെയിൻ രാജകുമാരിയെ സന്തോഷിപ്പിക്കാൻ കോൺസ്റ്റെന്റയിൻ ആരിയൂസ് വിശ്വാസത്തിന്റെ പേരിൽ കപടമായി പശ്ചാത്തപിച്ചു. ഔദ്യോഗികമായി അദ്ദേഹം ഒരു ആരിയൻ ബിഷപ്പിനാൽ ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഏ.ഡി. 337-ൽ അദ്ദേഹം ചരമമടഞ്ഞു. അദ്ദേഹത്തിന്റെ പിൻഗാമി, കോൺസ്റ്റന്റിഷ്യസ് ചക്രവർത്തി ആരിയൻ വിശ്വാസം കൈക്കൊണ്ടു.

അടുത്തിടയായി വത്തിക്കാൻ അതിന്റെ പുരാവസ്തു ശേഖരം തുറന്നിട്ടിരിക്കയാണ്. അതാണ് കുപ്രസിദ്ധമായ ഗലീലിയോ വിചാരണയിലേക്ക് വെളിച്ചം വീശിയത്. ബർണബാസ് സുവിശേഷത്തിന്റെ കാര്യത്തിലും വത്തിക്കാൻ എന്തുകൊണ്ട് ഇതേ നിലപാട് കൈക്കൊള്ളുന്നില്ല?

വാഷിംഗ്ടണിലെ കോൺഗ്രസ്സ് ലൈബ്രറിയിൽ നിന്ന് റാഗ്ഗിന്റെ പതിപ്പിൽ നിന്നും ഫോട്ടോകോപ്പിയായി എടുത്ത ബർണബാസിന്റെ സുവിശേഷം എന്റെ കയ്യിൽ ഉണ്ട്.

***അവലംബം : 'മുസ്‌ലിം ഹെറാൾഡ്'***

***വിവ : കെ.വി. ഹസ്സൻ കോയ***

■